# മലയാളരാജ്യം
## ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII | As. 2 | No. 317

5th June 1950

# ഈ ആഴ്ചയിലെ നക്ഷത്രഫലം

22-10-125 മുതൽ 28-10-125
5-6-1950 ,, 11-6-1950

തകഴി കെ. രാമവാര്യർ

അശ്വതി—വ്യക്തിസ്വാതന്ത്ര്യവും വിദ്വേഷവും ഭിന്നിപ്പിനിടയാക്കും: സന്താനങ്ങളുടെ അപഥസഞ്ചാരവും അധികവ്യയവും നിമിത്തം മനഃപീഡയുണ്ടാകും. ധനവിഷയമായി വിഷമം വർദ്ധിക്കും. ആദായമാർഗ്ഗങ്ങൾ ചിലതെല്ലാം കാണും. രക്തവാതങ്ങൾ കോപിക്കും.

ഭരണി—സൽകാര്യങ്ങൾ പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ടാകും. സതീർത്ഥ്യന്മാരുടെ മൈത്രീബന്ധം പുലർത്തും നിലയിൽകവിഞ്ഞ ഔദാര്യങ്ങൾ ചെയ്യും. ഗൃഹാവശ്യങ്ങൾക്ക് പണം നിർലോഭം ചെലവഴിക്കുവാൻ മടിയുണ്ടായിരിക്കയില്ല. മിഥ്യാപവാദങ്ങൾക്കിടയുണ്ട്. പ്രവർത്തനപുരോഗതിയുണ്ടാകും.

കാർത്തിക—സ്വാർത്ഥലാഭം മുൻനിർത്തി പ്രവർത്തിക്കയാൽ ശത്രുക്കൾ വളരും. മനഃക്ലേശം ഉണ്ടാക്കുന്ന സംഗതികൾ സംജാതമാകും. പ്രയത്നഫലം ആവശ്യത്തിനു പര്യാപ്തമല്ല. അപജയവും അപവാദവും ഉണ്ടായിരിക്കും. കുടുംബജനങ്ങളുമായി കലഹിക്കും.

രോഹിണി—പണത്തിന്റെ വൈഷമ്യത ഹൃദയവ്യഥയുണ്ടാക്കും. അനുചിതമല്ലാത്ത പ്രവൃത്തികളിലേർപ്പെട്ടു പ്രവർത്തനരംഗത്തു കുഴപ്പങ്ങൾ വരുത്തും. പനിയും കഫക്കോളുമുണ്ടാകും. കാര്യതടസ്സങ്ങളെ വിജയപൂർവം തരണംചെയ്യും. ഓരോകാര്യങ്ങൾക്കായി രക്ഷകർത്താക്കളെ അലട്ടിക്കൊണ്ടിരിക്കും.

മകയിരം—സ്നേഹിതർ സന്ദർഭാനുസരണം സഹായിക്കും. പ്രതീക്ഷപോലെ കാര്യങ്ങളിൽ പ്രയോജനം സിദ്ധിക്കും. വ്യവസായം വിപുലപ്പെടുകയും ലാഭം ലഭിക്കയുംചെയ്യും. വിദ്യാഭ്യാസവിഷയങ്ങളിൽ പരിഭ്രമത്തിനിടയുണ്ട്. ചില പ്രത്യേകവ്യക്തികളുടെ സഹായസഹകരണം നേടും.

തിരുവാതിര—ആവശ്യത്തിൽ കവിഞ്ഞ യാത്രകൾ വേണ്ടിവരികയാൽ പണവ്യയവും ക്ലേശവും ആരോഗ്യക്ഷയവും ഉണ്ടാകും. അപ്രതീക്ഷിതമായ കലഹങ്ങൾക്കിടവരും. പൊതുവെ നിരാശയും വിരക്തിയും ജനിക്കും. തൊഴിൽകാര്യത്തിൽ മനസ്സു പുകഞ്ഞുകൊണ്ടിരിക്കും

പുണർതം—വിദ്യാഭ്യാസകാര്യങ്ങളിൽ കുട്ടികളിടപ്പെട്ടുഴലും. ഭരണീയസംരക്ഷണം ഭംഗിയായി നടത്തും. ചില ക്രയവിക്രയങ്ങൾ ഒഴിച്ചുകൂടാതെവരും. കർമ്മങ്ങളിൽ അഭിവൃദ്ധിയും ആദായവും ലഭിക്കും. വായുക്ഷോഭത്തിനും അസ്വാസ്ഥ്യത്തിനുമിടയുണ്ട്. ഭാഗ്യപരമായ ഉൽകർഷം ലഭിക്കും.

പൂയം—സ്ഥാനചലനത്തിനും ദുരിതത്തിനുമിടയുണ്ടാകും. പ്രബലന്മാരുടെ പരിഭവത്തിനിടയാകും. കാര്യനഷ്ടവും വിഘ്നവും സംഭവിക്കും. ശാരീരികമായ പരുക്കുകൾക്കും ക്രിമിനൽപരമായ കാര്യങ്ങളിൽപെടാതെ സൂക്ഷിക്കണം. കളത്രാരിഷ്ടതയും വന്നുചേരും.

ആയില്യം—സ്വപ്രയത്നത്താൽ ആദായവും സന്തോഷവും സമ്പാദിക്കും. പ്രതീക്ഷപോലെയുള്ള പരിവർത്തനങ്ങൾ ഉണ്ടാകും. സന്താനങ്ങളുടെ അഭ്യുദയത്തിനായി പല ക്ലേശങ്ങളും വഹിക്കും. ഏതു കാര്യത്തിനും വ്യയം കൂടുതലായി വരുന്ന കാലമാണ്. പതനവും നീർവീഴ്ചയും ഉണ്ടാകും.

മകം—ആശ്രിതസംരക്ഷണത്തിന് അശ്രാന്തപരിശ്രമം ചെയ്യും. പൊതുജനപ്രീതിയാർജ്ജിക്കും. തെറ്റിദ്ധാരണ പരിഭ്രാന്തിയുളവാക്കും. സന്തോഷവാർത്തകൾക്കിടയാകും. കുടുംബജനങ്ങൾക്ക് അസുഖങ്ങൾ പിടിപെടും. പണത്തിനു ഞെരുക്കമുണ്ടെങ്കിലും കാര്യങ്ങൾ ഭംഗിയായി നടന്നുകൊള്ളും

പൂരം—ഒരു കാര്യവും സമാധാനത്തിൽ എത്തിച്ചേരുകയില്ല. ദിനചര്യകൾ പലതും മുടങ്ങും. വിരഹദുഃഖം ഉണ്ടാകും. പുതുമ എല്ലാത്തിലും ആശിക്കും. നവീനപ്രസ്ഥാനങ്ങളിൽ എത്തും. പൊതുവെ കാലം അനുകൂലമായി പരിണമിക്കും.

ഉത്രം—അല്പാല്പം പ്രതീക്ഷയില്ലാതിരുന്ന കാര്യങ്ങളിൽ സംതൃപ്തിയും വിജയവും ലഭിക്കും. അകാരണമായ വാക്കേറ്റങ്ങളും സ്വാതന്ത്ര്യപ്രവർത്തനവും ചിത്തശല്യത്തിനു കാരണമായിത്തീരും. ജലദോഷം പിടിപെടും.

അത്തം—സ്വാഭിലാഷത്തിനുവേണ്ടി ആരേയും പ്രീണിപ്പിക്കുവാൻ പല സാഹസവും ചെയ്തുകൊണ്ടിരിക്കും. കഴിവിൽകവിഞ്ഞ ചുമതലകൾ പിടിച്ചു തലയിൽവെയ്ക്കും. തൊഴിലുകൾ ഏതുവിധത്തിലായാലും അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കും.

ചിത്തിര—ആരോഗ്യക്കുറവും അനാസ്ഥയും പ്രവർത്തനശക്തിയെ ക്ഷീണിപ്പിക്കും. ഉദരപീഡയ്ക്കും ഭക്ഷണക്കുറവിനും ഇടയാകും. സ്വന്തആളുകൾ പെരുമാറ്റത്തെപ്പറ്റി അപലപിക്കും. ഉപകാരസ്മരണകുറയും. തകരാറുളവാക്കുന്നകൂട്ടർ തന്നെ സമീപിക്കും.

ചോതി—പ്രയോജനകരമായ പരിവർത്തനം ഉണ്ടാകും. പ്രത്യേകവ്യക്തികളെ സമീപിക്കുന്നതിനും സഹകരിക്കുന്നതിനുമിടവരും. പ്രവൃത്തിയിൽ വിജയവും പ്രശസ്തിയും സിദ്ധിക്കും. പാർശ്വവർത്തികളുടെ കുതന്ത്രങ്ങളിൽ പെടാതെ സൂക്ഷിക്കണം.

വിശാഖം—തൊഴിലുകളിൽ മിതമായലാഭം ഉണ്ടായിരിക്കും. മറിപ്പിലും തിരിപ്പിലുംകൂടി കാര്യങ്ങൾ നടന്നുകൊണ്ടിരിക്കും. പരിസരം പുഷ്ടിപ്പെടുത്തുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കും. അജീർണ്ണതപിടിപെടും. അധികൃതപെരുമാറ്റത്തിൽ അസംതൃപ്തിജനിക്കും.

അനിഴം—സഹായികളിൽനിന്നും സഹപ്രവർത്തകരിൽനിന്നും ക്ലേശത്തിനും നഷ്ടത്തിനുമിടയുണ്ട്. ശ്രമങ്ങൾ പ്രയോജനരഹിതമായിത്തീരും. ആത്മസുഹൃത്തുക്കളുടെ സഹകരണം കുഴപ്പങ്ങൾക്കു കുറച്ചു സമാധാനം നൽകും. സന്താനങ്ങളുടെ കാര്യത്തിൽ മനസ്സു വെമ്പൽകൊണ്ടിരിക്കും.

തൃക്കേട്ട—യാത്രയിൽ വിശ്രമംകുറയും. ഭക്ഷണസുഖത്തിനു ക്രമത്തിലധികം പണം ചെലവാക്കും. ഗ്രന്ഥപാരായണത്തിലും വിദ്യാഭ്യാസത്തിലും ശ്രദ്ധപതിയും. വിനോദകാര്യങ്ങളിൽ താല്പര്യം വളരും. ആശ്രിതന്മാരിൽനിന്നു ചില ചതിവുകൾ നേരിടും. വ്യാപാരങ്ങൾ ഭംഗിയായി നടക്കും.

മൂലം—പരിവർത്തനം സ്ഥാപിതതാല്പര്യത്തെ വളർത്തും. വിക്രമപരാക്രമംകൂടും. രൂക്ഷമായ വിമർശനങ്ങളിലേർപ്പെടും. ധനഭാഗ്യവും സ്ഥാനോന്നതിയും വന്നുകൊള്ളും. വിദ്യാഭ്യാസസ്ഥാപനത്തെ കൂടുതൽ സ്നേഹിക്കും. വ്യവസായപ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കും. സഹായികൾക്കു സന്താപത്തിനിടവരും. വാഹനത്തിൽനിന്നോ മറ്റുവിധത്തിലോ അപകടംകൂടാതെ സൂക്ഷിക്കണം.

പൂരാടം—സ്ത്രീവർഗ്ഗത്താൽ മനഃസുഖം കുറവായിരിക്കും. വിദ്യാഭ്യാസവിഷയത്തിനു പണം ചെലവാക്കും. ചിത്തശല്യം വിട്ടൊഴിയുകയില്ല. ഒരു ഇളക്കത്തിന്റെ പ്രതീതിയുണ്ടായിരിക്കും. ബിസിനസ്സുകളിൽ ആദായം വർദ്ധിച്ചുകൊണ്ടിരിക്കും.

ഉത്രാടം—തന്റെനില ഉറപ്പിക്കുന്നതിനും ആദായത്തിനുംവേണ്ടി നല്ലശ്രമം നടത്തിക്കൊണ്ടിരിക്കും. ഗൃഹത്തിൽ അസുഖത്തിനും അനർത്ഥത്തിനുമിടയുണ്ട്. പാർശ്വവർത്തികൾ ഭിന്നിക്കും. തന്റെ പ്രവൃത്തികളിൽ സംതൃപ്തികുറയും.

തിരുവോണം—അയുക്തങ്ങളായസാഹസവും ദുഷ്കാലങ്ങളിൽ വരാവുന്ന ചുമതലകളാൽ വരാവുന്നവിഷമതയും മനോപീഡയ്ക്കു കാരണമായി പരിണമിക്കും. പണത്തിന്റെ വിനിയമനം കുഴപ്പഹേതുകമാകും. സ്നേഹത്തോടും ഉപകാരസ്മരണയോടും വർത്തിക്കുന്നവർ അകലും.

അവിട്ടം—സ്വജന, സുഹൃത്തുക്കളുടെ സഹായത്തിനിടവരും കളത്രസൗഖ്യംകുറയും. എല്ലാകാര്യത്തിലും വക്രതകാട്ടും. അവിചാരിതവ്യയംവരും ആഹാരകാര്യത്തിൽ നിയന്ത്രണം വേണ്ടിയിരിക്കും.

ചതയം—അപവാദവും കാര്യങ്ങളിൽ തടസ്സവും മനസ്സൈ്വരക്കുറവും ഉണ്ടാകും. പണത്തിനുവിഷമവും കളത്രാരിഷ്ടതയും സംഭവിക്കും. വരവുനോക്കാതെ ചെലവുചെയ്യും. ശുഭാപ്തിവിശ്വാസം പലതുംതെറ്റും. ക്ഷതംവരാതെ സൂക്ഷിക്കണം.

പൂരുരുട്ടാതി—ഗൃഹസുഖംകുറയും ആശ്രിതർ അകലും. കളങ്കരഹിതമായ പ്രവൃത്തികളേയും തെറ്റിദ്ധരിപ്പിക്കും. വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധ ഏറ്റും. ചെലവുകൂടും. സമയം നല്ലതല്ല.

ഉത്രട്ടാതി—വ്യവസായഗുണം ഉണ്ടാകും ഗൃഹകാര്യങ്ങൾ വഹിപ്പാൻ വിഷമിക്കും ആശ്രിതരെ തൃപ്തിപ്പെടുത്തേണ്ടതായിവരും. ശരീരസുഖം കുറയും ചതിവുകൾപറ്റും.

രേവതി—പ്രതീക്ഷപോലെ വിജയമില്ല പണത്തിന്റെ അഭാവം ലാഭംകിട്ടേണ്ടമാർഗ്ഗങ്ങളേയും തടയും. വിളംബം നഷ്ടത്തിനിടവരുത്തും. വരവുണ്ടായാലും കടം വിട്ടുപിരിയുകയില്ല. അലസതയും അവസരസേവാപ്രാപ്തിക്കുറവും നിമിത്തം ലാഭങ്ങൾ മായുകയുംചെയ്യും.

—o—

# "സംഘടന"യെപ്പറ്റി

കൊട്ടപ്പുന്ന

മനുഷ്യന്റെ സംഘടനാബോധം പലപ്രകാരത്തിൽ "മോക്ഷ"സാധകമാണെങ്കിലും, "ശാപ"കാരണവുംകൂടിയാണ്. സംഘടനയുടെ ആവശ്യം നേരിടുന്നതുതന്നെ "ശാപ"ത്തിന്റെ ദുർഘടഘട്ടങ്ങളിലാണല്ലോ. അതിർകവിഞ്ഞുവരുന്ന ശിഥിലീകരണശക്തികളെ തടയുവാൻ സംഘടിക്കാതെതരമില്ലെന്നാവുന്ന ഘട്ടങ്ങൾ സുഖകരങ്ങളല്ലെന്നു വളരെ വ്യക്തമാണ്. ചലനവും, അതിൽനിന്നുളവാകുന്ന സമരസ്വഭാവവും മാനുഷികതാല്പര്യങ്ങളെ പകുത്തുപകുത്തുനിർത്തുവാൻ വെമ്പൽകൊള്ളുമ്പോൾ പരസ്പരം അറിയാതെ സംഘടിച്ചുപോകുന്നു. സംഘടനയുടെ പ്രാകൃതികമായ ആവിർഭാവം ഇങ്ങനെയാണ്. പക്ഷേ, അത്യധികം സംസ്കൃതപരിസരനായിത്തീരുന്ന മനുഷ്യന്റെ സംഘടനാപ്രവണത ഇതാവില്ല. ബോധപൂർവകം വ്യക്തവും, സ്പഷ്ടവുമായ ലക്ഷ്യത്തോടുകൂടി സംഘടിക്കുന്നു. അനുപദങ്ങളായ പരിപാടികളോടുകൂടി ഏറെക്കാലത്തോളം പാഞ്ഞെടുക്കുവാൻ ശ്രമിക്കുന്നു. ഇത്തരം സംഘടനകളുടെ പ്രത്യക്ഷവും, പരോക്ഷവുമായ പ്രേരണകളാണ് ഇന്നു മനുഷ്യസമുദായത്തിന് എന്തെങ്കിലും നേടാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതിന് അടിസ്ഥാനമായിഭവിച്ചിട്ടുള്ളത്. എന്നാൽ, ഇതിന് ഒരു മറുവശമുണ്ട്! പ്രസവവേദനകളുടേയും, രക്തച്ചൊരിച്ചിലുകളുടേയും ഉഗ്രദയനീയതകൊണ്ടു ദുർഭരമായൊരു മറുവശം!! ശുഭശകുനത്തെമാത്രം പ്രതീക്ഷിച്ചുപോകുന്ന സാമാന്യമനുഷ്യൻ അവിടം കാണുന്നില്ല. അഥവാ കണ്ടതായി ഭാവിക്കുന്നില്ല. എന്നാലും, പ്രകടവും പ്രസ്പഷ്ടവുമായ ആ ശ്മശാനഭൂമികകൾ മായാസൃഷ്ടികളാകുന്നില്ല. ആയിരമായിരം ചോദ്യങ്ങൾ നിശ്ശബ്ദരേഖയിൽ അവിടെനിന്നും ഉയർന്നുപൊങ്ങുന്നുണ്ട്, മനുഷ്യന്റെ മനുഷ്യത്വത്തിന്റെനേർക്ക്.

ചരിത്രത്തിന്റെ ദൃഷ്ടിയിൽ ആദ്യം സംഘടനാസംരംഭം ഉയിർക്കൊണ്ടതു റോമിലായിരുന്നത്രേ. അതു ശരിയെങ്കിൽ അതിന്റെ പിമ്പിൽ വമ്പിച്ചൊരുപരമാർത്ഥം മുഴച്ചുനില്ക്കുന്നുണ്ട്. മറ്റൊന്നുമല്ല, പ്രാചീനനാഗരികതകളുടേയും, സംസ്കാരങ്ങളുടേയും മൂലഭൂമിയായ ആ റോമാണ് സകലസാമ്രാജ്യാധികാരങ്ങളോടുംകൂടി ആദ്യമേ നാമാവശേഷമായിഭവിച്ചതു്. അവിടുത്തെ ജനങ്ങൾ സംഘടിച്ചതുകൊണ്ടാണ് ആ ദുരന്തമുണ്ടായതെന്നു പറയാവതല്ലെങ്കിലും, സംഘടിച്ചതിനാൽ ലോകകണ്ടകമായ ആ നാശത്തിൽനിന്നു മോചനംനേടാൻകഴിഞ്ഞില്ലെന്നു തീർത്തുപറയാം. പ്രത്യുത, സംഘടനയും, തജ്ജന്യങ്ങളായ അസംഖ്യം വിഷമപ്രശ്നങ്ങളും റോമസാമ്രാജ്യത്തിന്റെ പതനത്തിനു വേഗംകൂട്ടി എന്നുവിചാരിക്കുകയാണ് ഏറ്റവും യുക്തിസഹം.

ഇതുപോലെ നോക്കുന്നപക്ഷം പരിഷ്കാരവും, സംസ്കാരവും പുലർത്തിപ്പോന്ന പല രാജ്യങ്ങളും, സാമ്രാജ്യങ്ങളും അസ്തമിക്കാനുണ്ടായ ബാഹ്യകാരണങ്ങളിൽവച്ചു പ്രധാനം അവിടങ്ങളിലെ ജനത സംഘടിച്ചുനില്ക്കാൻതുടങ്ങി എന്നതാണെന്നു കാണാൻ പ്രയാസമില്ല. സുവിദിതമായ പുരാതനചൈന കൈമറിപ്പണമാകേണ്ടിവന്നതു് എന്തുകൊണ്ടാണ്? മുഖംമൂടിക്കെട്ടിയ ചരിത്രകാരന്മാർ എന്തുപറഞ്ഞാലും അവിടുത്തെ ജനങ്ങൾ എന്തിനോവേണ്ടി സംഘടിച്ചുനിന്നതിനാലാണെന്നവസ്തുത വ്യക്തമാണ്. അല്ലെങ്കിൽ വ്യക്തമാകേണ്ടതാണ്. പട്ടാപ്പകൽ വിളക്കുംകൊളുത്തിക്കൊണ്ട് "നല്ല മനുഷ്യനെ" കാണാൻപോയ ആ ലോകാചാര്യന്റെ നാട്ടു നശിക്കാൻ വേറെ കാരണം കാണാനിടയില്ല.

കലയ്ക്കും, ശാസ്ത്രത്തിനും, പെറ്റമ്മയും, പോറ്റമ്മയുമായ ഗ്രീസ് "ഏട്ടിലെ പശു"വായിത്തീർന്നതും മേല്പടി കാരണത്താലാണെന്നു ഞാൻ പറയും. ഈവകയൊക്കെ പരതിപ്പരതിനോക്കുന്ന മനുഷ്യന് ഒരു നിമിഷം സുഖം അവകാശപ്പെടാനില്ല. അഖണ്ഡഭാരതം അപ്പോൾ ഉടച്ചും, അസ്തമിച്ചുംകിടന്നതു് അങ്ങുമുതൽ ഇങ്ങുവരെയുള്ള ചരിത്രം വച്ചുനോക്കിയാൽ ഒറ്റവാക്കിൽ പറയാൻകാണുന്നതു് "സംഘടന" എന്നു മാത്രമാണ്. പാണ്ഡവകൗരവകാലംമുതൽക്കു ഗാന്ധി-ജിന്നാകാലംവരെ എടുത്തുകൊള്ളുക. എന്തെല്ലാം ദുരന്തങ്ങളാണു അടിഞ്ഞു് ഒത്തു കുന്നുകൂടിക്കിടക്കുന്നുവെന്നതിനു കയ്യും കണക്കുമുണ്ടോ?

അപ്പോൾ സംഘടന "മോക്ഷം" എന്നപോലെ "ശാപവും" ആണ്. അല്ലേ? മാർക്സിയൻ വീക്ഷണത്തിൽ ഇതൊരു തെറ്റായികാണാമെങ്കിലും, അതിനിടയ്ക്കും ശരിയുടെ ചില മിന്നിച്ചകൾ ദൃശ്യമാകുന്നു. സാമ്പത്തികമായ ഉല്പാദനോപാദാനങ്ങളെ അടിസ്ഥാനപ്പെടുത്തി മനുഷ്യചരിത്രത്തെ പഠിക്കുന്ന മാർക്സിസം വിരുദ്ധശക്തികളുടെ ചേരിതിരിയലുകളും ഒന്നിച്ചുനില്ക്കലുകളും കൊണ്ടു യുദ്ധങ്ങളും, നാശങ്ങളും, ഉദയങ്ങളും സംഭവിക്കുന്നു എന്ന സത്യാംശത്തെ നിഷേധിക്കുകയില്ല. അവിടമൊക്കെ സാമ്പത്തികമായ മൂലതത്ത്വവിൽ ഘടിതമായിട്ടേ മാർക്സിസം കാണുന്നുള്ളു. അതുകൊണ്ടെന്താ? ഞാൻ ഉന്നയിച്ചുവരുന്ന ആശയത്തിനു അതു പ്രതിബന്ധകമാവുകയില്ലല്ലോ. സോവിയറ്റ് റഷ്യയുടെ ചരിത്രത്തിൽക്കൂടി സംഘടനാസൃഷ്ടങ്ങളായ വിപത്തുകൾ കണ്ടെത്തുവാൻ അത്രഏറെ ആയാസപ്പെടേണ്ടതില്ല. വ്യക്തിയേയും, കുടുംബത്തേയും, ലോകത്തേയും ആ തോതു ഉപയോഗിച്ചു അളന്നു കുറിക്കുമ്പോൾ സാറിസ്റ്റ് റഷ്യ സോവിയറ്റ് റഷ്യയായി തീരാൻ തുടങ്ങപ്പെട്ട ആ അന്തരാളഘട്ടം മനുഷ്യരാശിയുടെ വിപൽസന്ധി ആയിരുന്നു എന്നുറപ്പിക്കാം.

അഖണ്ഡഭാരതത്തിനുവേണ്ടി—അങ്ങനെ രാഷ്ട്രീയകൈവല്യത്തിനുവേണ്ടി— ഭാരതീയരെ ഒന്നടങ്കം ഉൾക്കൊണ്ടെന്നു 'ഇൻഡ്യൻ നാഷ്യ


## ആവശ്യമുണ്ട്

പുതിയ ഡിസൈനിലുള്ള യൂ. എസ്. എ. ഫൗണ്ടൻപേനകളുടെ വില്പനയ്ക്കായി കമ്മീഷൻ വ്യവസ്ഥയിലോ, 300രൂപ മുതൽ 700 രൂപ വരെയുള്ള ശമ്പളവ്യവസ്ഥയിലോ ഏജൻറന്മാരെ ആവശ്യമുണ്ട്. സാമ്പിളിനും സൗജന്യ ഏജൻസിവ്യവസ്ഥകൾക്കും എഴുതുക. എഴുത്തുകുത്തു ഇംഗ്ലീഷിൽമാത്രം.

Imperial Trading Co. (M. R. Q.)
Saader Bazaar, DELHI.








## ഒന്നാന്തരം റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ
മിതമായ നിരക്കിലും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ ഇടവം ൨൨-ാംനു തിങ്കളാഴ്ച 5th June 1950. | ലക്കം ൩൧


# *ആസ്ഥാനമഹാകവിയുടെ ഉൽഘാടനപ്രസംഗം

മലനാട്ടിന്റെ മഹത്തായ ചരിത്രത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമുള്ള കോഴിക്കോട്ടുനഗരത്തിന് ഒരഭൂതപൂർവമായസുദിനമാണ്, ൧൧൨൫ മേടം ൩൧-ാംതീയതി. ഇന്നാണല്ലോ,



ഒരു റേഡിയോയന്ത്രം കൈവരണമെന്ന സുചിരാഭിലാഷം ഇതിനു നിറവേറിയത്.

'എനിക്ക് ഒരു റേഡിയോ, എനിക്ക് ഒരു റേഡിയോ' എന്നിങ്ങനെ നിലവിളിച്ചു നിലവിളിച്ചു കോഴിക്കോടിന് ഒച്ചയടഞ്ഞു തുടങ്ങിയിരിക്കുന്നു; ഈ ഒച്ചയടപ്പ് ഏറെ വർദ്ധിക്കുന്നതിനുമുമ്പ്, ഒരു ശബ്ദഗ്രാഹിയന്ത്രം ലഭിച്ചത് ഒരു ചെറിയ ഭാഗ്യമല്ല. ഇത് നൽകിയ ഇൻഡ്യാഗവൺമെൻറിനോടു നാം നന്ദി പറയുക.

എനിയ്ക്കാകട്ടെ, ഇതിന്റെ ചാരതലക്കാരിൽ വാചാമഗോചരമായ കൃതജ്ഞതയുണ്ട്. ഈ ശബ്ദപ്രക്ഷേപണകേന്ദ്രം തുറക്കലാകുന്ന മഹോത്സവത്തിൽ, നാല്പതോളം കൊല്ലമായി നിശ്ശബ്ദലോകത്തിൽ ജീവിക്കുന്ന എന്നെയും സംബന്ധിപ്പിയ്ക്കാൻ ഇവർ ദയചെയ്തുവല്ലോ?

ഒരു പഴഞ്ചനലങ്കാരത്തിൽ പറകയാണെങ്കിൽ, ശ്രീ: ദിവാകരന്റെ കരപ്രസാരണത്താൽ വികസിപ്പിയ്ക്കപ്പെട്ട ഒരു താമരപ്പൂവാണ്, ഈ റേഡിയോ; പ്രിയപ്പെട്ട കവിശ്രേഷ്ഠരേ, നിങ്ങളുടെ മധുരമായ വചനനിർഗ്ഗമം ഇതിന്റെ അടിയിൽ തേനറവുകളെ ഉൽപാദിപ്പിയ്ക്കട്ടെ! അവ നുകർന്നുകൊണ്ടു വിദേശീയഭ്രമരങ്ങളും മത്തടിക്കുമാറാകട്ടെ.

പ്രകൃതിയാൽ പ്രകർഷേണ അനുഗ്രഹിക്കപ്പെട്ട കേരളമേ. നിനക്കു നിന്റെ അന്യാദൃശങ്ങളായ സംസ്കാരങ്ങളെ പ്രത്യുദ്ധരിപ്പാനും പോഷിപ്പിയ്ക്കാനും ഒരൊന്നാന്തരം വഴിയാണ്, ഇന്നു തുറന്നു കിട്ടിയിരിക്കുന്നത്. നോക്കുക, നിന്റെ ഗംഭീരസമുദ്രം ആഹ്ലാദത്താൽ നൃത്തംചവുട്ടുന്നത്!

കവിമുഖ്യരേ, നിങ്ങളുടെ സമ്മേളനത്തെ ഉദ്ഘാടനം ചെയ്യുകഎന്ന ഗൌരവമേറിയ കൃത്യത്തെ ഇതാ ഞാൻ എന്റെ വിറക്കുന്ന കിഴട്ടുകൈകൊണ്ട് യഥാകഥഞ്ചിൽ നിർവഹിച്ചുകൊള്ളുന്നു.

സദസ്യർക്കെല്ലാം വീണ്ടും അഭിവാദ്യം!

* ൧൧൨൫ മേയ്മാസം ൧൪-ംനു കോഴിക്കോട്ട് റേഡിയോകേന്ദ്രം തുറക്കപ്പെട്ടതിനുശേഷം കവി സമ്മേളനത്തെ വള്ളത്തോൾ ഉദ്ഘാടനം ചെയ്യുന്നു. (റേഡിയോവിൽ സംസാരിച്ചത്.)

---

ണൽ കോൺഗ്രസ്സ് സുസംഘടിതമായി മുന്നോട്ടു നീങ്ങിയ വഴിത്താരകൾ ഒടുവിൽ വിഘടിതമായി—ഒരു പാകിസ്ഥാനമായി മാറിയതു നാം ഒരുനാളും മറക്കാത്ത സാഹസികസത്യമാണ്. സംഘടനയുടെ സർവതോമുഖമായ ഒരു ബൃഹദംക്ഷേപമായി മാത്രമേ ഹിന്ദുസ്ഥാനത്തെയും, പാകിസ്ഥാനത്തെയും, പരിഗണിക്കാനാവൂ. ഇത്രയുമിത്രയും തെളിവുകളുടെ വെട്ടത്തിൽ പിന്നോട്ടുനോക്കുന്ന മനുഷ്യൻ മൂകമൂകം പറഞ്ഞുപോകും:– പരിഷ്കൃതാർത്ഥത്തിലുള്ള സംഘടനയേക്കാൾ അഭികാമ്യം അപരിഷ്കൃതമായ ആദിമവിഘടിതത്വവും, തദനുസാരിയായ ജീവിതവുമാണെന്നു. രാഷ്ട്രീയപ്രമാണങ്ങൾകൊണ്ടും, നിയമനിർമ്മാണങ്ങൾകൊണ്ടും, ആ മനുഷ്യനെ ആട്ടിപ്പായിക്കാൻ സാധിക്കുമെങ്കിലും, തദന്തർഹിതമായ ഉദ്ദേശം വിലകൊടുത്തു വാങ്ങിയേ മതിയാവൂ.

ഇൻഡ്യൻ നാഷ്യണൽ കോൺഗ്രസ്സിനെ തല്ലിത്തകർത്തു അതിന്റെ വേണ്ടുന്ന ഘടകങ്ങളെടുത്തു വേണ്ടവണ്ണം "സർവോദയസംഘം" മന്നഞ്ഞുണ്ടാക്കേണ്ട കാലം വൈകിയിരിക്കുന്നു എന്ന മഹാത്മജിയുടെ അന്തിമാഭിലാഷം എത്ര മഹത്തമമായിരുന്നു എന്ന് ഇനി ഓർത്തുനോക്കൂ. ഗാന്ധിസം ലോകസമാധാനത്തിനു പറ്റിയതോ അല്ലയോ എന്നു ചിന്തിക്കുന്നതിനുമുമ്പേ ആ മഹാസന്ദേശത്തിന്റെ ദീർഘദൃഷ്ടിക്ഷമത സ്വീകരിക്കപ്പെടേണ്ടതുതന്നെ. സംഘടനയെ സംഘടനയായി നിലനിർത്തിക്കൂടാ. വേണമെങ്കിൽ അതു ലോക സംഘടനയായി വിശങ്കടമാവേണ്ടിയിരിക്കുന്നു, എന്നു കാലേക്കൂട്ടിക്കണ്ട ഗാന്ധിജി സംഘടനാജന്യമായ ദൃഷ്ടാന്തങ്ങളെ ലോകസമക്ഷം തുറന്നു കാട്ടുകയല്ലാതെ മറ്റൊന്നുമായിരുന്നില്ല ചെയ്തത്.

പക്ഷേ, ഗാന്ധിജിയുടെ അഭിലാഷം അവശ്യംഭാവിയാണെങ്കിലും അതങ്ങനെ ഭവിക്കാൻ പോകുന്നില്ല. അതാണു പരമാർത്ഥം. കാരണം, സാമ്പത്തികശാസ്ത്രത്തിനു ജനകീയത നൽകാത്തിടത്തോളംകാലം ഒരു വേദാന്തവും നടപ്പാവുകയില്ലതന്നെ. ഭൂമുഖത്തുള്ള ഏതു വൻകിട വിഷമപ്രശ്നവും, സാമ്പത്തികാധിഷ്ഠിതമെന്ന അസന്ദിഗ്ദ്ധം തെളിഞ്ഞിരിക്കെ, ആദർശമാത്രകൾകൊണ്ടു പരിഹാരം നേടാമെന്നു വിചാരിക്കുക മൌഢ്യമല്ലെങ്കിൽ പിന്നെ മറ്റൊന്നുമില്ല. നില്ക്കട്ടെ.

ആകെക്കൂടി പ്രാദേശികങ്ങളോ, സാർവദേശികങ്ങളോ ആയ സമസ്തസംഘടനകളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വിപത്കരങ്ങളെന്നു കണ്ടുകഴിഞ്ഞു. എന്താണു ഇതിന്റെ അർത്ഥം? ബുദ്ധിയും, സംസ്കാരവും സമ്പാദിച്ച മനുഷ്യൻ സംഘടിക്കുന്നതു നാശഹേതുകമെന്നോ? അതേ—നാശഹേതുകം തന്നെ. അഥവാ പൂർവാപരങ്ങളായ അനുഭവങ്ങൾ അത്തരമൊരു തീരുമാനത്തിലെത്താനേ ഉതവി നൽകുന്നുള്ളൂ.

തിരു-കൊച്ചിയിലെ അവസ്ഥ നോക്കുക. എത്രയെത്ര സംഘടനകൾ നെട്ടുകയും കുറുകയും, മനുഷ്യനു സ്വർഗ്ഗലോകം വാഗ്ദാനംചെയ്തുകൊണ്ടു പ്രവർത്തിക്കുന്നു. എന്നാൽ, ഈ സംഘടനകൾക്കു അവ പാലിക്കുവാൻസാധിക്കുമോ എന്ന കാര്യം വിവാദവിഷയമാകാതെക്കൂടി പൂർവാനുഭവങ്ങൾവഴി സ്വയം തീർപ്പു കല്പിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ പിന്നെ അവയുടെ ചുവടുപിടിച്ചു നടന്നേതീരൂ എന്നുണ്ടോ?

മനുഷ്യതയുടെ താല്പര്യങ്ങൾക്കു വൈവിധ്യവും, വിഭിന്നതയും ഉള്ളനിലയ്ക്കു അവയെ ഒരു "ചട്ട"ത്തിനകത്തു ഭദ്രമായി ഒതുക്കിനിർത്തിക്കൊണ്ടുപോവുക സാധ്യമല്ല. സാധിച്ചാലും അല്പം അതിനു ചിരസ്ഥായിത ഉണ്ടായിരിക്കയില്ല. സംഘടനാപ്രസ്ഥാനത്തിന്റെ ആപൽബീജങ്ങളുടെ ഉത്ഭവത്തെ അനുഗ്രഥിച്ചാൽ കാണാവുന്ന ശാസ്ത്രീയാംശം ഇതാണ്. പ്രാചീനസംഘടനകളിൽ ഇതു അത്രമാത്രം തെളിഞ്ഞിരുന്നില്ലെങ്കിൽ അർവാചീനങ്ങളായ നാഗരികസംഘടനകളിൽ വളരെയധികം തെളിഞ്ഞു വളർന്നിരിക്കുന്നു എന്നേ വ്യത്യാസമുള്ളൂ. ഈ വളർച്ചയെ അധികരിച്ചു സംഘടനകളെ ക്രമീകരിച്ചു സർവസംതൃപ്തികരമാക്കി എടുക്കാൻ എത്രയ്ക്കു ശ്രമിക്കുന്നുവോ അതു അത്രയ്ക്കു ദുസ്സാധമായി അകലുകയേ ഉള്ളുതാനും. അല്ലെങ്കിൽ നമ്മുടെ വാസനകളേയും, താല്പര്യങ്ങളേയും, സാമ്പത്തികമായ സമതലത്തിലെത്തിച്ചു അവിടെനിന്നു സമഗ്രാർത്ഥത്തിൽ സമഗ്രസംഘടന ഉയിർക്കൊണ്ടുവരേണ്ടിയിരിക്കുന്നു. അങ്ങനെ വന്നേ മതിയാവൂ. ചരിത്രാരംഭംതൊട്ടുള്ള സംഘടനകളിലെല്ലാം ഈ അവശ്യഘടകം ഇല്ലാതിരുന്നതിനാലാണ് അവ മനുഷ്യനാശകമായി പരിണമിക്കാനിടയായതും. ചുരുക്കിപ്പറഞ്ഞാൽ, സംഘടന സംഘടനയ്ക്കുവേണ്ടിയല്ലാതെ മനുഷ്യനുവേണ്ടിയായിരുന്നില്ല എന്നർത്ഥം.

ഇന്നാകട്ടെ—മതങ്ങൾ സംഘടിക്കുന്നു, സമുദായങ്ങൾ സംഘടിക്കുന്നു; എന്നുവേണ്ട, എല്ലാമെല്ലാം സംഘടിക്കുന്നു. ഇവ മനുഷ്യനുവേണ്ടിയാണോ സംഘടിക്കപ്പെടുന്നതു എന്ന സംഗതി ചിന്താവിഷയമാകേണ്ടതാണ്. മതങ്ങളെയും, സമുദായങ്ങളേയും, നിലനിർത്തുവാൻ സംഘടിക്കാതെ, മനുഷ്യനേയും, മനുഷ്യാവകാശങ്ങളേയും നിലനിർത്തുവാൻ സംഘടിക്കുന്നു എങ്കിലേ അവ "മോക്ഷ സാധകമാകാനിടയുള്ളൂ. അല്ലാത്തപക്ഷം, സാർവത്രികമായ അരാജകത്വം മനുഷ്യനെ ഗ്രസിക്കുകയാവും ഫലം. നമ്മുടെ സംഘാടകന്മാരുടെ ആലോചനാസമക്ഷം ഈ വിഷയം ഒരു ചിന്താകേന്ദ്രമാകേണ്ടിയിരിക്കുന്നു.

സംഘടനയുടെ ശാശ്വതമായപ്രയോജനം സ്വാതന്ത്ര്യസമ്പാദനമാണ്; അതും ഇന്നു വിപുലാർത്ഥത്തിൽ സാമ്പത്തികസ്വാതന്ത്ര്യംകൂടാതെ മറ്റൊരു സ്വാതന്ത്ര്യവും നിലനില്ക്കുകയുമില്ല. സമുദായസ്വാതന്ത്ര്യവും, മതസ്വാതന്ത്ര്യവും ഇന്നു സാമ്പത്തികസ്വാതന്ത്ര്യസാധകമായി തീരുമെങ്കിലേ അവ മനുഷ്യനു അവകാശപ്പെട്ടതാകയുമുള്ളൂ. കോൺഗ്രസ്സിന്റെയും മററും സംഘടനാസ്വാധീനത ജനസാമാന്യത്തിൽനിന്നു എത്ര നേടി എന്നതു തികഞ്ഞ ദൃഷ്ടാന്തമാണ്. സാമ്പത്തികസ്വാതന്ത്ര്യം എന്ന ലക്ഷ്യത്തെ വിസ്മരിക്കുന്നതോടൊപ്പം അതു ജനഹൃദയങ്ങളെ വിട്ടകന്നുകൊണ്ടിരിക്കുകയാണ്. ഇപ്രകാരം കോൺഗ്രസ്സിന്റെ സ്ഥിതി ഹിന്ദുസ്ഥാനികൾക്കു അധികം സ്വാഗതാർഹമല്ലാതെപോകുന്നു.

ഹിന്ദുസ്ഥാനം മാത്രമല്ല, സകല"സ്ഥാന"ങ്ങളും, ഈദൃശനയവൈകല്യങ്ങൾക്കു വിധേയമായിവരികയാണ്. അങ്ങനെ അങ്ങനെ ലോകം രണ്ടുചേരിയിൽ കൈനില കെട്ടി ഒരുങ്ങുന്ന ചിത്രം പരമദയനീയമാംവണ്ണം നാം കാണുന്നു. ഇതിന്റെ അനന്തരഫലം പഴയ റോമിന്റെയോ, ചൈനയുടെയോ, ഗ്രീസിന്റെയോ ആയിത്തീരാതിരിക്കുമെങ്കിൽ മനുഷ്യവർഗ്ഗത്തിനു സമാധാനിക്കാം. അല്ലെങ്കിലോ—? അതാണ് ഇന്നത്തെ വലിയ "പ്രശ്നം".

—:*:—

# ഗ്രന്ഥവിഹാരം

## സൂര്യസിദ്ധാന്തം

—*—

വ്യാഖ്യാതാ
ജ്യൌതിഷപണ്ഡിതർ
പി. എസ്സ്. പുരുഷോത്തമൻനമ്പൂതിരി
(ഗണിതവിദ്യാമണി)

പ്രസാധകൻ
എസ്സ്. ശങ്കരനാരായണപിള്ള
എസ്സ്. എൻ. വി. പ്രസ്സ്,
ചാല, തിരുവനന്തപുരം.
വില രൂപാ ൩.

അസൌ ആദിത്യോബ്രഹ്മ എന്നു സൂര്യനെ ശ്രുതികളിൽ സങ്കല്പിക്കപ്പെട്ടിരിക്കുന്നു. ആ തേജോഗോളത്തെ ഉപാസനചെയ്തു അനുഗ്രഹസിദ്ധിനേടിയ സംഭവങ്ങൾ ഐതിഹാസിക പ്രസിദ്ധങ്ങളുമാണ്. മയൂരകവിയുടെ സുപ്രസിദ്ധമായ സൂര്യശതകം ഇതിഹാസവൃത്തത്തെ ഭേദിച്ചു ലൌകികകാലഘട്ടത്തിലേക്കും കടന്നുനില്ക്കുന്നുണ്ട്. ഇങ്ങനെ ശ്രൌതവും ആർഷവും ലൌകികവുമായ കാലപരിമാണങ്ങൾക്കെല്ലാം അതീതമായ അക്ഷയഭാസ്സത്രേ ഭാസ്കരൻ. ഈ ഖചരനായും ദേവനായും ആചാര്യനായും ആ മഹസ്സിനെ ആരാധിക്കാതിരുന്നിട്ടില്ല. വേദസ്വരൂപനായ സൂര്യഭഗവാനെ തപസ്സുകൊണ്ടു സംപ്രീണനാക്കി ആ ചൈതന്യരഹസ്യത്തെ ആവിഷ്കരിച്ചിരിക്കയാകുന്നു ഈ സൂര്യസിദ്ധാന്തം. ഭാരതീയശാസ്ത്രങ്ങൾക്കെല്ലാം ഇങ്ങനെ ഒരു ഈശ്വരാംശം കലർത്തി നിറംപിടിപ്പിക്ക പതിവുള്ളതിനാൽ അത്തരം ഒരു പൊടിക്കൈയാണ ഇതിലും പ്രയോഗിച്ചിരിക്കുന്നതെന്നു ചിലരെങ്കിലും സംശയിച്ചേക്കാം. എന്നാൽ പ്രകൃതഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം ആ ഉത്സർഗ്ഗത്തിനു അടിയുറച്ചുനില്ക്കാൻ സാധിക്കയില്ല. അത്രമാത്രം ദുരവഗാഹമായ ശാസ്ത്രീയരഹസ്യങ്ങളാണ് ഇതിൽ ക്രോഡീകരിച്ചിട്ടുള്ളതു്.

വേദാംഗമായ ജ്യൌതിഷം അക്കാലാദി വെളിവൊക്കെഗ്രഹിക്കുമൊരുകണ്ണായിട്ടാണല്ലോ നിരൂപിക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യനേത്രങ്ങൾക്കെന്നോണം, കാലാതിപാതം നിമിത്തം ഈ ശാസ്ത്രാലോചനത്തിനും വെള്ളെഴുത്തുകൊണ്ടുള്ള സൂക്ഷ്മതക്കുറവു സംഭവിച്ചുകൂടെന്നില്ല. ഈ സൂക്ഷ്മതക്കുറവിനെ പാശ്ചാത്യക്കണ്ണട ഉപയോഗിച്ചും വിദഗ്ദ്ധമായ പരീക്ഷണങ്ങൾ പ്രയോഗിച്ചും ഭേദപ്പെടുത്തുന്നതിനു കാര്യമായശ്രമം ഇപ്പോൾ നടന്നുവരുന്നുണ്ട്. വൈദ്യം, തച്ചുശാസ്ത്രം, ജ്യൌതിഷം തുടങ്ങിയ ശാസ്ത്രപദ്ധതികളിലെല്ലാം അതിപ്രശസ്തമായ പ്രതിഭാപ്രവർത്തനം നടത്തി പ്രത്യേകതനേടിയിട്ടുള്ളതാണ കേരളം. കേരളത്തിന്റെ സ്വന്തം വ്യക്തിമുദ്ര ഇവയിലെല്ലാം പതിഞ്ഞിട്ടുണ്ടെന്നു നമുക്കു ധാരാളം അഭിമാനിക്കാം. ഈ പ്രതിസന്ധിഘട്ടത്തിലും കേരളത്തിനു സ്വപ്രാഭവത്തെ പ്രദർശിപ്പിക്കുന്നതിനു ഭാഗ്യവും അവസരവും ലഭിച്ചിരിക്കുന്നു.

ബ്രഹ്മശ്രീ പുലിയൂർ എസ്. പുരുഷോത്തമൻ നമ്പൂതിരി കേരളീയജ്യോതിഷത്തിനെ സമുദ്ധരിക്കുന്നതിനു ചെയ്തുവരുന്ന മഹത്ശ്രമങ്ങൾ സുവിദിതമാണ്. ആ ഗവേഷണാഗ്രണിയുടെ ധിഷണാവൈഭവം അന്യാദൃശമായ ത്യാഗസന്നദ്ധതയോടുകൂടി സമ്മേളിച്ചു മാർഗ്ഗഭ്രംശം നേരിട്ടുകൊണ്ടിരുന്ന ഗണിതപദ്ധതിയെ ഒരു നിർണ്ണയകലക്ഷ്യത്തിലെത്തിച്ചേർത്തുവെന്നുള്ളതു കേരളം അഭിമാനത്തോടുകൂടി അനുസ്മരിക്കുന്നതന്നെവേണം.

സിദ്ധാന്തം, തന്ത്രം, കരണം, എന്നു ത്രൈവിധ്യങ്ങളോടുകൂടിയ ഗണിതശാസ്ത്രങ്ങളിൽ കരണപ്രവീണമായ പദ്ധതിയാണ് സാധാരണ അംഗീകരിച്ചു കാണാറുള്ളതു്. നമ്മുടെ ഇടയിൽ കരണപദ്ധതിതന്നെ സൂക്ഷ്മനിപുണമായി അഭ്യസിച്ചിട്ടുള്ളവർ ചുരുങ്ങും. സിദ്ധാന്തകക്ഷ്യയിലേക്കു കടന്നുപോകത്തക്കവിധം ഗണിതബോധത്തെ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളവർ അതിദുർല്ലഭമെന്നേ പറയാവൂ. സൌരവാസിഷ്ഠരോമശ പൌലിശ ബ്രാഹ്മം, എന്നീ ക്രമത്തിലുള്ള സിദ്ധാന്തഗ്രന്ഥങ്ങളിലെ ദുർദ്ധർഷവും ദുരധിഗമവുമായ സാങ്കേതികപദജടിലതയും അർത്ഥബാഹുലതയും ഗുരൂപദേശമാർഗ്ഗേണ ഗ്രഹിക്കേണ്ടതായ ക്രിയാപദ്ധതിയും ദുഷ്കരമായ പ്രാകാരപ്രകാരംതന്നെ സൃഷ്ടിച്ചു കഴിഞ്ഞിട്ടുണ്ട്. സിദ്ധാന്തഗ്രന്ഥങ്ങളിൽ പ്രഥമപ്രമാണമായി പ്രകീർത്തിച്ചു പോരുന്നതാണ സൂര്യസിദ്ധാന്തം. ദുർഗ്രഹമായ ഈ ശാസ്ത്രഗ്രന്ഥത്തിനു വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ടെന്നു മുഖവുരയിൽ കാണുന്നതല്ലാതെ അവകളുമായി പരിചപ്പെടുവാൻ സംഗതിവന്നിട്ടില്ല. നമുക്കു ലഭിച്ചിരിക്കുന്നസിദ്ധാന്തബോധിനീവ്യാഖ്യാന വ്യാഖ്യാതാവിന്റെ വിപുലമായ ഗ്രന്ഥപരിചയത്തിന്റെയും വ്യുല്പത്തി ദാർഢ്യത്തിന്റെയും ജ്യോതിഷാഭ്യാസസിദ്ധിയുടെയും പ്രതിനിധീകരണമാണെന്നു പ്രതിഷേധഭയം കൂടാതെതന്നെ പ്രസ്താവിക്കാം. പൊതുജനപ്രോത്സാഹനമല്ലാതെ അധികൃതന്മാരുടെ ദൃഷ്ടി പതിഞ്ഞിട്ടില്ലാത്ത ഒരു മാർഗ്ഗത്തിലേക്കു ആയുശ്ശേഷം വിനിയോഗിച്ചുകൊണ്ടിരിക്കുന്ന ഈ ബ്രഹ്മവിത്തമന്റെ ത്യാഗചര്യകൾ സാമാന്യലോകം ശരിക്കു മനസ്സിലാക്കിയിരിക്കയില്ല. ശാസ്ത്രത്തിനു അങ്ങനെ ഒരു സാമാന്യസ്വഭാവം നമ്മുടെ ഇടയിൽ വന്നുകഴിഞ്ഞിട്ടുമില്ല. ആ ഒരു നില സമ്പ്രാപ്തമാകുംവരെ ശാസ്ത്രീയ ഗവേഷകന്മാരെ പരിഷത്തുകളും സർക്കാരുകളും തന്നെയാണ പരിപോഷിപ്പിക്കേണ്ടതു്. ശ്രീ: നമ്പൂതിരി അത്തരം ഒരു പ്രോത്സാഹനത്തിനു എന്നേ അർഹനായിക്കഴിഞ്ഞിരിക്കുന്നു.

—o—

## പ്രശ്നാദർശം

—o—

ജ്യോത്സ്യൻ പുലിയൂർ,
പി. എസ്സ്. പുരുഷോത്തമൻനമ്പൂതിരി
പബ്ലിഷേഴ്സ്
ധർമ്മദേശംപ്രസ്സ് തിരുവനന്തപുരം.
വി. രൂ ൧. അ. ൮

പ്രശ്നാദർശം, എന്ന ഈ പ്രകൃതഗ്രന്ഥം ജ്യോതിശ്ശാസ്ത്രത്തിൽ ഫലജ്യോതിഷം എന്ന വിഭാഗത്തിൽപെടുന്നു. ആ നിലയിൽ ജ്യോത്സ്യന്മാർക്കും സാമാന്യജനങ്ങൾക്കും ഒന്നുപോലെ ഉപകാരപ്പെടുന്ന ഒരു സമാഹാരമായി പ്രശ്നാദർശത്തെ പരിഗണിക്കാം. ജ്യോതിഷത്തിൽ ഫലഭാഗത്തെ സംബന്ധിച്ചിടത്തോളമാണ അതിലെ അപകടമേഖല. ഗണിതഭാഗമാണെങ്കിൽ അതിനു ശാസ്ത്രീയസ്വഭാവം നല്ലപോലെയുണ്ട്. ഗ്രഹണസംക്രമണാദിഗോളസംഭവങ്ങളെ ലക്ഷ്യലക്ഷണമാക്കി ജ്യോതിശ്ശാസ്ത്രം ഇന്നും വിജയിച്ചുവരികതന്നെ ചെയ്യുന്നു. എന്നാൽ ഫലഭാഗത്തെസംബന്ധിച്ചിടത്തോളം അതിനു ഒരു ശാസ്ത്രമെന്നനിലയിൽ അഭിമാനിക്കത്തക്ക നിർണ്ണയകസ്ഥിതി ഉണ്ടെന്നു ഉറച്ചുപറയാൻ സാധിക്കാതാണിരിക്കുന്നതു്.

ബ്രഹ്മശ്രീ പുലിയൂർ, ഇതു ശാസ്ത്രത്തിന്റെ ന്യൂനതയല്ലെന്നും ശാസ്ത്രപ്രയോക്താക്കളുടെ നൈപുണ്യക്കുറവുകൊണ്ടാണെന്നും സമർത്ഥിക്കുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ അച്ചട്ടായഫലം കാണിച്ചു നമ്മെ വിസ്മയഭരിതരാക്കാൻ കഴിവുള്ള നഷ്ടജാതകക്രിയ മുഷ്ടിപ്രശ്നം തുടങ്ങിയ വിഭാഗങ്ങൾ വെറും ഗ്രന്ഥമുഖാഭ്യാസംകൊണ്ടുമാത്രം കൈവരുന്നതല്ല. അവ സംബന്ധിച്ച പല രഹസ്യതത്വങ്ങളും ഉപദേശവഴിക്കു ഗ്രഹിക്കേണ്ടതായുണ്ട്. ശ്രുതിവിഷയഗുരുമായ ആ ദിവ്യരഹസ്യങ്ങൾ കാലാതിപാതംനിമിത്തം നശിച്ചുപോകയാണെന്നുള്ളതു് വ്യഥാഹേതുകമായ വാസ്തവമാണ്. എന്തായാലും കേരളത്തിൽ പ്രചാരത്തിൽ വർത്തിക്കുന്നതും പലരുടെയും വിശ്വാസാദരങ്ങളെ ആർജ്ജിച്ചുകൊണ്ടിരിക്കുന്നതും ഇതേവരെ ഗ്രന്ഥരൂപത്തിൽ വന്നിട്ടില്ലാത്തതുമായ പല പ്രശ്നസമ്പ്രദായങ്ങളും പ്രശ്നാദർശത്തിൽ പ്രതിഫലിക്കുന്നുണ്ട്. ദേവപ്രശ്നം, താംബൂലപ്രശ്നം, അക്ഷരപ്രശ്നം, സുഗ്രീവപ്രശ്നവിധി, ശ്രീരാമപ്രശ്നം, സീതാപ്രശ്നം തുടങ്ങിയ വിവിധപ്രശ്നവിധികളും പ്രസവകാലം ഗർഭസൂത്രം നഷ്ടജാതകം മുതലായവയുടെ ക്രിയാവിധങ്ങളും ഈ ഗ്രന്ഥത്തിൽ ലളിതമായി ഉപന്യസിച്ചിട്ടുണ്ട്. മലയാളത്തിൽ പ്രചരിച്ചുപോരുന്ന ഈ രീതികളെ സമാഹരിച്ചു ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധനും പണ്ഡിതവരേണ്യനും ആയ ബ്രഹ്മശ്രീ പുലിയൂർ ഗ്രന്ഥരൂപംകൊടുത്തതു് അത്യന്തം പ്രയോജനപ്രദവും പ്രശംസാർഹവുമായിട്ടുണ്ട്. (സി. എം. പി)

—o—

## ഫിലിംവാർഷികപ്പതിപ്പ്

—o—

എറണാകുളം ഡി. കെ. പ്രസ്സിൽനിന്നു ശ്രീ: ടി. ഈ. ഭാസ്കരൻ പ്രസിദ്ധംചെയ്യുന്ന ഫിലിം എന്ന സിനിമാമാസികയുടെ വാർഷികപ്പതിപ്പ് ൧൯൫൦ ഏപ്രിലിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ചന്ദ്രിക എന്ന തമിഴ് മലയാളചിത്രത്തിന്റെ പരസ്യം മുഖപ്പേജിലും 'ശശിധരന്റെ' പരസ്യം പുറംപേജിലുമായി ആർട്ട്പേപ്പറിലുള്ള കവറോടുകൂടിയ ഈ വാർഷികപ്പതിപ്പിനു അസംഖ്യം കളർ ചിത്രങ്ങൾ ഉൾപ്പെടെ ൧൫൦ പേജുകളുണ്ട്. കളർ ചിത്രങ്ങൾ എല്ലാംതന്നെ ആർട്ട്പേപ്പറിൽ അച്ചടിച്ചവയുമാണ്. ൨൦-ൽപരം ലേഖനങ്ങൾ അടങ്ങിയിരിക്കുന്ന ഈ സിനിമാപ്രസിദ്ധീകരണത്തിൽ ചെറുകഥ, കവിത, പ്രഹസനം എന്നിവയ്ക്കു നൽകിക്കാണുന്ന പ്രാധാന്യം സിനിമാ പ്രസ്ഥാനത്തെ സംബന്ധിച്ച നൽകപ്പെട്ടിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇംഗ്ലീഷ് ഫിലിമിലേയും ഹിന്ദി ഫിലിമിലേയും ഗുജറാത്തി ഫിലിമിലേയും തെലുങ്കു ഫിലിമിലേയും തമിഴ് ഫിലിമിലേയും മലയാളം ഫിലിമിലേയും നടീനടന്മാരുടെ ചിത്രങ്ങൾ വേണ്ടത്ര കാണാനുണ്ടെങ്കിലും ആവക ഫിലിമുകളെയോ അത്തരം വ്യവസായങ്ങളെയോപറ്റി നിഷ്പക്ഷമായ രീതിയിൽ സവിസ്തരം പ്രതിപാദിക്കുന്ന ലേഖനങ്ങൾ തുലോം കുറവായിരിക്കുന്നു.

൧൯൩൧ മുതൽ ൧൯൪൯ ജൂൺവരെയുള്ള കാലത്തിനകം ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട സ്വനച്ചലച്ചിത്രങ്ങളുടെ നിർമ്മാണവിവരപ്പട്ടികയിൽനിന്നു ഏറ്റവും കൂടുതൽ ചിത്രങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതു ഹിന്ദിയിലാണെന്നു കാണാം. ൧൯൪൯ വരെ ആകെ ൧൯൪൦ ഹിന്ദിചിത്രങ്ങളാണു നിർമ്മിച്ചിട്ടുള്ളതെന്നിരിക്കെ മലയാളചിത്രങ്ങളുടെ സംഖ്യ ൫ മാത്രമാണെന്നു ധരിക്കേണ്ടതാണ്. എന്തായാലും ഹിന്ദികഴിഞ്ഞാൽ കൂടുതൽ ചിത്രങ്ങളുണ്ടായിട്ടുള്ളതു തമിഴിലാണ്. അതു തമിഴ് സിനിമാവ്യവസായത്തിന്റെ നിർവിഘ്നമായ പുരോഗതിയെയാണ കുറിക്കുന്നതു്. പ്രദർശിപ്പിച്ചുകഴിഞ്ഞിട്ടുള്ള ബാലൻ, ജ്ഞാനാംബിക, ഭക്തപ്രഹ്ളാദൻ, നിർമ്മല, വെള്ളിനക്ഷത്രം, നല്ലതങ്ക, സ്ത്രീ, ശശിധരൻ എന്നിവയ്ക്കു പുറമെ പ്രസന്ന, ചന്ദ്രിക, കേരളകേസരി എന്നീ ചിത്രങ്ങൾ നിർമ്മിച്ചുവരുന്നുണ്ടെന്നുള്ളതു് മലയാളഫിലിം വ്യവസായത്തിന്റെ പുരോഗതിയെ കുറിക്കുന്നുണ്ടെന്നും പറയുവാൻ സന്തോഷമുണ്ട്. അതേയവസരത്തിൽ മലയാളചിത്രങ്ങളുടെ മാനദണ്ഡം ഒന്നാംകിടയിലുള്ള മറ്റു ഫിലിമുകളോടും കിടപിടിക്കത്തക്കവിധം ഉയർത്തുവാനും നോക്കേണ്ടതാവശ്യമാണ്, തത്സംബന്ധമായി 'ഫിലിം' മാസികയ്ക്കു വളരെയൊക്കെ പ്രവർത്തിക്കുവാൻ കഴിയും. നിഷ്പക്ഷവും ആത്മാർത്ഥവും സൃഷ്ടിപരവുമായ നിരൂപണങ്ങൾകൊണ്ടു ഇന്നത്തെ മലയാളം സിനിമാകളെ എത്രയും നന്നാക്കുവാൻ സാധിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം. ഏറ്റവും നൂതനമായ സജ്ജീകരണങ്ങളോടുകൂടിയ സ്റ്റുഡിയോകളും വിദഗ്ദ്ധ ഡയറക്ഷനുമുണ്ടെങ്കിൽ വിജയമുണ്ടാകാതെയിരിക്കുന്നതല്ല. അച്ചടിയുടെ കാര്യത്തിൽ കുറേക്കൂടി ശ്രദ്ധ പ്രദർശിപ്പിച്ചിരുന്നുവെങ്കിൽ ഫിലിം വാർഷികപ്പതിപ്പു് കുറേക്കൂടി നന്നാകുമായിരുന്നു. കളർചിത്രങ്ങളെല്ലാംതന്നെ കൂടുതൽ ആകർഷകമാക്കാമായിരുന്നു. ഒരു രൂപാ വിലയുള്ള ഈ വാർഷികപ്പതിപ്പ് ആകപ്പാടെ സിനിമാലോകത്തിനും കേരളക്കരയിലെ സാമാന്യ വായനക്കാരനും പൊതുവേ കൌതുകം ജനിപ്പിക്കുന്ന ഒരു പ്രസിദ്ധീകരണമാണെന്നുള്ളതിനു സംശയമില്ല. (വി. ജി. എൻ.)

—o—

## വിഷയവിവരം


2 ഈ ആഴ്ചയിലെ നക്ഷത്രഫലം
തകഴി കെ. രാമവാര്യർ 2
3. സംഘടനയെപ്പറ്റി—കൊട്ടപ്പുറം 2
4. ആസ്ഥാനമഹാകവിയുടെ
ഉൽഘാടനപ്രസംഗം 3
5. ഗ്രന്ഥവിഹാരം 4
6. മാർക്സിസം—വി. ഗംഗാധരൻ 5
7. പരിവർത്തനം (ചെറുകഥ)
റ്റി. വി. ബാലകൃഷ്ണപിള്ള ബനാറിസ് 6
8. സൂര്യബിംബത്തിലെ കളങ്കങ്ങൾ
(ശാസ്ത്രപംക്തി, എസ്. പരമേശ്വരൻ 7
9. വിജ്ഞാനവീഥി
എം. ആർ. കൃഷ്ണപിള്ള 7
8-ം 9-ം ചിത്രങ്ങൾ
10. ഈശ്വരശക്തി 10
11. പച്ചമാങ്ങയും ഞാനും
മൂർക്കോത്തു കുഞ്ഞപ്പ 10
12. ഒരു രാത്രി (കവിത)
തൈക്കാട്ടു ചന്ദ്രശേഖരൻനായർ 11
13. ഒരു രാത്രി (കവിത,
കായംകുളം പി. എൻ മുരളി 11
14. കാർട്ടൂൺ 13
15. വിനോദപംക്തി—സരോജം-രമേശ് 13
16. വിത്തുതെരഞ്ഞെടുപ്പ് (കാർഷിക
പംക്തി) കെ. എസ്. നീലകണ്ഠം 14
17. റാവുബഹദൂർ ഒ. ചന്തുമേനോൻ
ടി. എസ്. അനന്തസുബ്രഹ്മണ്യം 15
18. കണ്ടുപിടിത്തങ്ങൾ (ബാലപംക്തി) 15
പി. ആർ. കെ നായർ
19. സുരഭ്യം (സിനിമാപംക്തി) 16
20. സഹിപ്പതെങ്ങനെ (കവിത)
ജഗദി വേലായുധൻനായർ 16
മുഖചിത്രം—ഇൻഡ്യൻപ്രധാനമന്ത്രി
പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു.


—o—

## നെഹ്റു ഒരു പൗരസ്ത്യനായിത്തീർന്നു

൮-ം ൯-ം പേജിൽ പണ്ഡിജനെഹ്റുവിനെപ്പറ്റിയുള്ള ലേഖനത്തിൽ "ഗാന്ധിജിയുമായുള്ള സാമീപ്യംകൊണ്ടു് പണ്ഡിതനെഹ്റു ഒരു പാശ്ചാത്യനായിത്തീർന്നു" എന്നുള്ളതു് ഗാന്ധിജിയുമായുള്ള സാമീപ്യംകൊണ്ടു് പണ്ഡിതനെഹ്റു ഒരു പൗരസ്ത്യനായിത്തീർന്നു" എന്നു തിരുത്തിവായിക്കേണ്ടതാണ്. (മ. രാ. പ)





ജാതകാദേശം
(സവ്യാഖ്യാനം)
ഒന്നാംതരം ജ്യോതിഷപുസ്തകം
വില ണ. 15
ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

# മാർക്സിസം

വി. ഗംഗാധരൻ

I

ഫ്റെഡറിക് എംഗൽസിന്റെ സഹകരണത്തോടുകൂടി കഴിഞ്ഞ ശതാബ്ദത്തിന്റെ മദ്ധ്യഘട്ടംമുതൽ അവസാനഘട്ടംവരെയുള്ള കാലത്തിനിടയ്ക്ക് കാറൽമാർക്സ് രൂപീകരിച്ച സിദ്ധാന്തമാണ് മാർക്സിസമെന്നപേരിൽ അറിയപ്പെടുന്നത്. നാം അധിവസിക്കുന്ന ഈ ലോകത്തേയും ഈ ലോകത്തിന്റെ ഒരു ഭാഗമായ മനുഷ്യസമുദായത്തേയും സംബന്ധിച്ചുള്ള ഒരു പൊതുസിദ്ധാന്തമാണ് മാർക്സിസം. വൈരുദ്ധ്യാത്മികഭൗതികവാദമെന്നാൽ എന്താണ്, അതു കേവലം നാസ്തികവാദംമാത്രമാണോ? അതിനു ശാസ്ത്രീയത്വമുണ്ടോ, എന്നെല്ലാമുള്ളവയെപ്പററി അറിയാനും പഠിക്കാനും നമ്മുടെ നാട്ടിലെ യുവജനങ്ങൾക്ക് ഇന്നു അതിയായ താല്പര്യമുണ്ടായിട്ടുണ്ടെന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതിന്റെഫലമായിട്ടാണ ഞാൻ ഇപ്രകാരം ഒരു ലേഖനപരമ്പരയ്ക്കൊരുങ്ങിയിട്ടുള്ളത്. പഠിക്കാനും ഗ്രഹിക്കാനും കുറെ പ്രയാസമുള്ള ഒരു വിഷയമാണ് മാർക്സിസം. കൂടാതെ സർവ്വത്തിലും ഈശ്വരനെ ദർശിച്ച് സർവ്വസ്വവും ഈശ്വരനിൽ സമർപ്പിച്ച് സർവ്വത്തിനും കാരണഭൂതനായതു് ഈശ്വരനാണെന്നു സങ്കല്പിച്ച് ഈശ്വരനിശ്ചയത്തിലും വിധിയിലും വിശ്വസിച്ചു കഴിഞ്ഞുകൂടുന്ന ഭാരതീയരുടെ പരമ്പരയായുള്ള വിശ്വാസപ്രമാണങ്ങൾക്കും ചിന്താഗതികൾക്കും തത്വശാസ്ത്രങ്ങൾക്കും വിരുദ്ധമായ ഒന്നാണ് മാർക്സിസം അഥവാ വൈരുദ്ധ്യാത്മികഭൗതികവാദം. മതം മനുഷ്യനെ ഭ്രാന്തുപിടിപ്പിക്കുന്ന കറുപ്പാണെന്നാണ് മാർക്സ് അഭിപ്രായപ്പെട്ടിട്ടുള്ളത്. നിലവിലുള്ള മതാചാരങ്ങളും വിശ്വാസങ്ങളുമെല്ലാം സാധുജനതയെ വഞ്ചിക്കാനായി ഒളിഞ്ഞും തെളിഞ്ഞുമുള്ള ബൂർഷ്വാസിയുടെ ശ്രമങ്ങളാണെന്നാണ് മാർക്സിസ്റ്റുകാർ വാദിക്കുന്നതു്. മതസംബന്ധമായ കാര്യങ്ങളിൽ അജ്ഞരായ ജനങ്ങളുടെ ഇടയിൽ സജീവമായ ഒരു താല്പര്യം ജനിപ്പിക്കുകയും മതത്തെ ധീരമായി നിരൂപണംചെയ്യാനുള്ള കഴിവു് ഉണ്ടാക്കുകയും ചെയ്യുന്നതെങ്ങനെയെന്നപ്രശ്നം അതിപ്രധാനമായ ഒന്നാണെന്നു് ലെനിൻ പ്രസ്താവിച്ചിട്ടുണ്ട്.

മാർക്സിസം കലർപ്പില്ലാത്ത ഭൗതികവാദമാണ്. അതു ശുദ്ധനിരീശ്വരവാദവുമാണ്. ഇതു ആത്മീയവാദത്തിനുനേരെ വിപരീതമാണ്. ആത്മീയവാദികളെ സംബന്ധിച്ചിടത്തോളം നാമീകാണുന്ന ലോകവും നമ്മൾ തന്നേയും സത്യമല്ല. എല്ലാം മായയാണ്. നമ്മുടെ അല്ലെങ്കിൽ ഏതോ ഒരു ഈശ്വരന്റെ മനസ്സിലുള്ള ഒരു തോന്നലാണ് ഈ ലോകവും നമ്മളുമെല്ലാം. നമുക്കും ഈ ലോകത്തിനുമെല്ലാം നമ്മുടെ മനസ്സിലുള്ള നിലനിൽപുമാത്രമേ ഉള്ളു. ഇതു പറയുന്ന ആത്മീയവാദത്തിനു് പല രൂപങ്ങളുമുണ്ടെങ്കിലും അവയെല്ലാം ഈ ഒരു കാര്യത്തിൽ ഒരേ അഭിപ്രായത്തിൽ അടിയുറച്ചു നില്ക്കുന്നു; മനസ്സാണ്—അതു് മാനുഷികമോ ദൈവികമോ ആയിക്കൊള്ളട്ടെ—സർവ്വപ്രധാനം; അതാണ് പ്രഥമസത്യം. വസ്തുവിന്, വല്ല യാഥാർത്ഥ്യവുമുണ്ടെങ്കിൽതന്നെയും മനസ്സിനെ അപേക്ഷിച്ച് ദ്വിതീയസ്ഥാനമേ ഉള്ളു—എന്നുവെച്ചാൽ മനസ്സുണ്ടായതിനുശേഷമാണ് മറ്റെല്ലാമുണ്ടായതെന്നർത്ഥം. മാർക്സിസ്റ്റുകാരുടെ ദൃഷ്ടിയിൽ ഇതു് ശുദ്ധഅസംബന്ധമാണ്. ഹെഗലിന്റെ ആത്മീയവാദത്തെ വിജയപൂർവ്വം ഖണ്ഡിച്ച ഫ്രഞ്ചു് ചിന്തകനായ ഫ്യുയർബാക്കിനെപ്പററി മാർക്സിനുള്ള ആക്ഷേപം അതു് ആത്മീയവാദത്തിനു് നുഴഞ്ഞുകയറുവാനുള്ള ചില പഴുതുകൾ നൽകുന്നു എന്നുള്ളതുമാത്രമാണ്. ആജ്ഞേയവാദം, ആശങ്കാവാദം, തുടങ്ങിയവ എല്ലാം ആത്മീയവാദത്തിലേയ്ക്കു് ചാഞ്ഞുനില്ക്കുന്നതാണെന്നും ശുദ്ധനിരീശ്വരവാദമേ തങ്ങളുടേതെന്നും മാർക്സും എംഗൽസും അസന്ദിഗ്ദ്ധമായി വിശദമാക്കിയിട്ടുണ്ട്. നാസ്തികവാദം ഇൻഡ്യയ്ക്കു് പുത്തരിയല്ല. ചാർവ്വാകൻ ഒരു ശുദ്ധനാസ്തികവാദിയായിരുന്നു. പാശ്ചാത്യരാജ്യങ്ങളിൽ എപ്പിക്യൂറിയസ്സിന്റെ ശിഷ്യഗണങ്ങളായ ഒരു സംഘം ഭൗതികവാദികളുണ്ടായിരുന്നു. ഈശ്വരനില്ലെന്നും ഭൗതികമായ പ്രപഞ്ചമാണ് യഥാർത്ഥമായിട്ടുള്ളതെന്നും ഉള്ളവാദം അങ്ങനെ ഒരു പുതുമയല്ല. മാർക്സിസം ഇതുമാത്രമേ പറഞ്ഞിരുന്നുള്ളു എങ്കിൽ അതിനുള്ള ശാസ്ത്രീയത്വവും പ്രായോഗികമായ മൂല്യവും തുച്ഛമാകുമായിരുന്നു. മാർക്സിസം മൗലികമായി വസ്തുവിന്റെ ചലനാത്മകമായ അവസ്ഥയെ അടിസ്ഥാനമാക്കി സാമൂഹ്യജീവിതത്തെ നിരൂപണം ചെയ്യുന്ന ഒരു തത്വശാസ്ത്രമാണ്. എംഗൽസ് പറയുന്നതുപോലെ വസ്തുവിന്റെ ഭാവസ്വരൂപമാണ് ചലനം. പ്രപഞ്ചപദാർത്ഥങ്ങളൊന്നും ഒരേസ്ഥാനത്തു് ഒരു മാത്രപോലും നിൽക്കുന്നില്ല. അടിക്കടി മാററം വരുന്ന ഭാവപരമ്പരകളെ ഒരേപേരിൽ നാം അറിയുന്നു എന്നല്ലാതെ ഒന്നും സ്ഥിരമായി നിൽക്കുന്നില്ല. ജലപ്രവാഹംപോലെയും ദീപപ്രഭപോലെയും അനുസ്യൂതഗതിയായ മാററങ്ങൾ പ്രപഞ്ചത്തിൽ വന്നുകൊണ്ടിരിക്കുന്നു. മനുഷ്യനും മററു ജീവികളും ഉണ്ടാകുന്നതിനെത്രയോ മുമ്പുതന്നെ ഈ ലോകം നിലനിന്നുപോന്നിട്ടുണ്ട്. മനുഷ്യന്റെ ഉത്ഭവത്തിനെത്രയോ മുമ്പേതന്നെ മറെറത്രയോ ജീവികളീപ്രപഞ്ചത്തിലുണ്ടായിരുന്നിട്ടുണ്ട്? ഇന്നീകാണുന്ന മനുഷ്യനുതന്നെയും ഇതിനുമുമ്പേ മറെറത്രയോ രൂപവിശേഷങ്ങളുണ്ടായിട്ടുണ്ട്. അങ്ങനെ നിരവധി ജീവികളുടേയും അവയുടെ അനവധി രൂപവിശേഷങ്ങളുടേയും ചിരകാലപരിണാമവികാരത്തിന്റെയും ബോധപൂർവ്വമായ പ്രവർത്തനത്തിന്റെയും ഫലമായാണ് മനുഷ്യൻ ഇന്നികാണുന്ന രൂപത്തിൽ വളർന്നുവന്നിട്ടുള്ളതു്. അതായതു് സ്വബോധമുള്ള, സത്യമായ മനസ്സിനെത്രയോ മുമ്പേതന്നെ സ്വബോധമില്ലാത്ത സത്യമായ വസ്തു നിലനിന്നിരുന്നു. മനസ്സുണ്ടാകുന്നതിനു് മുമ്പേതന്നെ വസ്തുവുണ്ടായിരുന്നു. മനസ്സിൽനിന്നും സ്വതന്ത്രമായിത്തന്നെ ആ ബാഹ്യസത്യമായ വസ്തു നിലനിന്നുപോരുന്നുവെന്നുകൂടി ഇവിടെ ഓർമ്മിച്ചിരിക്കേണ്ടതാണ്.

പ്രപഞ്ചത്തെ സംബന്ധിച്ച ഈ വീക്ഷണഗതിയാണ് ഭൗതികവാദമെന്നപേരിൽ അറിയപ്പെടുന്നതു്. എംഗൽസ് പറയുന്നതുപോലെ യാതൊരുവിധ കലവറയും കൂടാതെ പ്രപഞ്ചത്തെ അതേപടി മനസ്സിലാക്കലാണ ഭൗതികാത്മകമായ ലോകവീക്ഷണം. ബാഹ്യപ്രപഞ്ചം സത്യമാണ്. നാമറിയാഞ്ഞാലും അല്ലെങ്കിലും ശരി, അതു് സ്വതന്ത്രമായി നിലനിൽക്കുന്നുണ്ട്. ചില പ്രത്യേക നിയമങ്ങളനുസരിച്ച് അതു് ചലിക്കുകയും വളരുകയും ചെയ്യുന്നുണ്ട്. മനസ്സിന്റെ നിർദ്ദേശമനുസരിച്ചല്ല അതു് പ്രവർത്തിക്കുന്നതു്. എന്നാൽ പ്രസ്തുത നിയമങ്ങളെന്തെന്നു് മനുഷ്യബുദ്ധിക്കു് കണ്ടുപിടിക്കാനും പഠിക്കാനും കഴിവുള്ളതാണ്. ഈ ഭൗതികാത്മകമായ നിലപാടിന്റെ അർത്ഥം മനസ്സിലുള്ള ആശയങ്ങൾ ബാഹ്യസത്യത്തിന്റെ പ്രതിഫലനമെന്നതാണെന്നാകുന്നു. ബാഹ്യസത്യമാണ് പ്രസ്തുത ആശയങ്ങളുടെ ഉത്ഭവസ്ഥാനം. മനുഷ്യന്റെ മനസ്സിലുള്ളതും ആ മനസ്സിന്റെ ബോധവുമെല്ലാം ബാഹ്യസത്യമായ വസ്തുവിന്റെ പ്രവർത്തനമാണ്. അതുകൊണ്ടു് എല്ലാആശയങ്ങളുംശരിയാണെന്നോ, ബാഹ്യസത്യത്തിന്റെ കൃത്യമായ പ്രതിഫലനമാണെന്നോ ഇവിടെ സിദ്ധാന്തിക്കുന്നില്ല. ബാഹ്യസത്യത്തിന്റെ യഥാർത്ഥമായ അനുഭവങ്ങളാണ് ശരിയും തെററുമെന്തെന്നു തിരിച്ചറിയുവാനുള്ളശരിയായ ഉരകല്ല് എന്നാണ് ഇവിടെ വിവക്ഷിക്കുന്നതു്.

നേരമറിച്ചു് ആത്മീയവാദികൾക്കുള്ളതു് ശാശ്വതമായി സ്വീകരിക്കപ്പെട്ടതെന്നു കരുതുന്ന ചില വിശ്വാസപ്രമാണങ്ങളാണ്. അതു് അന്നന്നത്തെ പ്രപഞ്ചസത്യവുമായി ഒത്തുചേരുന്നുവോ ഇല്ലയോ എന്നൊന്നും അവർക്കു് ചിന്തയില്ല. നിഷ്ക്രിയാധിഷ്ഠിതമായ സമാധാനപ്രേമത്തിന്റെ നിലപാട് ഇന്നത്തെ ദൈനംദിനപ്രശ്നങ്ങളിൽ ആത്മീയവാദികളുൾക്കൊള്ളുന്ന അശാസ്ത്രീയവിശ്വാസങ്ങളുടെ ഒരുദാഹരണമാണ്. പ്രാർത്ഥനകൊണ്ടും അപേക്ഷകൊണ്ടും നീക്കിനിർത്താൻ കഴിയാത്ത ഒന്നാണ് ഇന്നത്തെ യഥാർത്ഥജീവിതാനുഭവങ്ങളിലൊന്നായ ബലപ്രയോഗമെന്നു ആർക്കാണറിഞ്ഞുകൂടാത്തതു്.

മാർക്സിസ്സിദ്ധാന്തങ്ങളെല്ലാം ലോകത്തിന്റെ ഈ ഭൗതികവ്യാഖ്യാനത്തിലാണ് നലയുറപ്പിച്ചിട്ടുള്ളതു്. ഈ നിലയിൽനിന്നുകൊണ്ടാണ് അതു് ലോകത്തെ പരിശോധിക്കുന്നതും ലോകത്തെയും അതിന്റെ ഒരു ഭാഗമായ മനുഷ്യസമുദായത്തിന്റെ പ്രവർത്തനങ്ങളുടേയും നിയമങ്ങളെന്തെല്ലാമെന്നു് കണ്ടുപിടിക്കുന്നതും. ഇതുവരെയുള്ള എല്ലാ കണ്ടുപിടിത്തങ്ങളേയും എല്ലാ നിഗമനങ്ങളേയും ഭൗതികവാദത്തിന്റെ ഉരകല്ലിൽവെച്ചു് അതു് പരിശോധിക്കുന്നു. പരമാർത്ഥങ്ങളുമായി ഒത്തുചേരാത്ത എല്ലാ സിദ്ധാന്തങ്ങളേയും നിഗമനങ്ങളേയും അതു് ഉപേക്ഷിക്കുകയോ മാററി എഴുതുകയോ ചെയ്യുന്നു.

(ശേഷം പന്ത്രണ്ടാംപേജിൽ)


# വനസ്പതിക്ക് വളരെ അനുകൂലമായ ഒരു സാക്ഷ്യപത്രം!

## ആരോഗ്യകരമായ ഒരു ഉല്പന്നം

## ഗവമ്മേണ്ടിന്നു് ശാസ്ത്രജ്ഞന്മാർ നല്കിയ പ്രസ്താവന

വനസ്പതിയുടെ പോഷണഗുണങ്ങളെപ്പററി സൂക്ഷ്മനിരീക്ഷണം നടത്തി വിവരം പറയുവാൻ ഗവമ്മേണ്ടിനാൽ നിശ്ചയിച്ച പ്രശസ്തി നേടിയ ശാസ്ത്രജ്ഞന്മാരാൽ ആരോഗ്യത്തിന്നു് ലവം പോലും ഹാനികരമാകത്തക്ക യാതൊന്നും വനസ്പതിയിൽ ഇല്ല എന്നു് ഉറപ്പുവരുത്തിയിരിക്കുന്നു. ഭക്ഷണം, കൃഷി എന്നീ വകുപ്പുകളുടെ മന്ത്രിയായ ബഹുമാന്യനായ ശ്രീ ജയറാം ദാസ് ദൌലററാം 1949 ഡിസംബർ 8ാംനു- പ്രതിനിധിസഭയിൽ ഈ ശാസ്ത്രജ്ഞന്മാരുടെ പ്രസ്താവനയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള പ്രാധാന്യമേറിയ ചില ഭാഗങ്ങൾ വായിക്കുകയുണ്ടായി.

"വിവിധങ്ങളായ നാലു് കേന്ദ്രങ്ങളിൽ മൂന്നു് തലമുറയിലുള്ള എലികളുടെ മേൽ ശുദ്ധിചെയ്യാത്ത നിലക്കടല എണ്ണ, ശുദ്ധിചെയ്ത നിലക്കടല എണ്ണ, 37 ഡിഗ്രി സെൻററിഗ്രെയ്ഡിൽ ഉരുകുന്നതും, 41 ഡിഗ്രി സെൻററിഗ്രെയ്ഡിൽ ഉരുകുന്നതുമായ വനസ്പതി എന്നിവകൊണ്ടു് താരതമ്യേന നടത്തിയ ഭക്ഷണ പരീക്ഷണങ്ങളുടെ ഫലമായി ശുദ്ധിചെയ്യാത്തതൊ അല്ലെങ്കിൽ ശുദ്ധിചെയ്തതൊ ആയ നിലക്കടല എണ്ണയോടു് താരതമ്യപ്പെടുത്തിനോക്കുമ്പോൾ വനസ്പതിയിൽ ദോഷകരമായി യാതൊന്നും തന്നെ ഇല്ല എന്നു് കണ്ടിരിക്കുന്നു."

"വിവിധങ്ങളായ നാലു് കേന്ദ്രങ്ങളിൽ മനുഷ്യരെ ഭക്ഷിപ്പിച്ചു് നോക്കി നടത്തിയ ഗവേഷണങ്ങളിൽ നിന്നും 37 ഡിഗ്രി സെൻററിഗ്രെയ്ഡിൽ ഉരുകുന്ന വനസ്പതി ശുദ്ധിചെയ്യാത്ത നിലക്കടല എണ്ണയോടു് താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഹാനികരമല്ലെന്നും കണ്ടിരിക്കുന്നു."

### രക്ഷയോടുകൂടിയതും, വിശ്വസിക്കത്തക്കതുമായ ഒരു ഭക്ഷണക്കൊഴുപ്പ്

പരിശുദ്ധവും കൂട്ടു് കൂട്ടാത്തതുമായ എണ്ണയെപ്പോലെത്തന്നെ വനസ്പതി ആരോഗ്യകരമാണെന്നു് ഇതിൽനിന്നും മനസ്സിലാക്കാം. എന്നാൽ കട്ടിയാക്കിയ ഒരു ഭക്ഷണക്കൊഴുപ്പായതിനാൽ ഭക്ഷണം പകം ചെയ്യുവാൻ എണ്ണയേക്കാൾ കൂടുതൽ സൌകര്യമുള്ളതാണ് ഇതു്. എണ്ണയേക്കാൾ കൂടുതൽ കാലം പുതിയതായിരിക്കുന്നതും, കൊണ്ടുപോകുവാൻ കൂടുതൽ സൌകര്യമുള്ളതുമാണ് ഇതു്. കാഴ്ചയിൽ സന്തുഷ്ടിനല്കുന്നതും ഉപയോഗിക്കുവാൻ സുഖമുള്ളതുമാണ് ഇതു്. പരിശുദ്ധമായ ഒരു ഭക്ഷണക്കൊഴുപ്പായതുകൊണ്ടു് നമ്മുടെ നിത്യ ആഹാരത്തിൽ ഒരു ഭാഗമാക്കുവാൻ ഉത്തമമായിട്ടുള്ളതാണ് ഇതു്. നമ്മുടെ രാജ്യത്തിൽ വളർത്തിവരുന്ന എണ്ണക്കുരുക്കളിൽ നിന്നും ഗവമ്മേണ്ടിന്റെ കൃത്യമായ തോതുകളനുസരിച്ചു് ഉണ്ടാക്കുന്നതുമാണ് ഇതു്. ലക്ഷോപിലക്ഷം വീടുകളിൽ ഇതു് ഉപയോഗിച്ചുവരുന്നു. നമ്മുടെ പട്ടാളം, നാവികപ്പട, വിമാനപ്പട ഇതു് ഉപയോഗിക്കുന്നു. ആശുപത്രികളും മററുസ്ഥാപനങ്ങളും ഇതു് ഉപയോഗിക്കുന്നു.

# വനസ്പതി ആവശ്യമാണ്

ദി വനസ്പതി മാനുഫാക്ചറേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യാ പ്രസിദ്ധപ്പെടുത്തുന്നത്

VMA. 7-36 ML

ചെറുകഥ

# പരിവർത്തനം

റ്റി. വി. ബാലകൃഷ്ണപിള്ള, ബനാറിസ്

അന്നു സായാഹ്നത്തിൽ ഞങ്ങൾ ആ നദീതീരത്തിലെത്തി. "വനദേവത" എന്നായിരുന്നു ആ കൊച്ചുകാട്ടാറിനു ഞങ്ങൾ കൊടുത്തിരുന്ന ഓമനപ്പേര്. അവൾ അത്ര കണ്ടു സുന്ദരിയായിരുന്നു. ആ നീലപ്പരപ്പിൽ കസവുസാരിയിട്ടപോലെ ഒരു പൊട്ടിച്ചിരിയോടുകൂടി വളഞ്ഞുപുളഞ്ഞങ്ങനെ കുതിച്ചുപായുകയാണവൾ; കാമാർത്തയായ ഒരു യുവതിയെപ്പോലെ—

അന്നത്തെ സായാഹ്നം പ്രശാന്തമായിരുന്നു, പ്രകാശമാനമായിരുന്നു. അന്നു ഞങ്ങൾക്കു വിശേഷിച്ചൊരു കൂട്ടുകാരനെ കിട്ടി. സോമൻ. ഞങ്ങളുടെ സതീർത്ഥ്യനാണ്. ദീർഘമായ ഒരു കൊല്ലത്തെ വിരഹത്തിനുശേഷം കണ്ടുമുട്ടിയ ആ സ്നേഹിതനോടു എന്തെല്ലാംകഥകളാണ് ഞങ്ങൾക്കു പറയുവാനുള്ളതു്. അയാൾക്കു ഞങ്ങളോടും. ഞങ്ങൾ പലതും സംസാരിച്ചു; ചിരിച്ചു; ചിന്തിച്ചു. സ്വാഭാവികമായി ഞങ്ങളുടെ സംസാരം 'സ്ത്രീ'യിലേയ്ക്കു മാറി. അതൊടുവിൽ വ്യഭിചാരത്തിലും. ഇന്നത്തെ ദുഷിച്ച സാമ്പത്തിക-സാമൂഹ്യവ്യവസ്ഥിതിയാണ് വേശ്യകളെ സൃഷ്ടിക്കുന്നതു് എന്നുള്ള സോമൻെറ വിപ്ലവാത്മകമായ വെല്ലുവിളിയെ അനുകൂലിച്ചും പ്രതികൂലിച്ചും ഞങ്ങൾ രണ്ടു കക്ഷിയായി മാറി. കേവലം മാനസികവ്യാപാരമാണ് ഇക്കാര്യത്തിൽ മുന്നിട്ടുനില്ക്കുന്നതെന്നായിരുന്നു എതിർകക്ഷിയുടെ വാദം. ഞങ്ങളുടെ വാദപ്രതിവാദം മൂച്ചപ്പാടിലെത്തി.

"ആകട്ടെ, എനിക്കു അനുഭവപ്പെട്ട ഒരു കാര്യം പറയാം." സോമൻ തുടർന്നു:—

"കഥയല്ല, വെറും പരമാർത്ഥം. അഞ്ചാറുമാസം മുമ്പാണ്. ക്രിസ്തുമസ്സ് വെക്കേഷൻ. പുരാണപ്രസിദ്ധമായ കാശി വിശ്വനാഥക്ഷേത്രത്തിനു തൊട്ടടുത്തു് ഒരു തെരുവുണ്ടു്. ഡാൽമണ്ടി. കുപ്രസിദ്ധമായ ഒരു വേശ്യത്തെരുവാണതു് എന്നു നേരത്തെ എനിക്കു അറിയാമായിരുന്നു.

വെക്കേഷനായിരുന്നതുകൊണ്ടു ഞങ്ങൾ സിററിയിൽ പോകുക സാധാരണമായിരുന്നു. ഡാൽമണ്ടിയിൽ ഒന്നു പോയി, അവിടുത്തെ ജീവിതയാഥാർത്ഥ്യങ്ങൾ നേരിട്ടുകണ്ടറിയുന്നതിനെനിക്കാഗ്രഹമുണ്ടായിരുന്നു. പക്ഷേ ആ തെരുവിൻെറ അപകടംപിടിച്ച വഴികൾ എന്നെ ഭീരുവാക്കി. എങ്കിലും യുവത്വം മുന്നോട്ടുന്തുകൊണ്ടേയിരുന്നു.

"എന്നിട്ടു്"

"എന്നിട്ടു, ഞാൻ നിശ്ചയിച്ചു, ആ സംഭവചരിത്രങ്ങളുമായി ഒന്നിടപെടുവാൻ." സോമൻ കഥ തുടർന്നു:—

"നാലര കഴിഞ്ഞുകാണും. ഗ്രാൻഡ് ഹോട്ടലിൻെറമുമ്പിൽക്കൂടിയാണ് ഡാൽമണ്ടിയിലേയ്ക്കു പോകേണ്ടതു്. വർണ്ണാലംകൃതമായ ഒരു ബോർഡ് അതിൻെറമുമ്പിൽ തൂങ്ങുന്നുണ്ടു്. സുന്ദരിയായ ഒരു യുവതി ബ്രാണ്ടി കപ്പിയിൽനിന്നും പകർന്നു അധരപുടങ്ങളിൽ തൊട്ടുവിച്ചുകൊണ്ടു ചെയ്യുന്ന ഒരു നർത്തനമാണ് അതിലെ ചിത്രകല. ഞാനറിയാതെ അല്പനേരം അങ്ങനെ നിന്നുപോയി; ഹൃദയാപഹാരിയായ ആ കലാസ്വാദനത്തിനുവേണ്ടി, മുകളിൽ ഒരു ഊറിച്ചിരി. ഞാൻ പെട്ടെന്നങ്ങോട്ടുനോക്കി. ആ ചിരി അവൾ കടിച്ചമർത്തി. ഒരു പതിനേഴവയസ്സു പ്രായംകാണും. കഴുത്തുവെട്ടിച്ചു്, കൺകോണിളക്കി അവൾ എന്നെ അകത്തേക്കു ക്ഷണിച്ചു. ഞാനകത്തുകടന്നു; ഒരു മാന്ത്രികശക്തിയാലെന്നവണ്ണം. ഒരു വൈദ്യുതപങ്കയുടെ കീഴിൽ, മോഹനമായി അലങ്കരിച്ച ഒരു കസാലയിൽ ഞാൻ ഇരിപ്പുറപ്പിച്ചു. അതിനിഞ്ഞൊതുങ്ങിയ ഒരു കാമകുമാരി എൻെറ മുമ്പിൽക്കൂടി വിദ്യുല്ലതപോലെ ഒന്നു മിന്നി."

"ബങ്കാളിപ്പെണ്ണായിരുന്നോ?" ബാലൻ ചോദിച്ചു.

"അല്ല, പഞ്ചാബി." സോമൻ പറഞ്ഞു.

"എന്നിട്ടു്"

"എന്നിട്ടു്, ഒരഞ്ചുമിനിട്ടു കഴിഞ്ഞുകാണും, യൂണിഫാറം ധരിച്ച ഒരു "ബോയ്" അടുക്കലെത്തി:—

"ക്യാ ചാഹിയേ, സഹേബ്"

"ട്രിക്സ്" ഞാൻ ഓർഡർചെയ്തു.

"കൂടെ കട്ലററാ മററാ വേണോ?"

"ഒന്നും വേണ്ടാ."

കപ്പിയിൽനിന്നും എനിക്കു പകർന്നുതന്നതു് ഒരു പെഗ്ഗായിരുന്നു. എരിച്ചുകയച്ചു് ഞാൻ കാലിയാക്കി. എൻെറ തൊണ്ട നീറിപ്പോയി.

"സബ് പീയിയേ." അവൾ കുഴഞ്ഞാടി ഒരു ചിത്രശലഭത്തെപ്പോലെ അണിയറയിൽ മറഞ്ഞു.

ബില്ലു വന്നു. ൧൦ രൂ: ൮ അണ. ഞാൻ അമ്പരന്നുപോയി.

"വെറുതെയാണോ പ്രതിമാസം ൨൦൦ രൂപാ സോമൻ ചെലവാക്കുന്നതു്." ബാലൻ തട്ടിവിട്ടു.

"ഞാൻ വെളിയിലിറങ്ങി." സോമൻ തുടർന്നു:—

എൻെറ തല കറങ്ങി. ഒരു തിരമാലപോലെ ഞാൻ ആടുന്നുണ്ടായിരുന്നു. എങ്കിലും ആ ദ്രാവകം എനിക്കെന്തെന്നില്ലാത്ത ഒരു ധൈര്യം തന്നു.

ഹാ, ഡാൽമണ്ടി അഞ്ചരമണി സമയം. എന്തൊരു തിക്കുംതിരക്കും. യുവാവും വൃദ്ധനും, അപ്പനും മകനും, ക്ഷയരോഗിയും കുഷ്ഠരോഗിയും സെമിന്ദാരും രക്ഷാകാരനും അവിടെ നെട്ടുകയും കുറുകയും നടക്കുകയാണ്. അഹോ! മാംസത്തിൻെറ മാദകമായ ഘോഷംവിളി!!! രണ്ടുവശത്തും ഫാൻസീഷാപ്പുകളാണ്. ആ വീതികുറഞ്ഞ ഇടവഴിയിലൂടെയുള്ള ജനപ്രവാഹം കാണേണ്ടതാണ്. വിവിധനിറം കലർന്ന ഒരു നദി ഒഴുകുന്നതുപോലെ തോന്നും. രണ്ടു വഴിക്കും രണ്ടു നിലക്കെട്ടിടങ്ങൾ, വരിവരിയായി അങ്ങനെ നില്ക്കുകയാണ്. മന്മഥൻെറ കേളീനിലയങ്ങൾ. അവിടെ മാംസവും മാനവും ഹോമിക്കപ്പെടുകയാണ്; പട്ടണിയുടെ തീച്ചൂളയിൽ.

ഞാൻ മുകളിലേക്കൊന്നു നോക്കി. നഗ്നമായ സ്ത്രീരൂപങ്ങൾ സൂക്ഷിച്ചു ഞാൻ വീണ്ടും നോക്കി. അല്ല, അവററയെല്ലാം മിനുമിനുത്ത സാരിയിൽ പൊതിഞ്ഞതാണ്. ആ പേക്കോലങ്ങൾക്കു ജീവനുണ്ടു്. ചിരിക്കുവാൻ ശ്രമിക്കുന്നുണ്ടു്. ഉത്സാഹം ഉണ്ടെന്നു കാണിക്കുവാൻ വെമ്പുന്നുണ്ടു്; എല്ലാം മാംസദാഹത്തിൻെറ ചന്തയിൽ വിററഴിയുവാൻ—!!!

ഞാൻ വിറയ്ക്കുന്നുണ്ടായിരുന്നു. എനിക്കവിടെനിന്നും ഓടി രക്ഷപ്പെടണമെന്നുതോന്നി. പക്ഷേ യൗവ്വനം— തൂക്കമരത്തിൽ ഊഞ്ഞാലിട്ടാടി ആനന്ദിക്കുവാൻ ആഗ്രഹിക്കുന്നു. യൗവ്വനം, ആ പുകയുന്ന ദ്രാവകം എൻെറ ഓരോ സിരാതന്തുക്കളിലും രാസപ്രയോഗം നടത്തി.

പെട്ടെന്നു ഒരു "ബെയ്യാ" എൻെറ അടുക്കലെത്തി. അവൻ ഒന്നു ചിരിച്ചു, "എനിക്കറിയാം" എന്നുള്ള അർത്ഥത്തിൽ.

"ബാബുജി! അന്തർചലിയേ" അവൻ എന്നെ അകത്തേയ്ക്കു ക്ഷണിക്കുകയാണ്.

ധൈര്യപൂർവ്വം, രണ്ടും നിശ്ചയിച്ചു ഞാനകത്തു കടന്നു. സോഫായിൽ എന്നെ സ്വീകരിച്ചതു ഒരു വയസ്സിയാണ്. അറുപതിനോടടുത്ത പ്രായം വരും. ഹോ! അതൊരു ബീഭത്സ ചിത്രമായിരുന്നു. താങ്ങുവാൻ അരുതാത്ത പാപഭാരംകൊണ്ടു ആ പിശാചു കൂനിപ്പോയി. വേശ്യാവൃത്തിയുടെ നഗ്നയാഥാർത്ഥ്യങ്ങളുമായി പഴകിത്തഴമ്പിച്ച ആ വല്യമ്മ എന്നെ നോക്കി ഉപചാരപൂർവ്വം ഒന്നു പല്ലിളിച്ചു. പാപസർപ്പത്തിൻെറ വിഷപ്പല്ലുകൾ എത്ര സെമിന്ദാരന്മാർ, എത്ര പട്ടാളക്കാർ, എത്ര കുഷ്ഠരോഗികൾ, അവളുടെ ആ വീണ്ടു തൂങ്ങിയ ചുണ്ടിൽ അമൃതം ദർശിച്ചിട്ടില്ല!

"പാൻചാഹിയേ" ആ വല്യമ്മ ചോദിക്കുകയാണ്. എനിക്കു മുറുക്കാൻ വേണമോ എന്നു്.

"വേണ്ട," ഞാൻ ഉത്തരം പറഞ്ഞു. ഒരു നിശ്ശബ്ദതയ്ക്കുശേഷം വീണ്ടും:—

"ഏതിനേയാ"

ഒരു യാന്ത്രികമനുഷ്യനെപ്പോലെ ഞാൻ ഒന്നിനെ ചൂണ്ടിക്കാണിച്ചു.

"രാത്രിമുഴവൻ."

അല്ല, ഒരു മണിക്കൂർ."

എൻെറ നെററിയിൽ വിയർപ്പുതുള്ളികൾ പൊടിച്ചു.

"൧൦ രൂപാ" അവൾക്കു മനസ്സിലായി ഞാനൊരു പുതുപ്പുള്ളിയാണെന്നു്.

ഒരു പത്തുരൂപാനോട്ടു ഞാൻ എറിഞ്ഞുകൊടുത്തു. അതവൾ മടിയിൽ തിരുകി.

ഞാൻ ഒരു മുറിയിലേക്കാനയിക്കപ്പെട്ടു. ആ വേശ്യയെ ഞാൻ അടിമുടി ഒന്നു നോക്കി. ഒരു പതിനെട്ടുവയസ്സുവരും. വാടിത്തളർന്ന ഒരു താമരത്തണ്ടുപോലെ അവൾ ക്ഷീണിക്കപ്പെട്ടിരുന്നു. ഏതോ ഒരു കുലീനത്വം ആ മുഖത്തു് അപ്പോഴും ദൃശ്യമായിരുന്നു. ശോകാത്മകമായ രണ്ടു പാവനരഹസ്യങ്ങളായിരുന്നു, ആ നീലക്കണ്ണുകൾ.

അവൾ എന്നെ ഒന്നു നോക്കി; ഒരു അപരാധിനിയെപ്പോലെ. അവളുടെ കവിൾത്തടങ്ങളിൽ കണ്ണുനീർ ഉരുണ്ടുരുണ്ടു വീണു.

"നീ കരയുകയാണോ?"

എന്തെന്നില്ലാത്ത ഒരു സഹതാപം എനിക്കവളോടു തോന്നി. അക്കണ്ണുനീർ തുടച്ചവളെ ആശ്വസിപ്പിക്കുവാൻ എനിക്കാകാംക്ഷയുണ്ടായി, പക്ഷേ അവളെ തൊടാതിരിക്കണമെന്നു് എൻെറ അന്തക്കരണം എന്നോടുപദേശിച്ചു.

"കരയാതെ, കാര്യം എന്താണെന്നു പറയൂ." വാത്സല്യപൂർവ്വം ഞാൻ വീണ്ടും പറഞ്ഞു.

"അങ്ങു്, എൻെറ സഹോദരനെപ്പോലെ തന്നിരിക്കുന്നു. നെററിക്കേ ആ മറുവുപോലുമുണ്ടു്" അവൾ നിരപരാധിത്വത്തിൻെറ നെടുവീർപ്പുകൾ വിട്ടു.

"സഹോദരീ! നിൻെറ സ്വദേശം" ഞാൻ ചോദിച്ചു.

പൂർവ്വബംഗാൾ.

"ഓഹോ, നിൻെറ പേരു്."

സഹോദരാ! ഈ മഹാപാപിയുടെ പേരു (ഞാൻ അങ്ങനെ സംബോധനചെയ്തുകൊള്ളട്ടെ) എന്തിനാണവിടുന്നു അറിയുന്നതു്. അതൊരു രഹസ്യമായി സൂക്ഷിക്കുവാനാണെൻെറ ആഗ്രഹം. അതു എന്നോടൊന്നിച്ചു മണ്ണടിഞ്ഞുകൊള്ളട്ടെ."

"ആത്മാർത്ഥതയോടുകൂടി പറയുകയാണ്. നിന്നെ ഒരു സഹോദരിയെപ്പോലെ ഞാൻ സ്നേഹിക്കുന്നു. വിരോധമില്ലെങ്കിൽ നിൻെറ പേരെന്താണെന്നു പറയൂ."

"സരളാമലാനി" അവൾ പറഞ്ഞു.

"അപ്പോൾ നീ ഹിന്ദുവാണ്, അല്ലേ?"

"അല്ല."

"മുസ്ലീം?"

"അല്ല."

"പിന്നെ?"

"ഒരു സ്ത്രീ, അതേ, പരിതഃസ്ഥിതി സൃഷ്ടിച്ച ഒരു അഭിസാരിക."

"പൂർവ്വബംഗാളിൽനിന്നും നീ ഇവിടെ വന്നതു വേശ്യാവൃത്തിക്കോ?"

"സോമൻ! വളരെ പരുഷമായിരുന്നു, നിങ്ങളുടെ ആ ചോദ്യം" ബാലൻ ഇടയിൽ കയറിപ്പറഞ്ഞു.

"പ്രിയപ്പെട്ട സ്നേഹിതരേ! സോമൻ തുടർന്നു:—"

അപ്പോഴും അവൾ കരയുന്നുണ്ടായിരുന്നു. അവളോടൊന്നിച്ചു പൊട്ടിക്കരയുവാൻ ഞാനാഗ്രഹിച്ചു.

"നീ കരയാതിരിക്കൂ, ഞാൻ പോകുകയാണ്." പോകാനായിട്ടു ഞാൻ എണീററു.

"സഹോദരാ! ഇപ്പോഴേ പോകരുതു്. എൻെറ ചരിത്രം അങ്ങയോടു പറയുവാൻ എനിക്കാഗ്രഹമുണ്ടു്." അവൾ എന്നോടപേക്ഷിച്ചു.

പെട്ടിതുറന്നു് ഒരു പത്തുരൂപാ നോട്ടെടുത്തു എന്നെ ഏല്പിച്ചിട്ടവൾ പറഞ്ഞു:—

"ഇതു് ആ വല്യമ്മയെ ഏല്പിച്ചിട്ടു "രാത്രി മുഴുവൻ" എന്നു പറയണം."

ഒരു വേശ്യയുടെ ചരിത്രം അറിയുവാൻ എനിക്കു കൗതുകം തോന്നി.

"രാത്രിമുഴവൻ" പത്തുരൂപാ വല്യമ്മയെ ഏല്പിച്ചിട്ടു ഞാൻ പറഞ്ഞു.

"തരക്കേടില്ല" എന്നുള്ള അർത്ഥത്തിൽ വല്യമ്മ തലകുലുക്കി.

വീണ്ടും ഞാൻ ആ മുറിയിൽവന്നു. ഞാൻ ഒരു കസേരയിൽ ഇരുന്നു. അവൾ സോഫായിലും.

"അപ്പോൾ, നിനക്കു അച്ഛനമ്മമാരില്ലേ?"

"ഒരറിവുമില്ല" അവൾ നെടുവീർപ്പിട്ടു.

"ഇപ്പോൾ നിൻെറ സഹോദരൻ എവിടെയാണ്."

"അയ്യോ! എൻെറയും എൻെറ മാതാപിതാക്കന്മാരുടേയും മുൻപിൽവച്ചാണ മതഭ്രാന്തരായ ഒരുകൂട്ടം മുസൽമാന്മാർ അദ്ദേഹത്തിൻെറ കഴുത്തറുത്തതു്. ൨൫ വയസ്സേ ഉണ്ടായിരുന്നുള്ളു." അവൾ പൊട്ടിക്കരഞ്ഞു.

"ഇനിയും നീ കരയുകയാണെങ്കിൽ, ഞാൻ പോകുകയാണ്."

"ഇല്ല, അവിടുന്നു പോകരുതു്" കരച്ചിലടക്കുവാൻ ശ്രമിച്ചുകൊണ്ടു വിക്കി വിക്കി അവൾ എന്നെ വിലക്കി.

പൂർവ്വബംഗാളിലെ സ്ഥിതി അങ്ങേയററം ആപൽക്കരമായിരുന്നു. ഇക്കഴിഞ്ഞ ആഗസ്റ്റ് ൧൬. ആ രാത്രി ദാരുണമായിരുന്നു. മുറവിളികൊണ്ടു നാലുദിക്കും നടുങ്ങി. ഭവനങ്ങൾ കത്തിയെരിഞ്ഞു, പുരുഷന്മാർ കൊല്ലപ്പെട്ടു. സ്ത്രീകളെ വ്യഭിചരിച്ചു.

"അഹോ! മനുഷ്യൻെറ മതഭ്രാന്തു്" ഞാൻ പറഞ്ഞുപോയി.

"കൽക്കട്ടയിലാണ് എൻെറ അമ്മാവൻ താമസിച്ചിരുന്നതു്. ഒരു പ്രസ്സിലെ ഫോർമാൻ ആയിരുന്നു. ഞാനും എൻെറ കൊച്ചനിയനും കൽക്കട്ടയ്ക്കുപോയി രക്ഷപ്പെടണമെന്നു അച്ഛനമ്മമാർ എന്നെ നിർബന്ധിച്ചു. ഞാൻ ആദ്യം വിസമ്മതിച്ചു. പക്ഷേ അവരുടെ നിർബന്ധപൂർവ്വമായ പ്രേരണകൊണ്ടും എൻെറ കൊച്ചനിയൻെറ പ്രാണനെവിചാരിച്ചും ഞാൻ കൽക്കട്ടയിലേക്കു പോകുവാൻ സന്നദ്ധയായി. വളരെ വിഷമിച്ചിട്ടാണ്, ഇന്ത്യയിലേക്കു കടക്കുവാൻ ഞങ്ങൾക്കു പെർമിററ കിട്ടിയതു്. ഞങ്ങൾ റെയിൽവേ സ്റ്റേഷനിലെത്തി. ഈശ്വരാ! ആ സ്റ്റേഷനിലെ കാഴ്ച, അതിഭയങ്കരമായിരുന്നു. ഞാനതു വർണ്ണിക്കുന്നില്ല. സ്ത്രീകളുടെ കമ്പാർട്ടുമെൻറിൽ ഒരുററിടത്തിൽ ഞങ്ങൾ സ്ഥലം പിടിച്ചു. ഒരു ഘോഷംവിളിയോടുകൂടി ട്രെയിൻ മുന്നോട്ടു പാഞ്ഞു. ജീവിതത്തിൽനിന്നും മരണത്തിലേക്കു."

"രാത്രി പന്ത്രണ്ടരയായി" അവൾ തുടർന്നു:—ഒരു മലയുടെ ചരുവിൽക്കൂടി ട്രെയിൻ പകച്ചുപകച്ചു പായുകയാണ്. പെട്ടെന്നു വണ്ടി നിന്നുപോയി. ആരോ ചെയിൻപിടിച്ചു നിറുത്തിയതാണ്. ആയുധധാരികളായ പത്തായിരം പേർ പെട്ടെന്നു ഓടിയടുത്തു. കൊല - കൊള്ള—കവച്ച് ആകാശം പൊട്ടുമാറു നിലവിളി മുഴങ്ങി. എൻെറ അടുത്തിരുന്നതു് ഒരു മുസ്ലീം യുവതിയായിരുന്നു. അവർ എനിക്കൊരു പർദ്ദീസാരി തലയിലിടുവാൻ. പന്തം കൊളുത്തിപ്പിടിച്ചുകൊണ്ടു കുറച്ചു മുട്ടാളന്മാർ ഞങ്ങളുടെ കമ്പാർട്ടുമെൻറിൽ ചാടിക്കയറി.

"ഹിന്ദുവോ, മുസ്ലീമോ?" ഒരുത്തൻ അലറി.

ഞാൻ വിറച്ചു.

"ഇവളെൻെറ അനിയത്തിയാണ്. മുസ്ലീംസ്" ആ ദയാശീല ഉത്തരംപറഞ്ഞു.

ആ അക്രമികൾ ഞങ്ങളുടെ കമ്പാർട്ടുമെൻറിൽനിന്നു അഞ്ചാറു ഹിന്ദുയുവതികളെ വലിച്ചിഴച്ചുകൊണ്ടു പുറത്തിറങ്ങി.

"ഹാ! മതമാണ് മനുഷ്യനെ നശിപ്പിക്കുന്നതു്" ബാലൻ വികാരാധീനനായി.

"പൈശാചികമായ നിശ്ശബ്ദത" അവൾ തുടർന്നു:—

ഒരഞ്ചുമിനിട്ടു കഴിഞ്ഞുകാണും, ഒരു മുഹമ്മദീയൻ ഓടിയണച്ചുവന്നു. എന്നെ രക്ഷിച്ച സ്ത്രീയുടെ ഭർത്താവാണ്.

"ഇവിടുന്നു ൩ മൈൽ ഉള്ള വീട്ടിലെത്താൻ. നമുക്കു നടന്നുകളയാം. ഇവിടെ നിന്നാൽ രക്ഷയില്ല" അയാൾ പറഞ്ഞു.

"ഈ സ്ത്രീ കൂടിയുണ്ടു്" അവർ ഭർത്താവിനെ അറിയിച്ചു.

"ഹിന്ദുക്കളാണോ?"

"അതേ, കഷ്ടമുണ്ടു വിട്ടിട്ടുപോയാൽ"

"എനിക്കറിയാൻവയ്യ, അപകടമാണ്"

"ഏതായാലും വരട്ടെ" ആ സ്ത്രീ ഭർത്താവിനോടു യാചിച്ചുപറഞ്ഞു.

"ഞങ്ങൾ നടന്നുനടന്നു അടുത്തദിവസം ൧൦ മണി ആയപ്പോഴേയ്ക്കു മേൽപറഞ്ഞ വീട്ടിലെത്തി" അവൾ കഥ തുടർന്നു:—പശ്ചിമബംഗാളിൻെറ പടിഞ്ഞാറെ അതിർത്തിയാണ്.

നേരം എരിഞ്ഞടങ്ങാറായി, ദൂരെ എവിടെയോ ഭയങ്കരമായ ജനാരവം കേട്ടുതുടങ്ങി. ഞങ്ങൾ പരിഭ്രമിച്ചു നാലുപാടും നോക്കി. മുറവിളികൊണ്ടു അന്തരീക്ഷം മുഖരിതമായി. അതിനിടയിൽ "മഹാത്മാഗാന്ധി കീ ജേയ്" എന്നുള്ള ജയശബ്ദങ്ങളും കേൾക്കാമായിരുന്നു.

"അയ്യോ! വാപ്പായെ കൊന്നു, ഹിന്ദുക്കൾ അത്തായെ കൊന്നു." തലപൊട്ടി ചോരയൊഴുക്കി നിലവിളിച്ചുകൊണ്ടു ആ മുസ്ലീംവനിതയുടെ ൫ വയസ്സു പ്രായമുള്ള മകൻ ഓടിക്കിതച്ചുവന്നു. ഞങ്ങൾ വാവിട്ടു നിലവിളിച്ചു. മാത്രകൾ കഴിഞ്ഞു ആ പിഞ്ചു ബാലനും മരിച്ചു.

"അതേ, പൂർവ്വബംഗാളിൽ മുഹമ്മദീയർ ഹിന്ദുക്കളേയും പശ്ചിമബംഗാളിൽ ഹിന്ദുക്കൾ മുഹമ്മദീയരെയും കൊല്ലുന്നു. അങ്ങനെ മനുഷ്യൻ മനുഷ്യനെ കൊല്ലുന്നു; എല്ലാം മതത്തിൻെറ പേരിൽ" വികാരാധീനനായി ബാലൻ പുലമ്പി.

"ഒരു മണിക്കൂർ കഴിഞ്ഞുകാണും" അവൾ തുടർന്നു:—

കുറച്ചുപേർ ആ വീട്ടിൽ ചാടിക്കയറി. ബോധരഹിതയായ ആ മുസ്ലീം സ്ത്രീയെ അവർ നിർദ്ദാക്ഷിണ്യം വ്യഭിചരിച്ചു. എൻെറ അനിയൻ ക്ഷീണിച്ചു മയങ്ങിക്കിടക്കുകയായിരുന്നു. അവർ അവനെ പിടിച്ചു വെളിയിലിട്ടു.

"ഏ, ഹിന്ദുവല്ലേ, പോട്ടെ" ഒരുത്തൻ പറഞ്ഞു.

"പക്ഷേ, ഇവൾ ഇരിക്കട്ടെ, അതിനു ഹിന്ദുവെന്നോ മററാ ഉണ്ടോ" മറെറാരുത്തൻെറ അഭിപ്രായമായിരുന്നു.

"ആ നശിച്ച അന്ധകാരത്തിലേക്കവർ എന്നെ പിടിച്ചുവലിച്ചു ഞാൻ പൊട്ടിക്കരഞ്ഞു എൻെറ ഓമനക്കുട്ടൻ മാറത്തടിച്ചു.

ഏഴെട്ടുദിവസം എന്നെ ഒരു മുറിയിലടച്ചിട്ടു് അവർ മൃഗീയമായവിധം എൻെറ ചാരിത്രഭംഗം ചെയ്തു."

"ഏഴാമത്തെ ദിവസമാണ് ഈ വല്യമ്മ മറെറാരുത്തൻെറ അകമ്പടിയോടുകൂടി ഒരു പഴ്സുമന്തി അവിടെ ആഗതയായതു്. ൨൫൦ രൂപയ്ക്കു എന്നെ അവർ വിലയ്ക്കുവാങ്ങി. മരിക്കുവാൻപോലും എനിക്കവസരം കിട്ടിയില്ല. എന്നെ ഈ വേശ്യാലയത്തിൽ പ്രതിഷ്ഠിച്ചിരിക്കയാണ്. ഇവിടുത്തെ ഗവമ്മെൻറു നിശ്ചയിച്ചിരിക്കുന്ന വ്യഭിചാരത്തിൻെറ ലൈസൻസു സംഖ്യ ൫൦ രൂപയാണ്." "ഓഹോ ഞങ്ങൾ അമൃതബസാർ പത്രികയിൽ വായിച്ചു, യു. പി. ഗവമ്മെൻറു വക്കീലന്മാർക്കും വേശ്യകൾക്കും നിശ്ചയിച്ചിരിക്കുന്ന ലൈസൻസുസംഖ്യ ൫൦ രൂപയാണെന്നു്." ഞങ്ങളിൽ ഒരുത്തൻ പറഞ്ഞു.

"അങ്ങനെ എൻെറ കമ്പോളവില ൩൦൦ രൂപയാണ്." അവൾ തുടർന്നു:—എൻെറ ആശകളെല്ലാം തകർന്നു. ഇന്നേയ്ക്കു ഒരുമാസം തികയുന്നു എന്നെ ഈ വേശ്യാലയത്തിൽ കൊണ്ടുവ

ശാസ്ത്രപംക്തി

# സൂര്യബിംബത്തിലെ കളങ്കങ്ങൾ

എസ്. പരമേശ്വരൻ

ചന്ദ്രബിംബത്തിലുള്ള കറുത്ത പാടുകൾ അഥവാ കളങ്കങ്ങൾ നമുക്കു സുപരിചിതങ്ങളാണ്. സ്വയം നോക്കികണ്ടിട്ടില്ലാത്തവരുടെ ശ്രദ്ധയെ കവികളുടെ ഉൽപ്രേക്ഷകളെങ്കിലും അങ്ങോട്ടു തിരിച്ചുവിടാതിരിക്കയില്ല. ഏതു വിധത്തിലായാലും അതൊന്നു നോക്കി മനസ്സിലാക്കീട്ടില്ലാത്തവർ ചുരുങ്ങും. ചന്ദ്രനെക്കാൾ നമുക്കു പ്രിയങ്കരനാണല്ലോ സൂര്യൻ. കൂടുതൽ സമയം നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതും ആദിത്യനല്ലേ. ചന്ദ്രബിംബത്തിലെന്നപോലെ സൂര്യബിംബത്തിലും ചില കറുത്ത പാടുകൾ അഥവാ കളങ്കങ്ങൾ പ്രത്യക്ഷപ്പെടാറുണ്ടെന്നു ധരിച്ചിട്ടുള്ളവർ എത്രപേരുണ്ടാവും; അവരിൽത്തന്നെ എത്ര ചുരുക്കം ആളുകളാണ് അതു നോക്കിമനസ്സിലാക്കീട്ടുള്ളതു്. ഉഗ്രകിരണനായ സൂര്യനെ സൂക്ഷിച്ചുനോക്കുന്നതു പോകട്ടെ, അഭിമുഖമായി നിന്നുകൊണ്ടു കണ്ണൊന്നു തുറക്കുന്നതിനുപോലും നമുക്കു കഴിയുന്നില്ല. സൂര്യനെക്കുറിച്ചുള്ള നിരീക്ഷണങ്ങളെല്ലാം അതുകൊണ്ടു അല്പം വിഷമം പിടിച്ചവതന്നെ. എന്നാൽ പുകപിടിപ്പിച്ച ഒരു കണ്ണാടിച്ചില്ലിലൂടെ സൂര്യബിംബത്തെ നോക്കുവാൻ—ഉററു നോക്കുന്നതിനുപോലും—ഒട്ടും പ്രയാസമില്ല.

പുകപിടിപ്പിച്ച ഒരു കണ്ണാടിച്ചില്ലിലൂടെ നോക്കുന്നതായാൽ സൂര്യബിംബം നമുക്കു പ്രത്യക്ഷപ്പെടുന്നതു് 'ശീതകിരണ'നായിട്ടായിരിക്കും. ചന്ദ്രനിൽനിന്നു ഒരു വ്യത്യാസംമാത്രം. ചന്ദ്രബിംബത്തിനു വൃദ്ധിക്ഷയങ്ങളുണ്ടാകാറുണ്ട്. സൂര്യബിംബത്തിനു അങ്ങനെയുള്ള മാററങ്ങളുണ്ടാകുന്നില്ല എന്നു്, ഏതുസമയത്തുനോക്കിയാലും പൂർണ്ണവൃത്തമായേ സൂര്യബിംബം പ്രത്യക്ഷപ്പെടു. സ്വയംപ്രകാശിക്കുന്നതുകൊണ്ടാണു ഭാനുമാൻ സദാ പൂർണ്ണവൃത്തമായി കാണപ്പെടുന്നതു്. നമ്മിൽനിന്നുള്ള അകൽച്ചയുടെ കൂടുതൽകൊണ്ടു സൂര്യൻ ദൃശ്യമാവുന്നതു ഒരു ചെറിയ വൃത്തമായിട്ടാകുന്നു; ഈ പത്രികയുടെ ഒരുവശത്തു വരയ്ക്കാവുന്ന വൃത്തത്തെക്കാൾ ചെറുതായിട്ടു്. അതുകൊണ്ടു അതിലുള്ള കളങ്കങ്ങൾ നമുക്കു കാണുവാൻകഴിഞ്ഞില്ലെന്നു വരാം. അതുകൊണ്ടു ഒരു ദൂരദർശിനിയുടെ സഹായത്തോടുകൂടി സൂര്യബിംബത്തിലെ കളങ്കങ്ങളെ നിരീക്ഷിക്കുവാൻ പ്രയാസമില്ല. ദൂരദർശിനിയിലൂടെ സൂര്യബിംബത്തെ നിരീക്ഷിക്കുക—അല്ല നോക്കുന്നതുപോലും—ആപൽക്കരമായ ഒരു കൃത്യമാകുന്നു. നേരിട്ടുതന്നെ നോക്കുവാൻ വയ്യാത്ത ഒന്നല്ലേ പ്രചണ്ഡകിരണൻ, അപ്പോൾ ദൂരദർശിനിയിലൂടെ നോക്കിയാലോ? അതൊന്നു നോക്കുവാൻ ശ്രമിക്കുന്ന വ്യക്തിയുടെ നയനങ്ങൾ അപകടത്തിലായതുതന്നെ, സംശയമില്ല. പുകപിടിപ്പിച്ച കണ്ണാടിച്ചില്ലിന്റെയോ അതുപോലെയുള്ള സാമഗ്രികളുടെയോ സഹായത്തോടുകൂടിയല്ലാതെ ദൂരദർശിനിയിൽക്കൂടി സൂര്യബിംബത്തെ നോക്കുവാൻ പാടില്ലാത്തതു്. ദൂരദർശിനിയിലൂടെ സൂര്യബിംബത്തെ നിരീക്ഷിക്കുക എന്നു പറയുമ്പോഴെല്ലാം വേണ്ട കരുതലുകളോടുകൂടി നിരീക്ഷിക്കുക എന്നാണു വിവക്ഷ. ദൂരദർശിനിയിലൂടെ സൂര്യബിംബത്തെ പരിശോധിക്കുന്നതായാൽ ചില അവസരങ്ങളിൽ കളങ്കങ്ങൾ ദൃശ്യമാകാറുണ്ട്. അപൂർവ്വം ചിലപ്പോൾ ദൂരദർശിനിയുടെ സഹായം കൂടാതെതന്നെ ചില കളങ്കങ്ങൾ കാണുവാൻകഴിഞ്ഞു എന്നു വരാം. സൂര്യബിംബത്തിലെ പ്രഭ കുറഞ്ഞ ഭാഗങ്ങളാണ് കളങ്കങ്ങളായി നമുക്കു പ്രത്യക്ഷപ്പെടുന്നതു്. യഥാർത്ഥത്തിൽ പ്രഭ കുറഞ്ഞതായി തോന്നുന്ന, ആ ഭാഗങ്ങൾക്കു ചന്ദ്രന്റെ പ്രഭയെ അപേക്ഷിച്ചു ഇരുപതോ മുപ്പതോ മടങ്ങു പ്രഭയുണ്ടായിരിക്കും. സൂര്യബിംബത്തിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു ഇവയ്ക്കു പ്രഭ കുറഞ്ഞിരിക്കുന്നതുകൊണ്ടാണ് ആ ഭാഗങ്ങൾ ഇരുണ്ടിരിക്കുന്നതു്.

സൂര്യബിംബത്തിൽ കളങ്കങ്ങൾ ദൃശ്യമാവുന്നതു വല്ലപ്പോഴും മാത്രമാണ്; അല്ലാതെ ചന്ദ്രബിംബത്തിലെന്നപോലെ എന്നുമുള്ളതല്ല. പക്ഷേ സൂര്യബിംബത്തിൽ, കളങ്കങ്ങൾ പ്രത്യക്ഷപ്പെടുമ്പോഴെല്ലാം കുറേദിവസത്തേയ്ക്കുണ്ടായിരിക്കും, കളങ്കം ചെറുതാണെങ്കിൽ അധികകാലം നിലനില്ക്കുന്നതല്ല; വലുതാണെങ്കിൽ കുറെമാസങ്ങളിലേയ്ക്കുതന്നെ നീണ്ടുനിന്നേയ്ക്കും. ഒന്നരക്കൊല്ലം മറഞ്ഞുപോകാതെയിരുന്ന ഒരു സൂര്യകളങ്കം ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിക്കു ഒരിക്കൽ വിഷയീഭവിച്ചിട്ടുണ്ട്. ചില കളങ്കങ്ങൾ ക്രമേണ വലുതാവുകയും ചിലപ്പോൾ രണ്ടായി ഭേദിക്കപ്പെടുകയും ചെയ്യാറുണ്ട്. ഈ കളങ്കങ്ങൾ സൂര്യബിംബത്തിന്റെ എല്ലാ ഭാഗത്തും കാണപ്പെടുന്നില്ല; ഒരു പ്രത്യേക മേഖലയിൽ മാത്രമേ ഉണ്ടാകാറുള്ളു. ഭൂഗോളത്തിനു ഒരു മദ്ധ്യരേഖയുണ്ടെന്നു നാം സങ്കല്പിക്കാറുണ്ടല്ലോ. അതുപോലെ ഒരു മദ്ധ്യരേഖ സൂര്യഗോളത്തിലുമുണ്ടെന്നു സങ്കല്പിച്ചാൽ, ആ രേഖയുടെ ഇരുവശത്തും (മുകളിലും കീഴിലുമായി) അക്ഷാംശങ്ങൾ (latitudes) ൫ ഡിഗ്രിക്കും ൪൦ ഡിഗ്രിക്കും ഇടയ്ക്കുമുള്ള ഭാഗങ്ങളിൽ മാത്രമാണു കളങ്കങ്ങൾ പ്രത്യക്ഷപ്പെടാറു്.

കളങ്കങ്ങൾക്കു ചുററുമുള്ള ഭാഗങ്ങൾ, ഇതരഭാഗങ്ങളെ അപേക്ഷിച്ചു കൂടുതൽ പ്രകാശമുള്ളതായിരിക്കും. പ്രഭകൂടിയ ഈ ഭാഗങ്ങളെ 'ഫാക്കലെ' (Faculae എന്നു വിളിച്ചുപോരുന്നു. അവ, നന്നേ പ്രകാശിക്കുന്നതും ബാഷ്പരൂപത്തിൽ വർത്തിക്കുന്നതുമായ പദാർത്ഥങ്ങളുടെ വലിയ ചിറകെട്ടുകളാണത്രെ. ആ ചിറകെട്ടുകൾക്കു സഹസ്രക്കണക്കായുള്ള മൈലുകൾ ഘനമുണ്ടായിരിക്കും. കളങ്കങ്ങൾ പ്രത്യക്ഷപ്പെടുന്ന ഒരു സന്ദർഭത്തിൽ ആ കളങ്കങ്ങളെ പ്രതിദിനം നിരീക്ഷിച്ചു എന്നു വയ്ക്കുക. അവയ്ക്കു് അല്പാല്പമായി സ്ഥാനംമാററം സംഭവിച്ചുകൊണ്ടിരിക്കുന്നതായി കാണാം; ഈ ചലനം കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ്, സൂര്യബിംബത്തിൽ കിഴക്കെ അററത്തായി കളങ്കങ്ങൾ പ്രത്യക്ഷപ്പെടുന്നു; അവ അല്പാല്പമായി പടിഞ്ഞാറോട്ടുമാറുകയും, അവസാനമായി പടിഞ്ഞാറെ ഭാഗത്തായി മറയുകയുംചെയ്യുന്നു. ഈ കറുത്ത പാടുകൾക്കെല്ലാംതന്നെ ഒരേതരത്തിലാണ്—ഒരേ വേഗതയിലും ഒരേഭാഗത്തേയ്ക്കുമാണ്—ചലനമുണ്ടായിക്കൊണ്ടിരിക്കുന്നതു്. അതിൽനിന്നു് സൂര്യമണ്ഡലത്തിനുതന്നെ ചലനമുണ്ടെന്നു ഊഹിക്കരുതോ? ഏതെങ്കിലും ഒരു കളങ്കം സൂര്യബിംബത്തിന്റെ പടിഞ്ഞാറെഭാഗത്തായി മറയുന്നതു നിരീക്ഷിച്ചു എന്നുവയ്ക്കുക. അതേ കളങ്കം പതിന്നാലുദിവസംകഴിഞ്ഞു കിഴക്കുവശത്തായി പ്രത്യക്ഷപ്പെടുന്നുണ്ടാവും. ആദ്യംനിരീക്ഷിക്കപ്പെട്ട സ്ഥാനത്തു് എത്തുന്നതിനു പിന്നെയും പതിമൂന്നുദിവസംകൂടി കഴിയണം. ചുരുക്കത്തിൽ ഒരു കളങ്കം സൂര്യബിംബത്തിൽ ഒരേസ്ഥാനത്തായി കാണപ്പെടുന്നതു് ഇരുപത്തേഴുദിവസങ്ങൾ ഇടവിട്ടാണ്. ഇതെന്തുകൊണ്ടെന്നു പര്യാലോചിക്കാം:

സൂര്യൻ (അതിന്റെ അച്ചുതണ്ടിൽ) സ്വയം കറങ്ങുന്നുണ്ട്. ഒരു കറക്കത്തിന് ഇരുപത്തഞ്ചേകാൽ ദിവസം വേണം. പക്ഷേ നമുക്ക് ഭൂമിയിലുള്ളവർക്ക് — സൂര്യന്റെ ഒരുപൂർണ്ണഭ്രമണം ഒരു പൂർണ്ണഭ്രമണമായി തോന്നിക്കുന്നില്ല. ഭൂമി സൂര്യനെ ചുററി വാർഷികപഥംവിലൂടെ പ്രദക്ഷിണം വയ്ക്കുകയാണല്ലോ; അതു കിഴക്കുനിന്നുപടിഞ്ഞാറോട്ടാകുന്നു. ഇരുപത്തഞ്ചേകാൽദിവസത്തിനിടയ്ക്കു ഭൂമി അതിന്റെ വാർഷികപഥംവിലൂടെ കുറേദൂരം സഞ്ചരിച്ചിട്ടുണ്ടാവും. തൽഫലമായി സൂര്യന്റെ ഒരുസമ്പൂർണ്ണഭ്രമണംകഴിയുമ്പോൾ ഭൂമിയുടെ സ്ഥാനം അല്പം മാറിക്കഴിഞ്ഞിരിക്കും, അല്പംപടിഞ്ഞാറോട്ട്. സൂര്യൻ അല്പംകൂടി കറങ്ങിയാലേ പൂർണ്ണഭ്രമണമായി പ്രത്യക്ഷപ്പെടൂ. അതിനു രണ്ടുദിവസത്തെ ഭ്രമണംകൂടി വേണ്ടിവരുന്നു. അങ്ങനെ സൂര്യന്റെ ഒരുഭ്രമണത്തിനു ഇരുപത്തേഴേകാൽദിവസംവേണമെന്നാണ് (ഭൂമിയിലുള്ള) നമുക്കു അനുഭവപ്പെടുന്നതു്.

ഈ കളങ്കങ്ങൾ എന്താണെന്നു നോക്കുക. അഗ്നിപർവ്വതങ്ങളിലും മററുമുണ്ടാകുന്ന വിള്ളലുകൾക്കു സദൃശമായ പിളപ്പുകൾ—അഗാധങ്ങളായ ഗർത്തങ്ങൾ—ആണ് കളങ്കങ്ങളായി നമുക്കു പ്രത്യക്ഷപ്പെടുന്നതു്. ആ ഗർത്തങ്ങൾക്കുള്ളിൽനിന്നും തീജ്ജ്വാലകൾ പുറപ്പെടുന്നുണ്ട്; ചില പദാർത്ഥങ്ങൾവലിച്ചെറിയപ്പെടുന്നുമുണ്ട്. ഈ ഗർത്തങ്ങൾ ഏകദേശം വൃത്താകാരമായിട്ടാണ് നമുക്കു ദൃശ്യമാകുന്നതു്. ചില ഗർത്തങ്ങൾ വളരെ വലുതായിരിക്കും; ചിലതു ചെറുതായും. എത്രയുംചെറിയ ഒരു സൂര്യകളങ്കത്തിന്റെ വ്യാസം അഞ്ഞൂറുമൈൽവരും. അമ്പതിനായിരം മൈലിൽക്കൂടുതൽ വ്യാസമുള്ള ഗർത്തങ്ങളാണ് ചെറിയ പൊട്ടുകൾപോലെ നമുക്കു പ്രത്യക്ഷപ്പെടുന്നതു്. നമ്മുടെ ഭൂമിയെപ്പോലെയുള്ള ഗ്രഹങ്ങൾ അഞ്ചെട്ടെണ്ണം കിടന്നുരുളത്തക്കവണ്ണം അത്ര വലുതായ ഗർത്തങ്ങളും സൂര്യമണ്ഡലത്തിലുണ്ടായിട്ടുണ്ട്. ദൂരദർശിനിയിലൂടെ ഒരു സൂര്യകളങ്കത്തെനിരീക്ഷിക്കുന്നതായാൽ കാണാവുന്ന കാഴ്ച അത്യാശ്ചര്യകരമായിരിക്കും. 'അഗാധമായ ഒരു ഗർത്തം ആ ഗർത്തത്തിന്റെ പാർശ്വങ്ങളിൽ വെള്ളിക്കമ്പികൾപോലെ മിന്നുന്ന ജ്വാലാമാലകൾ ഈ ഗർത്തങ്ങളുടെ പാലങ്ങളെന്നപോലെ പരിശോഭിക്കുന്ന ആഗ്നേയാളികൾ ഇവയെല്ലാം കീഴ മേൽ എടുത്തുമറിക്കുന്ന ഉൽപ്പാതവാതങ്ങൾ' ഇപ്രകാരമുള്ള സംഭവങ്ങളുടെ കേന്ദ്രങ്ങളാണ് സൂര്യകളങ്കങ്ങളോരോന്നും. ചുരുക്കത്തിൽ സൂര്യന്റെ അന്തർഭാഗത്തുനിന്നുണ്ടാകുന്ന പൊട്ടിത്തെറിക്കലാണ് ഈ ഗർത്തങ്ങൾക്കു കാരണം. നിർഗ്ഗമിക്കുന്ന വാതകങ്ങൾ ഇളക്കിവിടുന്ന പ്രചണ്ഡവാതം ആ ഗർത്തങ്ങളെ വലുതാക്കുകയും ഭേദിക്കുകയുംമററും ചെയ്യുന്നുണ്ട്. കാലാന്തരത്തിൽ അവ നികന്നുപോകുന്നുമുണ്ട്. അതോടെ സൂര്യകളങ്കങ്ങൾ ഇല്ലാതാവുന്നു.

ഈ കളങ്കങ്ങൾ ഏതുതരത്തിലാണ് നമുക്കു പ്രത്യക്ഷമാവുന്നതെന്നോ? സൂര്യബിംബത്തിന്റെ ഒത്തനടുവിലുള്ള ഒരു കളങ്കത്തെ സൂക്ഷിച്ചുനോക്കുന്നതായാൽ ഏകദേശം വൃത്താകാരത്തിലുള്ള ആ കളങ്കത്തിന്റെ കേന്ദ്രസ്ഥാനത്തായി മററുഭാഗങ്ങളെക്കാൾ കറുത്ത ഒരു ബിന്ദു കാണാം. അതിനെ പ്രച്ഛായ (umbra) എന്നു വിളിച്ചുപോരുന്നു. ആ ബിന്ദുവിനെച്ചുററി അത്രയേറെ കറുത്തനിറമില്ലാത്ത ഒരു വലയം കാണാം. അതു പരിച്ഛായ (Penumbra. കളങ്കമായി പ്രത്യക്ഷപ്പെടുന്ന ഗർത്തത്തിന്റെ ആഴമേറിയ ഭാഗമാണ് പ്രച്ഛായയായിത്തോന്നിക്കുന്നതു്; അത്രയധികം ആഴമില്ലാത്ത ഭാഗങ്ങൾ പരിച്ഛായയായും. കളങ്കം സൂര്യബിംബത്തിന്റെ ഒത്തനടുവിലാണു പ്രത്യക്ഷപ്പെടുന്നതെങ്കിൽ, പ്രച്ഛായ കളങ്കത്തിന്റെ കേന്ദ്രവർത്തിയായിരിക്കും. അല്ലെങ്കിൽ മാറിട്ടും. സൂര്യബിംബത്തിന്റെഒത്തനടുവിൽദൃശ്യമാവുന്ന ഒരു കളങ്കം പടിഞ്ഞാറോട്ടു മാറുന്നതോടെ ആ കളങ്കത്തിന്റെ കിഴക്കുവശത്തുള്ള പരിച്ഛായ കുറേശ്ശയായി കുറഞ്ഞുവരുന്നു. അവസാനം പ്രച്ഛായ ആ കളങ്കത്തിന്റെ കിഴക്കെ അററത്തായി പ്രത്യക്ഷപ്പെടുന്നു; അനന്തരം അതു മായുകയായി. ഒരു കളങ്കം സൂര്യബിംബത്തിന്റെ പടിഞ്ഞാറേ അററത്താവുമ്പോൾ ഒരു നേരിയ രേഖമാത്രമായിട്ടാണ് കാണപ്പെടുന്നതു്.

സൂര്യബിംബത്തിൽ കളങ്കങ്ങൾ പ്രത്യക്ഷമാവുമ്പോഴെല്ലാം ചില പ്രത്യേകതകൾ നമുക്കു അനുഭവപ്പെടാറുണ്ട്. സൂര്യനെ സംബന്ധിച്ചിടത്തോളം ഈ വ്യത്യാസങ്ങൾ നിസ്സാരം മാത്രമാണെങ്കിലും ഭൂമിയിലുള്ളവർക്കു അവ അത്ര നിസ്സാരങ്ങളല്ല. കളങ്കങ്ങൾ പ്രഭ കുറഞ്ഞ ഭാഗങ്ങളാണല്ലോ. കളങ്കങ്ങളുള്ളപ്പോൾ സൂര്യനിൽനിന്നു നമുക്കു ലഭിക്കാവുന്ന ചൂടു് അല്പം കുറഞ്ഞിരിക്കുമെന്നല്ലെ വിചാരിക്കുവാനിടയുള്ളതു്. വസ്തുസ്ഥിതി അങ്ങിനെയല്ല. കളങ്കങ്ങൾ അധികമാവുംതോറും സൂര്യന്റെ ചൂടു് അധികമാവുന്നതായിട്ടാണ് അനുഭവം. കളങ്കങ്ങൾക്കു കാരണം സൂര്യനിലുണ്ടാകുന്ന പൊട്ടിത്തെറിക്കലാണെന്നു നാം കണ്ടുവല്ലോ. സൂര്യന്റെ അന്തർഭാഗത്തുനിന്നു നിർഗ്ഗമിക്കുന്ന പദാർത്ഥങ്ങളുടെ ഉഷ്ണാധിക്യം പറയേണ്ടതില്ലല്ലോ. ആ ഉഷ്ണാധിക്യമാണ് ഭൂമണ്ഡലത്തെയും മററും കൂടുതൽ ചൂടുള്ളതാക്കിത്തീർക്കുന്നതു്. കളങ്കങ്ങൾ ദൃശ്യമാവുമ്പോഴെല്ലാം അരുണശോഭാവൈചിത്ര്യങ്ങളും (auroral display) പ്രത്യക്ഷപ്പെടാറുണ്ട്. ആകർഷകങ്ങളാണ് ആ കാഴ്ചകൾ.

സൂര്യകളങ്കങ്ങളുടെ അന്തർഭാഗം കാന്തശക്തിയുടേയും വിദ്യുച്ഛക്തിയുടേയും കേന്ദ്രങ്ങളാകുന്നു. തന്നിമിത്തം സൂര്യകളങ്കങ്ങൾ ഭൂമിക്കു അഭിമുഖമായിരിക്കുമ്പോൾ ഭൂമണ്ഡലത്തിലെ കാന്തശക്തിയിലും മററും പല മാററങ്ങളും ഉണ്ടാകും. കാന്തശക്തി സംബന്ധമായ കോളിളക്കങ്ങൾതന്നെ ഉണ്ടാകാറുണ്ട്. ബ്രാഡ്കാസ്റ്റിങ്ങിലും മററും തകരാറുകൾ സംഭവിക്കുന്നതും അതുകൊണ്ടാണ്.

സൂര്യകളങ്കങ്ങൾ ആദ്യമായി നിരീക്ഷിക്കപ്പെട്ടതു് ക്രിസ്ത്വബ്ദം ൧൬൧൦ ലായിരുന്നു. ഷെപ്നർ (Schepner) എന്ന വ്യക്തിയാണ് അതു നിർവഹിച്ചതു്. അതിനുശേഷം സൂര്യകളങ്കങ്ങൾ എത്രയോ പ്രാവശ്യം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇക്കൊല്ലം (൧൯൪൬) ഫെബ്രുവരി മാസത്തിൽ സൂര്യകളങ്കങ്ങൾ ദൃശ്യമാവുകയുണ്ടായി. പതിനാലിഞ്ചു ദൂരദർശിനിയിലൂടെ നിരീക്ഷിച്ചപ്പോൾത്തന്നെ പന്ത്രണ്ടോളം കളങ്കങ്ങൾ കാണാമായിരുന്നു. ഇവയെല്ലാം സൂര്യബിംബത്തിന്റെ ഒരേ ഭാഗത്തുതന്നെയാണ് കൂടിക്കിടന്നിരുന്നതും. അവയിലേററവും വലുതു് ഭൂമിയെ അപ്പാടെ കൊള്ളത്തക്കവണ്ണം അത്ര വലുതു്—അത്ര ചെറുതു്—ആയിരുന്നു. അക്കാലത്തു റേഡിയോമുഖേനയുള്ള ദൂരദേശവാർത്താശ്രവണത്തിലുണ്ടായ വൈഷമ്യം പലരും അനുഭവിച്ചറിഞ്ഞിരിക്കുമല്ലോ; അക്കാലത്തു നാം അനുഭവിച്ച ഉഷ്ണാധിക്യവും—വെയിലിന്റെ കാഠിന്യവും—ശ്രദ്ധിക്കാത്തവർ കാണുകില്ലതന്നെ.

സൂര്യകളങ്കങ്ങൾ എപ്പോഴെല്ലാമുണ്ടാകുമെന്നു കാലേക്കൂട്ടി നിർണ്ണയിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നാണു കാണുന്നതു്.

—o—

ന്നിട്ട്. ഇതിനോടകം എനിക്കു വേണമെങ്കിൽ മരിക്കാമായിരുന്നു. എന്തുകൊണ്ടോ ഞാനതിനു മുതിർന്നില്ല, ഒരു പതിനഞ്ചുദിവസം ഞാൻ മുഖം വീർപ്പിച്ചിരുന്നു. പക്ഷേ അതിലർത്ഥമില്ലെന്നെനിക്കറിയാം. വേശ്യാവൃത്തിക്കു വിധിക്കപ്പെട്ടവളാണു ഞാൻ. ഹൃദയത്തിന്റെ വിശപ്പു ശമിപ്പിക്കുവാൻ എന്റെ മാംസം അറുത്തറുത്തു വില്ക്കുകയാണ്. ഒരു നാലഞ്ചുമാസം മതി, ഞാൻ മുരടിച്ചു നശിക്കുവാൻ.'' അവൾ അക്കഥ മുഴുമിച്ചു.

"ഞാൻ കരഞ്ഞുപോയി'' സോമൻ ഒരു നെടുവീർപ്പിട്ടുകൊണ്ടു തുടർന്നു.—

"ഇങ്ങനെ ഒന്നല്ല, ആയിരമായിരം വേശ്യകളെ സൃഷ്ടിക്കുന്ന പരിതഃസ്ഥിതിയാണ് ഇന്നത്തെ സാമ്പത്തികസാമൂഹ്യവ്യവസ്ഥിതി ഉൾക്കൊള്ളുന്നതു്.'' സോമൻ പറഞ്ഞുനിറുത്തി,

അപ്പോഴേയ്ക്കു നേരം ഇരുളടഞ്ഞു. അങ്ങനെ ഹൃദയഭാരത്തോടുകൂടി ഞങ്ങൾ അന്നു പിരിഞ്ഞു.

—o—

# വിജ്ഞാനവീഥി

—o—

എം. ആർ. കൃഷ്ണപിള്ള

അമേരിക്കൻ ഐക്യനാട്ടിലെ Pentagon ആണ് ഏററവും വലിയ ആഫീസുകെട്ടിടം. വിസ്തീർണ്ണം 34 ഏക്കർ. 32,000 ജോലിക്കാരാണ് നിത്യവും അവിടെ ജോലിചെയ്യുന്നതു്.

* * *

726 അടി പൊക്കമുള്ള ഹൂവർഡാം ആണ് ലോകത്തിലെ അണകളിൽവച്ചു ഏററവും വലിയതു്.

* * *

8,27 200 ചതു: മൈൽ വിസ്തീർണ്ണമുള്ള ഗ്രീൻലൻഡു് ആണ് ഏററവും വലിയ ദ്വീപു്.

* * *

അമേരിക്കയിലെ Yellow Stone National Park-ന് 3350 ചതു: മൈലാണ് വിസ്തീർണ്ണം.

* * *

കാക്ക നൂറുവർഷംവരെ ജീവിച്ചിരിക്കും. Swift എന്ന പക്ഷി മണിക്കൂറിൽ ഇരുനൂറു മൈൽ ദൂരം പറക്കും. ഏററവും വലിയ വേഗമുള്ള ഏറോപ്ലെയിൻ മണിക്കൂറിൽ 650·6 മൈൽ ദൂരം പറക്കും. റയിൽവേയ്ക്കു ഏററവും വലിയ വേഗം മണിക്കൂറിൽ നൂററി ഇരുപത്തഞ്ചു മൈലാണ്.

* * *

പാകിസ്ഥാൻ 3,57,683-ചതു: മൈൽ വിസ്തീർണ്ണവും ഫ്രാൻസ്, ഇററലി, ബെൽജിയം, ഹോളണ്ട് ഈ രാജ്യങ്ങളുടെ ആകെക്കൂടിയുള്ള വിസ്തീർണ്ണം, ഏഴുകോടി അറുപതുലക്ഷം ജനസംഖ്യയുമുള്ള രാജ്യമാണ്. ഇതിൽ 54,100 ചതു: മൈലും നാലുകോടി നാല്പതുലക്ഷത്തോളം ജനങ്ങളും കിഴക്കേ പാകിസ്ഥാനിലാണ്.

* * *

ലീഗ് അഫ് നേഷൻസ് 1920-ജനുവരിയിൽ ജനിച്ചു. 1946-ഏപ്രിലിൽ പിരിച്ചുവിട്ടു. 1945 ൽ ഐക്യരാഷ്ട്രസമിതി — United Nations ജനിച്ചതോടെ ലീഗ് അഫ് നേഷൻസിന് സ്ഥാനമില്ലാതായി.

* * *

1901 മുതൽക്കാണ് നോബൽസമ്മാനങ്ങൾ കൊടുത്തുതുടങ്ങിയതു്. യൂറോപ്പിനുവെളിയിലുള്ളവർക്കോ ഇംഗ്ലീഷുകാരിൽ ആർക്കെങ്കിലുമോ യാതൊരു സമ്മാനവും അക്കൊല്ലം കിട്ടിയില്ല. 1913-ലാണ് (രവീന്ദ്രനാഥടാഗോറിനു്) ഇന്ത്യയ്ക്കു് ഒരു നോബൽസമ്മാനം ആദ്യമായി ലഭിച്ചതു്. അങ്ങനെയാണ് ഗീതാഞ്ജലീകർത്താവിന് സാഹിത്യലോകത്തിൽ ഒന്നാംസ്ഥാനം കിട്ടിയതും.

* * *

ഭൂഗോളത്തോടു് ഏററവും അടുത്തുസ്ഥിതിചെയ്യുന്ന നക്ഷത്രത്തിൽനിന്നും വെളിച്ചം ഒരു സെക്കൻറിൽ ഒരുലക്ഷത്തി എൺപത്താറായിരംമൈൽ വേഗത്തിൽ സഞ്ചരിച്ചാൽത്തന്നെ ഭൂമിയിൽ എത്തുന്നതിന് നാലുസംവത്സരം വേണ്ടിവരും.

* * *

ഭൂഗോളത്തിൽനിന്നും ഒൻപതുകോടി ഇരുപത്തൊൻപതുലക്ഷം മൈൽ അകലെയാണ് സൂര്യൻ സ്ഥിതിചെയ്യുന്നതു്. ചന്ദ്രൻ ഭൂമിയിൽനിന്നും രണ്ടുലക്ഷത്തിമുപ്പത്തൊൻപതിനായിരം മൈൽ ദൂരെയാണ്. ഭൂഗോളത്തിന്റെ അൻപതിലൊരുഭാഗം വലിപ്പമേ ചന്ദ്രനുള്ളു.

* * *

പസഫിക്കുസമുദ്രത്തിൽനിന്നും പടിഞ്ഞാറോട്ടുപോകുന്ന ഒരാൾ ഒരുദിവസം കൂട്ടുകയും കിഴക്കോട്ടുപോകുന്ന ആൾ ഒരുദിവസം കുറയ്ക്കുകയും ചെയ്യില്ലെങ്കിൽ നാട്ടിൽ തിരിച്ചു എത്തുമ്പോൾ ഒരുദിവസത്തിന്റെ വ്യത്യാസം വരും. Round the World in Eighty Days എന്ന ഗ്രന്ഥത്തിലെ നായകന് ഇങ്ങനെയാണ് പ്രമാദംപററിയതു്.







# പൗരസ്ത്യത്തിന്റെ പണ്ഡിതനായ വ്യാഖ്യാതാവ്

## ഇന്ത്യയുടെ അഭിമാനസ്തംഭമായ പണ്ഡിതജവഹരിലാൽ നെഹ്റു

ജവഹരിലാൽനെഹ്റു ഒരു വിശ്രുതകാഷ്മീർകുടുംബത്തിലാണ് ജനിച്ചതു്. ഹിമാലയത്തിന്റെ താഴ്വരകളിൽനിന്നു ഒന്നരശതാബ്ദക്കാലങ്ങൾക്കുമുമ്പ് തെക്കോട്ടു വ്യാപിച്ചുകിടക്കുന്ന ഫലഭൂയിഷ്ഠമായ സമതലപ്രദേശത്തിലേയ്ക്കു ആ കുടുംബം കുടിയേറി പാർപ്പാരംഭിച്ചു. പ്രകൃതിരമണീയമായ ഒരു രാജ്യമാണ് കാഷ്മീർ. എന്നാൽ അവിടം ദാരിദ്ര്യപ്പിശാചിന്റെ ഒരു കൂത്തരങ്ങുമാണ്. മുകിലചക്രവർത്തിമാരെ വളരെ ആകർഷിച്ചിട്ടുള്ള ഒരു പ്രദേശമാണിതു്. പ്രകൃതിസൌന്ദര്യം ആസ്വദിക്കുവാൻ ആ സംസ്ഥാനം സന്ദർശിക്കുന്നവരുടെ സംഖ്യ ഭീമമാണ്. യഥാർത്ഥത്തിൽ ഈ സന്ദർശകരിൽനിന്നു ലഭിക്കുന്ന ധനത്തെ ആശ്രയിച്ചാണ് കാഷ്മീരിലെ ജനങ്ങൾ കഴിഞ്ഞുകൂടിയിരുന്നതു്. എന്നാൽ ൧൯൪൭-ലെ ഇന്ത്യാവിഭജനത്തോടെ ഈ ഉപജീവനമാർഗ്ഗം ആ രാജ്യത്തിനു നഷ്ടമായി. കാഷ്മീർ ഒരു പുണ്യതീർത്ഥകേന്ദ്രംകൂടിയാണ്. അവിടത്തെ ന്യൂനപക്ഷംമാത്രമായ ബ്രാഹ്മണർ പണ്ഡിതന്മാരെന്നു വിളിക്കപ്പെട്ടുവരുന്നു. അവർ സുമുഖന്മാരും സാത്വികരും സമാധാനപ്രിയരും വിജ്ഞാനികളുമാണ്. ഇത്തരം ഒരു കുടുംബമാണ് പണ്ഡിതനെഹ്റുവിന്റേതു്. ഇന്ത്യയിലേയ്ക്കു കുടിയേറിയിട്ടുള്ള ഇത്തരം കുടുംബങ്ങൾ മുഖ്യമായും പഞ്ചാബിലും ഉത്തരപ്രദേശത്തുമായി താമസമുറപ്പിച്ചു. നെഹ്റുകുടുംബം ൧൮-ാം ശതാബ്ദത്തിന്റെ ആരംഭകാലത്താണ് ഇന്ത്യയിലേയ്ക്കു കുടിയേറിയതു്. അതു ഏതാണ്ടു മുകിലസാമ്രാട്ടുകളുടെ ഭരണം അധഃപതിച്ചുതുടങ്ങിയ കാലഘട്ടമാണ്. നെഹ്റുമാരുടെ ആദ്യത്തെ കുടുംബപ്പേരു് കാവുൾ എന്നായിരുന്നു. അതു പിന്നീടു കാവുൾ-നെഹ്റുവായിത്തീരുകയും അതു ലോപിച്ചു വെറും നെഹ്റുവായിത്തീരുകയുമാണുണ്ടായതു്. ജവഹരിലാലിന്റെ മുത്തച്ഛൻ ഡെൽഹി പോലീസ് ആഫീസ്സറായിരുന്ന പണ്ഡിറ്റു ഗംഗാധർ ആയിരുന്നു. അദ്ദേഹം ൧൮൬൧-ൽ ൩൪-ാമത്തെ വയസ്സിൽ ചരമം പ്രാപിച്ചു. അന്നു അത്ര പ്രതാപമൊന്നുമില്ലായിരുന്ന ആ കുടുംബം ആഗ്രായിലേയ്ക്കു നീങ്ങി. ജവഹരിലാലിന്റെ പിതാവായ മോട്ടിലാലാണ് സ്വപ്രയത്നംകൊണ്ടു അഭിഭാഷകവൃത്തിയിൽ ശ്രേഷ്ഠപദവിയിലേയ്ക്കുയർന്നതു്. അലഹബാദിലെ ആനന്ദഭവനം മോട്ടിലാൽനെഹ്റുവിന്റെ ഭവനമാണ്. ഉത്തരപ്രദേശത്തെ ഒരു മഹൽസ്ഥാപനമാണതെന്നു പറഞ്ഞാൽ ഒരതിശയോക്തിയുമില്ല. സർ സുന്ദരലാൽ, സതീശബാനർജി, തേജ്ബഹദൂർ സപ്രു എന്നിവരോടൊപ്പം മോട്ടിലാലും അന്നു ഒരു അഭിഭാഷകപ്രമുഖനായിരുന്നു. അതു ഏതാണ്ടു് ൧൮൮൯-ൽ ആയിരുന്നു. എന്നാൽ മററുള്ളവരെപ്പോലെ മോട്ടിലാൽ ഒരു സർവ്വകലാശാലയിലുംനിന്നു ബിരുദം സമ്പാദിച്ചിരുന്നില്ല. അദ്ദേഹം സുന്ദരലാലിനെപ്പോലെ വലിയ നിയമപണ്ഡിതനും ആയിരുന്നില്ല. എന്നാൽ അദ്ദേഹം അഭിഭാഷകവൃത്തിയിൽ മുന്നണിയിൽത്തന്നെയായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യം ആരെയും വശീകരിക്കുന്നതായിരുന്നു. ൧൮൬൧ൽ ടാഗ്ഗോർമഹാകവി ഭൂജാതനായ മേയ് ൬-ാം തീയതിതന്നെയാണ് മോട്ടിലാലിന്റെയും ജനനം. പണ്ഡിതജവഹരിലാൽനെഹ്റു ൧൮൮൯-നവംബർ ൧൪-ാംനു ജനിച്ചു. മാതാവിന്റെ പേർ ശ്രീമതി സ്വരൂപറാണി എന്നാണ്. ഇന്ത്യൻസാമൂഹ്യജീവിതത്തെയാകമാനം ഇംഗ്ലണ്ടു് സ്വാധീനം ചെയ്തിരുന്ന കാലമായിരുന്നു അതു്. അഭിഭാഷകപ്രമാണികളുടെയും ഡാക്ടറന്മാരുടെയുംമററും സന്താനങ്ങളെ യൂറോപ്യൻരീതിയിൽ പരിശീലനംനൽകുന്ന വിദ്യാലയങ്ങളിലേയ്ക്കു അയച്ചുപോന്നു. ഈ ജീവിതരീതികളിൽ സാമാന്യജനത്തിനു ഒരു സ്വാധീനവും ഉണ്ടായിരുന്നില്ല. ൧൮൮൫-ൽ ഇന്ത്യൻനാഷണൽകാൺഗ്രസ്സ് രൂപമെടുത്തു. ഏ. ഓ. ഹ്യൂം ആണ് അതിന്റെ ജനയിതാവു്.

പണ്ഡിതനെഹ്റു ഒരു ഇന്ത്യൻ വിദ്യാലയത്തിലും പഠനം നടത്തിയിട്ടില്ല. ഇംഗ്ലീഷ് ട്യൂട്ടറന്മാരാണ് അദ്ദേഹത്തിനു വിദ്യാഭ്യാസം നൽകിയതു്. ൧൯൧൬ ഹോംറൂൾപ്രസ്ഥാനമാരംഭിച്ചകാലമാണ്. ഡാ: ആനിബസൻറാണ് അതിന്റെ ജനയിത്രി. എന്നാൽ പെട്ടെന്നുതന്നെ ഗാന്ധിജി സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേയ്ക്കു കാലൂന്നി. ൧൯൨൦-ഓടെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ രാഷ്ട്രീയപ്രസ്ഥാനം ശക്തിപ്രാപിച്ചു.

൧൯൦൫-ൽ നെഹ്റുകുടുംബം ഇംഗ്ലണ്ടിലേയ്ക്കു കപ്പൽകയറി. ഇംഗ്ലണ്ടിൽ ഹാരോയിൽ രണ്ടുവർഷം പഠിച്ചശേഷം ൧൯൦൭-ൽ ജവഹരിലാൽ നെഹ്റു തന്റെ ൧൭-ാമത്തെ വയസ്സിൽ കേംബ്രിഡ്ജിലെ ട്രിനിററികാളേജിൽ ചേർന്നു. മൂന്നുവർഷം കഴിഞ്ഞു് നാച്വറൽസയൻസിനു് ഒരു സെക്കൻഡ്ക്ലാസ്സ് നേടിക്കൊണ്ടു് അദ്ദേഹം ബിരുദം സമ്പാദിച്ചു. പിന്നീടദ്ദേഹം ഇന്ത്യയിലേയ്ക്കു മടങ്ങി. ഒരു അഭിഭാഷകനെന്ന നിലയിൽ നെഹ്റു പിതാവിനെപ്പോലെഅറിയപ്പെട്ടിരുന്നില്ല ൧൯൧൬ ഫെബ്രുവരിയിൽ തന്റെ ൨൭-ാമത്തെ വയസ്സിൽ ജവഹരിലാൽ കമലയെ വിവാഹംചെയ്തു. ഇരുപത്തിയൊന്നുമാസങ്ങൾ കഴിഞ്ഞു് കമലാനെഹ്റു ഇന്ദിരയെപ്രസവിച്ചു. പണ്ഡിതനെഹ്റുവിന്റെ ഏകപുത്രിയാണ് ഇന്ദിര. ഇതിനിടെ ഗാന്ധിജിയെകണ്ട നെഹ്റു മഹത്തായ ഒരു പരിവർത്തനഘട്ടം കടക്കുകയായിരുന്നു. ൧൯൩൬ ഫെബ്രുവരി ൨൮-ാംനു സ്വിററ്സർലണ്ടിൽവച്ചു് കമലാനെഹ്റു നിര്യാതയായതോടെ ജവഹരിലാലിന്റെ വിവാഹജീവിതം അവസാനിച്ചു. ൧൯൨൦നുശേഷമുള്ള ജവഹരിലാലിന്റെ രാഷ്ട്രീയപ്രവർത്തനങ്ങളും അടിക്കടിയുള്ള ജയിൽജീവിതങ്ങളും കമലയുമായുള്ള സാമീപ്യത്തിനുള്ള സന്ദർഭങ്ങൾ ദുർല്ലഭമാക്കിത്തീർത്തു. സിവിലാജ്ഞാലംഘനകാലത്തു് രാഷ്ട്രത്തിന്റെ ആഹ്വാനം സ്വീകരിച്ചു് രോഗഗ്രസ്തയായിരുന്നെങ്കിലും കമലാനെഹ്റുവും നിയമം ലംഘിച്ചു് ജയിലിൽ പോയി. സഹോദരിമാരായ വിജയലക്ഷ്മിയോടും മിസ്സിസ്സ് കൃഷ്ണഹതീസിംഗിനോടുമുള്ള ജവഹരിലാലിന്റെ വാത്സല്യം വിശിഷ്ടതരമാണ്.

ഗാന്ധിജിയുമായുള്ള അടുപ്പമാണ് പണ്ഡിതനെഹ്റുവിനെ ഒരു പാശ്ചാത്യനാക്കിത്തീർത്തതു്. രാഷ്ട്രപിതാവിനെ അനുകരിപ്പിക്കുന്ന നേതാക്കന്മാർ ഇന്നു ചുരുക്കമാണ്. അവരിൽ പ്രമുഖനാണ് പണ്ഡിതനെഹ്റുവെന്നു് നിസ്സന്ദേഹം പറയാം. എവിടെയും ജനസാമാന്യത്തിന്റെ കണ്ണിലുണ്ണിയായി കരുതപ്പെടുന്ന ജവഹരിലാലിനെ സ്നേഹിക്കാത്ത ഒരു ഹൃദയവും ഇന്നിന്ത്യയിലില്ല. സ്വാതന്ത്ര്യശില്പികളിൽ ഒരാളും ഇന്ത്യയുടെ ഭാഗധേയം നിർണ്ണയിക്കുന്ന മഹനീയവ്യക്തിയും ദരിദ്രനും ധനവാനും ഇടത്തരക്കാരനും ഒരുപോലെ സ്നേഹിക്കുന്ന ഒരു പുരുഷകേസരിയുമായ ജവഹരിലാൽ ഒരു സാർവ്വരാഷ്ട്രീയപ്രമുഖൻകൂടിയാണ്. യൂറോപ്പും അമേരിക്കയും സന്ദർശിച്ചയവസരത്തിൽ അദ്ദേഹം നടത്തിയ ഉൽബോധനങ്ങൾ പാശ്ചാത്യത്തിന്റെയും പൗരസ്ത്യത്തിന്റെയും ശരിയായ ഒരു വ്യാഖ്യാതാവിന്റെ ഉൽബോധനങ്ങളാണെന്നു് അമേരിക്കൻ പത്രങ്ങൾ ചിത്രീകരിക്കുന്നു. യു. എൻ. ഓ. യുടെ ജനറൽ അസംബ്ലിയിലും അമേരിക്കൻ പര്യടനങ്ങളിലും അദ്ദേഹം ചെയ്ത പ്രസംഗങ്ങൾ പൗരസ്ത്യത്തിന്റെ പണ്ഡിതനായ ഒരു വ്യാഖ്യാതാവിന്റെ നിലയിലുള്ളതാണെന്നു് പൗരസ്ത്യലോകം പരക്കെ സമ്മതിച്ചിട്ടുള്ളതാണ്.

ലോകത്തിന്റെ ആശാകേന്ദ്രമാണ് നെഹ്റു. പരസ്പരം മത്സരിച്ചും അവിശ്വസിച്ചും കഴിയുന്ന ഇന്നത്തെ കാലത്തു്, ഗാന്ധിജിയുടെ തനിശിഷ്യനായ പണ്ഡിതനെഹ്റു ലോകമെങ്ങും സന്തുഷ്ടിയും സമൃദ്ധിയും സമത്വവും, സാഹോദര്യവും പുലരുവാൻ ആഗ്രഹിക്കുന്നു. ലോകസമാധാനത്തിന്റെയും ശ്രേയസ്സിന്റെയും ഉറപ്പാണ് നെഹ്റുവെന്നുപറയാം. കൂടിയാലോചനകളും പരസ്പരധാരണയും കൊണ്ടു് ഒതുക്കുവാൻ പാടില്ലാത്തതായ അഭിപ്രായഭിന്നതകളൊന്നും തന്നെയില്ലെന്നു് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ഈ വിശ്വാസത്തിന്റെ പരിണതഫലമാണ് ഈയിടെ ഉണ്ടായ ഇൻഡോ-പാകിസ്ഥാൻ കരാർ. നെഹ്റുവിന്റെ രാജ്യതന്ത്രജ്ഞതയുടെയും ലോകക്ഷേമത്തിലുള്ള ആഗ്രഹത്തിന്റെയും ഫലമായി അനേകം ശത്രുതയിലേക്കു നീങ്ങിക്കൊണ്ടിരുന്ന രണ്ടു രാഷ്ട്രങ്ങൾ ഒന്നോടിയിടകൊണ്ടെന്നപോലെ മിത്രങ്ങളായി ഭവിച്ചു. പരസ്പരം മത്സരിച്ചും വഴക്കടിച്ചും കഴിയുന്ന പാശ്ചാത്യരാഷ്ട്രങ്ങൾക്കു പണ്ഡിതജിയുടെ ഈ ദൃഷ്ടാന്തം ഒരു സാധനപാഠമാണ്. ഇന്ത്യയും പകിസ്ഥാനുംതമ്മിലുള്ള ബന്ധത്തിൽ പരീക്ഷിച്ചുനോക്കിയ ഈ സൗഹാർദ്ദപ്രകടനം കൂടുതൽ വിപുലമായ മണ്ഡലങ്ങളിലും പരീക്ഷിക്കപ്പെടുമെന്നും അങ്ങിനെ ലോകക്ഷേമത്തിനു് അതു സഹായകമായിത്തീരുമെന്നും കരുതാം

൧൯൫൦നുശേഷം ഇപ്പോൾ വീണ്ടും സംസ്ഥാനം സന്ദർശിച്ചിരിക്കുന്ന ജവഹരിലാൽ നെഹ്റുവിനു ജനാവലി നൽകിയ ഗംഭീരസ്വീകരണങ്ങൾ അദ്ദേഹത്തിനോടു് ജനസാമാന്യത്തിനുള്ള വാത്സല്യബഹുമാനാദരങ്ങൾക്കു പ്രത്യക്ഷ തെളിവുകളാണ്. ഇന്ത്യയെ വിജയത്തിൽനിന്നു വിജയത്തിലേയ്ക്കു നയിക്കുവാൻകഴിയുമാറു് ജവഹരലാൽജി നീണാൾ വാഴട്ടെ: ഇന്ത്യൻ റിപ്പബ്ളിക്കു് നീണാൾ വിജയിച്ചാലും.

o





മുകളിലത്തെ വരിയിൽ:—പണ്ഡിതജവഹരിലാൽനെഹ്റു, ജവഹരിലാലിന്റെ പരേതയായ പത്നി ശ്രീ. കമലാനെഹ്റു, നെഹ്റുവിന്റെ വന്ദ്യമാതാവായ സ്വരൂപറാണി, നെഹ്റുവിന്റെ പിതാവായ മോട്ടിലാൽനെഹ്റു, ജവഹരിലാലിന്റെ സഹോദരിയായ ശ്രീമതി വിജയലക്ഷ്മിപണ്ഡിററ്. താഴെ—ജവഹരിലാൽ പുത്രി ഇന്ദിരയും ഇന്ദിരയുടെ പുത്രന്മാരായ രാജീവനും സഞ്ജയനുമൊന്നിച്ചു്. ജവഹരിലാൽനെഹ്റു ൧൯൧൦-ൽ കേംബ്രിഡ്ജിൽ വിദ്യാർത്ഥിയായിരുന്ന കാലത്തെടുത്ത ചിത്രം.

# ഈശ്വരഭക്തി

(തുടർച്ച)

യസ്തു സർവാണി ഭൂതാനി
ആത്മന്യേവാനുപശ്യതി
സർവഭൂതേഷു ചാത്മാനം
തതോ ന വിജുഗുപ്സതേ''

(സർവഭൂതങ്ങളേയും ആത്മാവിലും സർവഭൂതങ്ങളിലും ആത്മാവിനേയും കാണുന്നവൻ പിന്നെ ഒന്നിനേയും ദ്വേഷിക്കയില്ല.) എന്നു് ശ്രുതി പറയുന്നു. രാഗദ്വേഷങ്ങളില്ലാത്തവനു് ദുഃഖവുമില്ല.

''തത്ര കോ മോഹഃ കഃ ശോകഃ
ഏകത്വമനുപശ്യതഃ''

(എല്ലാം ഒന്നായിക്കണ്ടവനു് അജ്ഞാനമെവിടെ? ദുഃഖമെവിടെ?)

''രസോ വൈ സഃ രസം ഹ്യേവാ
യം ലബ്ധ്വാനന്ദീ ഭവതി''

(അദ്ദേഹം രസസ്വരൂപനാണു്. രസസ്വരൂപനായ അദ്ദേഹത്തെ ലഭിച്ചിട്ടു് ആനന്ദിയായിഭവിക്കുന്നു.) ആനന്ദം നിത്യാനന്ദം. എന്തെന്നാൽ അവൻ നിത്യനെ കണ്ടു; നിത്യനായിത്തീർന്നു. പിന്നെ ദുഃഖത്തിനു് ഒരിക്കലും സ്ഥാനമില്ല.

ഈ രസസ്വരൂപനായ ആനന്ദസ്വരൂപനായ ഈശ്വരനോടുള്ള അതിരററ സ്നേഹം— ഈശ്വരനെ അനുഭവിക്കാനുള്ള അതിതൃഷ്ണ ആണു് ഭക്തി.

എന്നാൽ ഈ ഭക്തി ആൎക്കുണ്ടു്? ഈശ്വരനെ കാണായ്കയാലുള്ള തീവ്രവ്യാകുലത.

''ജനങ്ങൾ ഭാര്യയ്ക്കും മക്കൾക്കുംവേണ്ടി കുടം കുടമായി കണ്ണുനീർചൊരിയുന്നു. ഈശ്വരനുവേണ്ടി ഒരുതുള്ളി കണ്ണുനീർ ചൊരിയുന്നവർ എത്രപേരുണ്ടു്.'' എന്നു ഭഗവാൻ ശ്രീരാമകൃഷ്ണൻ ചോദിക്കുന്നു.

''കണ്ഠാവരോധ രോമാഞ്ചാശ്രുഭി
പരസ്പരം ലപമാനാഃ പാവയന്തി
കുലാനി പൃഥിവീം ച''

(കണ്ഠാവരോധം, രോമാഞ്ചം, കണ്ണുനീരു് എന്നിവയോടുകൂടി ഈശ്വരനെപ്പററി പരസ്പരം സംസാരിച്ചിട്ടു് ഭക്തന്മാർ കുലങ്ങളേയും ഭൂമിയേയും പരിശുദ്ധമാക്കുന്നു.) എന്നു് നാരദൻ പറയുന്നു.

കഥം വിനാ രോമഹർഷം
ദ്രവതാ ചേതസാ വിനാ
വിനാനന്ദാശ്രുകലയാ
ശുദ്ധ്യേൽ ഭക്ത്യാ വിനാശയഃ''

രോമാഞ്ചം, അലിയുന്ന മനസ്സു്, ആനന്ദാശ്രു എന്നീ ലക്ഷണങ്ങളുള്ള ഭക്തികൂടാതെ മനസ്സു് എങ്ങനെ ശുദ്ധമാകുമെന്നു് ശ്രീകൃഷ്ണൻ ചോദിക്കുന്നു ഭാഗവതത്തിൽ. ഭക്തിയുണ്ടെന്നുള്ളതിന്റെ ലക്ഷണം ഇതാണു്. ഈയിടെ തിരുവിതാംകൂറിലെ മന്ത്രി പറഞ്ഞു, ഞാൻ അമ്പലത്തിൽ പോകുന്നില്ലെങ്കിലും എനിക്കു ഭക്തിയുണ്ടു് എന്നു്. അമ്പലത്തിൽ പോകുന്നെങ്കിലും ഭക്തിയില്ലാത്തവരുണ്ടു്. അമ്പലത്തെ സ്വാൎത്ഥങ്ങൾക്കുപയോഗിക്കുന്നവരുണ്ടു്. യഥാൎത്ഥഭക്തൻ അമ്പലത്തിൽപ്പോയില്ലെങ്കിലും [illegible]ക്കേടില്ല. അയാൾ ഇരിക്കുന്നസ്ഥലംതന്നെ അമ്പലമാണു്. ''തീൎത്ഥീ കുൎവന്തി തീൎത്ഥാനി'' എന്നാണു് അയാളെപ്പററി നാരദൻ പറയുന്നു്. അയാളുടെ ദൎശനംകൊണ്ടുതന്നെ ലോകം പരിശുദ്ധമായിത്തീരുന്നു.

''ന ഹ്യമ്മയാനി തീൎത്ഥാനി
ന ദേവാ മൃച്ഛിലാമയാഃ
തേ പുനന്ത്യുരുകാലേന
ദൎശനാ ദേവസാധവഃ''

(വെള്ളംകൊണ്ടുള്ള തീൎത്ഥങ്ങളും കല്ലും മണ്ണുംകൊണ്ടുള്ള ദേവവിഗ്രഹങ്ങളും വളരെക്കാലംകൊണ്ടേ പരിശുദ്ധിനൽകൂ. സജ്ജനങ്ങൾ കണ്ടമാത്രംകൊണ്ടുതന്നെ പരിശുദ്ധമാക്കുന്നു) എന്നു് ഋഷിമാർ പറയുന്നു. എന്നാൽ അങ്ങനെയുള്ള ഭക്തന്മാർ എത്ര ദുൎല്ലഭം! നമ്മുടെ മന്ത്രി വിചാരിക്കുന്നതു് താൻ ഒരു വലിയ ഭക്തനാണെന്നാണു്. ഭക്തിയുള്ളവൻ ഒരിക്കലും താൻ ഭക്തനാണെന്നു വിചാരിക്കയില്ല. ഭക്തന്റെ ലക്ഷണംതന്നെ അഭിമാനമില്ലായ്മയാണു്. ''[illegible]നാദപി സുനീചേന'' എന്നാണു് ശ്രീചൈതന്യദേവൻ പറയുന്നതു്. ഭക്തൻ പുല്ലിനെക്കാൾ എളിമയുള്ളവനായിരിക്കും. ഭക്തിവേണമെങ്കിൽ ''അഭിമാനദംഭാദികാംത്യാജ്യം'' (അഭിമാനം, ഡംഭു് മുതലായവ ത്യജിക്കണം) എന്നു നാരദൻ പറയുന്നു. നമ്മുടെ മന്ത്രിക്കു് ഭഗവന്നാമം കേൾക്കുമ്പോഴേക്കു് ആനന്ദാശ്രുക്കളും രോമാഞ്ചവും ഉണ്ടാകുന്നോ എന്നു പരീക്ഷിക്കേണ്ടതാണു്. വാസ്തവത്തിൽ ഭക്തിയുണ്ടെന്നു വിചാരിക്കുന്നവരാരും ഭക്തന്മാരല്ല. ഭക്തിവന്നാൽ പിന്നെ ഒന്നും വേണ്ടതില്ല.

''യമാദിഭിൎയോഗപഥൈഃ
കാമലോഭഹതോ മുഹുഃ
മുകുന്ദസേവയാ യദ്വൽ
തഥാത്മാദ്ധാ ന ശാമ്യതി''

[illegible] ഭാഗവതം പറയുന്നു. ഭക്തിവന്നാൽ [illegible]സിദ്ധമാണു്. അരുണോദയം വന്നാൽ [illegible]ദയം അടുത്തുവെന്നു തീൎച്ചയാണല്ലോ. [illegible] കിട്ടാൻ ഭഗവൽകൃപകൊണ്ടും സത്സംഗം[illegible]ംമാത്രമേ സാധിക്കൂ. എന്നാൽ അതു [illegible] വരെ നാം വെറുതെയിരിക്കയല്ല വേ[illegible]. ഭക്തിയുണ്ടാകാൻ നമുക്കു ചിലതെല്ലാം ചെയ്യാൻകഴിയും. അതു നാം അനുഷ്ഠിക്കണം.

ഭക്തിയുണ്ടാകാൻ ആദ്യമായിട്ടു നാം ചാരിത്രശുദ്ധിയുള്ളവരായി ജീവിക്കണം.

''അഹിംസാസത്യം ശൗചദയാ-
സ്തിക്യാദി ചാരിത്ര്യാണി
പരിപാലനീയാനി''

അഹിംസ, സത്യം, ശുചിത്വം, ദയ, ഈശ്വരവിശ്വാസം മുതലായ സൽഗുണങ്ങളെ നാം വളൎത്തണം. അതിൽ ദയ സർവപ്രധാനമാണു്. നാം അന്യന്മാരോടു ദയയില്ലാത്തവരായിരുന്നാൽ നാം എങ്ങനെ ഈശ്വരന്റെ ദയയ്ക്കർഹന്മാരാകും? ''ദയയുള്ളവർ ഭാഗ്യവാന്മാർ. എന്തെന്നാൽ അവൎക്കു ദയ ലഭിക്കും'' എന്നു ക്രിസ്തു പറയുന്നു. ഇപ്രകാരം ഒരു കഥയുണ്ടു്. ഒരു മഹർഷി ഈശ്വരസാക്ഷാൽകാരത്തിനുവേണ്ടി ദീൎഘകാലം തപസ്സുചെയ്തു. ഒടുവിൽ ''ദ'' എന്നു ഒരു അശരീരി വാണികേട്ടു. അതിന്റെ അൎത്ഥം മഹർഷി വളരെനേരം ആലോചിച്ചു. ഒടുവിൽ അതിന്റെ അൎത്ഥം 'ദമം' എന്താണെന്നു മനസ്സിലായി. മഹർഷി ദമം പൂൎണ്ണമായി സാധിച്ചു. എന്നിട്ടും ഈശ്വരദൎശനമുണ്ടായില്ല. പിന്നെയും തപസ്സുചെയ്തു. കുറെ കാലം കഴിഞ്ഞപ്പോൾ പിന്നെയും 'ദ' എന്ന അശരീരി കേട്ടു. ''ഈ 'ദ' എന്തു്'' എന്നു ചിന്തിച്ചു. ഒടുവിൽ അതിന്റെ അൎത്ഥം 'ദയ' എന്നാണെന്നു മനസ്സിലായി. മഹർഷി മനസ്സു ദയാമയമാക്കിത്തീൎത്തു. എന്നിട്ടും ഈശ്വരനെ കണ്ടില്ല. പിന്നെയും തപസ്സുചെയ്തു. കുറെ നാൾ കഴിഞ്ഞപ്പോൾ പിന്നെയും 'ദ' എന്നു കേട്ടു. ''ഇതെന്തു? പിന്നെയും 'ദ'''. മഹർഷി വീണ്ടും ആലോചിച്ചു. ''ദാനം'' എന്നു് അതിന്റെ അൎത്ഥം മനസ്സിലാക്കി. അതോടുകൂടി അദ്ദേഹത്തിനു് ഈശ്വരദൎശനമുണ്ടായി. ദമം, ദയ, ദാനം എന്നീ മൂന്നും ഉണ്ടെങ്കിലേ ഈശ്വരദൎശനം ലഭിക്കൂ. ദമം പിശുക്കനും ഉണ്ടാകാം. ദയ വന്നാലും പോരാ, അതു കഷ്ടപ്പെടുന്നവൎക്കു സർവസ്വവും ദാനംചെയ്യുന്ന പ്രവൃത്തിരൂപത്തിൽവരണം. എന്നാലേ ഈശ്വരനെക്കാണാൻസാധിക്കൂ. വാസ്തവത്തിൽ ഈശ്വരൻ എവിടെയാണു്? അമ്പലത്തിനകത്തു ശാന്തിക്കാരൻ പൂട്ടിയിട്ടിരിക്കുന്നയാളാണോ? അദ്ദേഹം സർവവ്യാപിയാണെന്നു ഞാൻ പറഞ്ഞുവല്ലോ. അപ്പോൾ സർവസർവ്വമായിരിക്കുന്നതു് അദ്ദേഹമല്ലേ? സർവജീവന്മാരും ഈശ്വരനല്ലേ? അതുകൊണ്ടു്,

''ഈശ്വരോ ജീവകലയാ
പ്രവിഷ്ടോ ഭഗവാനിതി
പ്രണമേദ്ദണ്ഡവൽ ഭൂമാ-
വാശ്വചണ്ഡാലഗോഖരം''

എന്നു ഭാഗവതം പറയുന്നു. (സർവേശ്വരൻതന്നെ ജീവാംശമായിരിക്കുന്നുവെന്നറിഞ്ഞു് സർവജീവരാശികളേയും ഉദ്ദേശിച്ചു് ഭൂമിയിൽ ദണ്ഡനമസ്കാരംചെയ്യണം) എന്നൎത്ഥം.

''സർവഭൂതേഷു യഃ പശ്യേൽ
ഭഗവൽഭാവമാത്മനഃ
ഭൂതാനി ഭഗവത്യാത്മ-
ന്യേഷ ഭാഗവതോത്തമഃ''

എന്നും ഭാഗവതം പറയുന്നു. സർവഭൂതങ്ങളും ഈശ്വരമയമാണു്. അതുകൊണ്ടു് സർവത്ര സ്നേഹപൂൎവം കഷ്ടപ്പെടുന്ന സകലജീവികളുടേയും സേവചെയ്യണം.

പിന്നൊന്നു് ബ്രഹ്മചൎയ്യമാണു്. എല്ലാം ബ്രഹ്മമായതുകൊണ്ടു് കാമത്തിനു് പിന്നെ പ്രസക്തി എവിടെ? ലോകത്തുള്ള സകല സ്ത്രീകളും ദേവിയാണെന്നു് ദേവീമാഹാത്മ്യം പറയുന്നു. ശ്രീരാമകൃഷ്ണദേവൻ ദേവീഭക്തനായിരുന്നു. അതുകൊണ്ടാണു് അദ്ദേഹം തന്റെ ഭാൎയ്യയെപ്പോലും അമ്മയായാരാധിച്ചുവന്നതു്. എന്തെന്നാൽ അമ്മയല്ലാതെ മറെറാന്നുമില്ലെന്നു് അദ്ദേഹം കണ്ടു. അതുകൊണ്ടു് അദ്ദേഹം നിത്യബ്രഹ്മചാരിയായിരുന്നു. അഖണ്ഡബ്രഹ്മചൎയ്യംകൊണ്ടല്ലാതെ ഈശ്വരസാക്ഷാൽക്കാരം സാദ്ധ്യമല്ല.

''സ്ത്രീണാം (പുംസാം) തത്സംഗിനാംസംഗം
ത്യക്ത്വാ ദൂരത ആത്മവാൻ
ക്ഷേമേ വിവിക്ത ആസീന-
ശ്ചിന്തയേന്മാമതന്ദ്രിതഃ''

എന്നു ഭാഗവതത്തിലും,

''ബ്രഹ്മചാരിവ്രതേസ്ഥിതഃ
മനഃ സംയമ്യ മച്ചിത്തോ
യുക്ത ആസീതമൽപരഃ''

എന്നു് ഗീതയിലും ഭഗവാൻ പറയുന്നു. ബ്രഹ്മചൎയ്യമില്ലാത്തവനു് ആത്മികസാധനങ്ങൾക്കുള്ള വീൎയ്യവും ഉണ്ടായിരിക്കയില്ല.

''ബ്രഹ്മചൎയ്യപ്രതിഷ്ഠായാം വീൎയ്യലാഭഃ
എന്നു് യോഗസൂത്രം.

ഭക്തിയുണ്ടാകാനുള്ള വഴികളെപ്പററിയും ഭക്തന്റെ ലക്ഷണങ്ങളെപ്പററിയും വിസ്തരിച്ചു് ഗീതയിലും ഭാഗവതത്തിലും ഉണ്ടു്. സർവോപരി ശ്രീരാമകൃഷ്ണോപദേശങ്ങളിലുണ്ടു്. അവ വായിക്കുക. പഠിക്കുക, അനുഷ്ഠിക്കുക. സദ്ഗ്രന്ഥങ്ങൾ സത്സംഗഫലം തരുന്നതാണു്. സത്സംഗത്തോളം ഭഗവൽഭക്തിക്കു് മറെറാന്നും പററിയ ഉപകരണമല്ലെന്നു ഞാൻ പറഞ്ഞുവല്ലോ. ഭഗവാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ!

# പച്ചമാങ്ങയും ഞാനും

മൂക്കോത്തു കുഞ്ഞപ്പ

മലയാളരാജ്യംവിട്ടു ദൂരരാജ്യങ്ങളിൽ താമസിക്കുന്ന എന്നെപ്പോലുള്ളവൎക്കു് നാട്ടിനെപ്പററി ഓൎമ്മവരുമ്പോൾ, മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം, കൊയ്ത്തുകാലം, ഓണക്കാലം, മാങ്ങാക്കാലം എന്നിങ്ങനെയാണു് ഓൎമ്മവരികപതിവു്. ഇതിൽ ബാക്കിയുള്ള എല്ലാംകാലത്തെപ്പററിയും കവിതകളുണ്ടായിട്ടുണ്ടെങ്കിലും, മാങ്ങാക്കാലത്തെപ്പററി ആരും കവിതയെഴുതിക്കണ്ടിട്ടില്ല എന്നുള്ളതു് അത്ഭുതംതന്നെ; കുട്ടികളുംകൂടി എഴുതിയിട്ടില്ല എന്നുള്ളതാണു് അത്ഭുതത്തിലും അത്ഭുതം. കവിതപോയിട്ടു് ലേഖനമോ, ചെറുകഥയോ മാങ്ങാക്കാലത്തെപ്പററി എഴുതിയതു ഞാൻ കണ്ടിട്ടില്ല ''മാമ്പഴ''ത്തെ മറന്നിട്ടില്ല—

ചെറുകഥയാണെങ്കിൽ, ഒരു ആണിനേയും പെണ്ണിനേയും കൂട്ടിമുട്ടിക്കാൻ ഇത്ര സൗകൎയ്യമുള്ള ഒരു ഏൎപ്പാടില്ല. ഒരു വീഴുന്ന മാങ്ങയ്ക്കു് രണ്ടുപേരെയും ഒന്നിച്ചു് ഓട്ടിയാൽമതി. റൊമാന്റിക്കുകഥയുടെ ബീജമായി. ഒരു ജന്മിയുടെ മകനും മററു കൂലിക്കാരന്റെ മകളുംആണെന്നറിയാൽ, കഥ ജനകീയവുമായി. മാങ്ങ ജന്മിയുടെമകനു കിട്ടിയാൽ കഥ ഒരു വഴിക്കും, കൂലിക്കാരന്റെമകൾക്കു കിട്ടിയാൽ മറെറാരുവഴിക്കും പോകും. മാങ്ങ വീണാൽ ഓടാത്ത കുട്ടിയില്ല. വലിയവരും, ആരും കാണാനില്ലെങ്കിൽ, ഓടും, സംശയമൊന്നുമില്ല. കളവൊന്നും പറയണ്ട. ആരു് ഓടിയില്ലെങ്കിലും

കണ്ണിമാങ്ങ, കരിംകാളൻ,
കനലിൽ ചുട്ട പപ്പിടം,
കാച്ചിയമോരിഹ തന്നീടിൽ
കാണാം ഭക്ഷണകൗശലം.

എന്നു പാടിയ കവി തീൎച്ചയായും ഓടാതിരിക്കയില്ല. മാങ്ങയ്ക്കു പ്രഥമസ്ഥാനംകൊടുത്തതു കണ്ടാലറിയാം എൺപതുവയസ്സിലും അദ്ദേഹം മാങ്ങയ്ക്കുവേണ്ടി ഓടുമെന്നു്.

''പത്തഞ്ഞൂറുകറിക്കു ദാസ്യമിയലും
നാരങ്ങയും മാങ്ങയും''

എന്നുപറഞ്ഞ കവിയാകട്ടെ, സദ്യയെ ഒരുപക്ഷേ ആക്ഷേപിച്ചതായി വ്യാഖ്യാനിച്ചാലും മാങ്ങയെ ആക്ഷേപിച്ചതായി ആക്ഷേപിക്കുവാൻ ഒരിക്കലും തരമില്ല. അങ്ങനെയല്ലെങ്കിൽ അദ്ദേഹം കവിയല്ല.

യഥാൎത്ഥകവികളെ തിരിച്ചറിയുവാൻ മലയാളവിമൎശകന്മാർ പലരും പല വഴികളുമാണു് നിർദ്ദേശിച്ചുകാണുന്നതു്. അവയെല്ലാംതന്നെ ആലോചിച്ചതിൽ, കവിതാവാസന കണ്ടുപിടിക്കാൻ അവയെക്കാളെല്ലാം ഏററവും നല്ല വഴി പച്ചമാങ്ങ കടിക്കാൻകൊടുക്കുന്നതാണെന്നാണു ഗോപാലച്ചേട്ടന്റെ വാദം. കവിതാരോഗമുണ്ടെന്നു സംശയമുണ്ടെങ്കിൽ, അയാളെ നല്ല പുളിയുള്ള പച്ചമാങ്ങ, കഴുകിവൃത്തിയാക്കി, വെളുപ്പിനു വെറുംവയററിൽ ഉപ്പുംകൂടിഇല്ലാതെ കടിച്ചുതിന്നിക്കുകയും, ബാക്കിയുള്ളവർ നോക്കിനില്ക്കുകയുംചെയ്യുക. സ്ഥായീഭാവവും, സഞ്ചാരിഭാവങ്ങളുംഒക്കെ കാണാം മുഖത്തുതന്നെ. പുളിയൻമാങ്ങ രുചിയോടെ തിന്നുന്നവൻ ജീവിതയാഥാൎത്ഥ്യങ്ങളെ അറിയുന്നവനാണു്. മുഖം കോട്ടിയാലും തിന്നാതെവിടാത്തവൻ സഹനശക്തിയുള്ള കവിയാണു്. മുഖംകോട്ടി കാച്ചുതിന്നു, പിന്നെ വേണ്ടെന്നുവയ്ക്കുന്നവൻ പരീക്ഷകമനഃസ്ഥിതിയുള്ളവനാണു്. പുളിയുണ്ടോ എന്നു് കാലേകൂട്ടി ചോദിക്കുന്നവൻ സംശയഗ്രസ്തനും, പുളിയുണ്ടെന്നു് കടിച്ചുനോക്കാതെ തീൎച്ചപ്പെടുത്തുന്നവൻ വിഷാദിയും ആണു്. അതൊന്നുംചെയ്യാതെ, ''ഇതു വീട്ടിൽക്കൊണ്ടുപോയി ചട്ടിണിയുണ്ടാക്കാം,'' എന്നു പറയുന്നവനെങ്കിൽ അയാളാണു് പുരോഗമനസാഹിത്യകാരൻ. ഇങ്ങനെയാണു് ''മാങ്ങാപ്പുളിയൻന്യായം.''

മാങ്ങയുടെ രുചി, സന്ദൎഭത്തിന്നനുസരിച്ചു മാറുന്ന രുചിയാണു്. അങ്ങാടിയിൽനിന്നു വാങ്ങിയതിന്റെ രുചിയൊന്നു വേറെ, വീട്ടിലുണ്ടായതിന്റെ രുചിയൊന്നു വേറെ. ഭാൎയ്യവീട്ടിലുണ്ടായ മാങ്ങയുടെ പുളിയെപ്പററി പറയാനില്ല! ഭാൎയ്യയാകാൻപോകുന്ന വനിതയുടെ വീട്ടിലെ മാങ്ങയെപ്പററി പറയാനൊട്ടുസാദ്ധ്യവുമല്ല. ബന്ധുക്കളുടെ വീട്ടിലുണ്ടാവുന്ന മാങ്ങയുടെ രുചി, അങ്ങോട്ടുചെന്നാൽമാത്രം തരുന്ന മാങ്ങയ്ക്കൊന്നു വേറെ, ഇങ്ങോട്ടു സ്വയം കൊടുത്തയച്ചാലൊന്നു വേറെ എന്നിങ്ങനെ മാറുന്ന രുചിയാണു്. പക്ഷേ എത്ര കേമപ്പെട്ടതായാലും, സ്വന്തംവീട്ടിലെ മാങ്ങപോലെ വരില്ല കേട്ടോ അമ്മാമന്റെവീട്ടിലെ മാങ്ങ. കുട്ടിക്കാലത്തു് ഈ വ്യത്യാസങ്ങളല്ല അധികം അറിയുക; വേറെ വ്യത്യാസങ്ങളാണു്. ഊണുകഴിഞ്ഞുമാത്രം തിന്നാൻസമ്മതിക്കുന്ന പച്ചമാങ്ങയ്ക്കുണ്ടോ വല്ല രുചിയും! അസമയത്തു തിന്നണം. ആരും കാണാതെതിന്നണം. മാസ്റ്റർ ബോർഡിൽ എഴുതുമ്പോൾ ക്ലാസ്സിൽവച്ചു തിന്നണം. ഉച്ചയ്ക്കു ഉണ്ണാൻവിട്ടാൽ മരത്തിൽ എറിഞ്ഞിട്ടുവീഴ്ത്തി തിന്നണം. മാവിൻകൊമ്പിലിരുന്നും തിന്നണം. പച്ചമാങ്ങയായാലും പഴുത്തതായാലും കത്തികൊണ്ടു മുറിച്ചാൽ രസം പോയി. പച്ചമാങ്ങ പാറമേലടിച്ചുപൊട്ടിച്ചു്, ചെറിയ കടലാസ്സിൽ നിങ്ങൾ കൊണ്ടുവന്ന ഉപ്പും, വാസു കൊണ്ടുവന്ന മുളകും, കൂറാം ശ്ശേച്ചേത്തു്, ''വൃത്തവും കോണും ചതുരവുമല്ലാത്ത കഷണങ്ങൾ കടിച്ചു, കടിച്ചുതിന്നാൻ എന്തൊരു രസം! പഴുത്തതു വെട്ടിതിന്നാനല്ല, ചെറുപ്പത്തിൽ രസം: കടിച്ചുതിന്നാനാണു്. നീന്ന ചെറുപ്പത്തിൽ മാങ്ങാച്ചാറു് വിരലിന്റെ ഇടയിൽക്കൂടി കൈമുട്ടുവരെ ഒഴുകുകയുംവേണം അതു കഴുകിക്കളയാനാണു് അമ്മ പറയാറു്. കഷ്ടം! അമ്മക്കറിയാമോ അതിന്റെ രുചി? അമ്മയാവുമ്പോഴേക്കും കുട്ടിക്കാലമൊക്കെ മറന്നുപോകുന്നെന്നാണെ തോന്നുന്നതു്. രണ്ടരവയസ്സുള്ള പയ്യൻ മാങ്ങ തിന്നാൽ അതിന്റെ രുചി പൂത്തിയാവണമെങ്കിൽ, തിന്ന കൈയു, ഉടുത്ത വസ്ത്രത്തിൽ തുടയ്ക്കണം. അതിനുണ്ടോ നിവൃത്തി! ഏത്തിപ്പോയി, അമ്മ, കിണ്ണത്തിൽ വെള്ളവും. പോരാഞ്ഞിട്ടു തോൎത്തുമായി. മാങ്ങതിന്ന കൈ വൃത്തിയായി കഴുകി, തോൎത്തുകൊണ്ടു തുടയ്ക്കണം എന്നാണെങ്കിൽ തിന്നാത്തതല്ലേ ചേട്ടാഭേദം? ചേട്ടനു പക്ഷേ വയസ്സു പത്തായി, അവർ അമ്മയുടെ ഭാഗത്തുചേൎന്നും കഴിഞ്ഞു. കൈയ്യു് കഴുകിയാലും വേണ്ടില്ല, തുടച്ചുംകൂടികളയുന്നതാണു വലിയ സങ്കടം.

സാഹിത്യകന്മാരെ പരീക്ഷിക്കുവാനും, കുട്ടികൾക്കു തിന്നാനും മാത്രം കൊള്ളുന്ന ഒരു ഫലമല്ല, മാമ്പഴം. അതുകൊണ്ടു, എന്തെന്തു ഭക്ഷണപദാൎത്ഥങ്ങളാണു ഗൃഹസ്ഥകളുണ്ടാക്കുകയെന്നാലോചിച്ചുനോക്കുക. അച്ചാറു്, ഉപ്പിലിട്ടതു്, ഉണക്കിപ്പൊടിച്ചതു്, കഷണിച്ചു കറിയിലിട്ടതു്, ചട്ടിണിയാക്കിയതു്, ജാമാക്കിയതു്, സർബ്ബത്തിൽ കലക്കിയതു, എന്നിങ്ങിനെ എണ്ണിയാൽ തീരില്ല മാമ്പഴത്തിൽ നിന്നുണ്ടാക്കുന്ന പദാൎത്ഥങ്ങളുടെ എണ്ണം. അവയെപ്പററി ഓൎമ്മിച്ചാൽത്തന്നെ വായിൽനിന്നു വെള്ളം വരുന്നില്ലേ? ഹാ! അതാണു ചെറുനാരങ്ങയുടെയും മാങ്ങയുടെയും ഗുണം. പായസത്തിനും, പ്രഥമനും ബന്നിനും ഇല്ല, ഇത്ര ക്ഷണം വായിൽ വെള്ളം പൊടിക്കാനുള്ള ചാതുൎയ്യം. അതുകൊണ്ടാണു മാങ്ങ അഞ്ഞൂറുകറിക്കു സമമാണെന്നു ആ മഹാകവി പറഞ്ഞതു്. അഞ്ഞൂറു കറിയോടു മാങ്ങയിട്ടാൽ രുചികൂടുന്ന കറികളുംകൂടി എണ്ണിച്ചേൎക്കണം. അപ്പോൾ ആയിരം കറിയാകും. മത്തിക്കറിയിൽ മാങ്ങാക്കഷണങ്ങൾ ചേൎത്താൽ എന്താണു രസമെന്നു സസ്യഭുക്കുകൾ അറിയില്ല, പാവങ്ങൾ. അവൎക്കു പക്ഷേ പഴുത്ത മാങ്ങകൊണ്ടുള്ള മോർകാളനുണ്ടു്, സമാധാനിക്കാൻ. മാങ്ങ ഉടച്ചു്, ഉപ്പു്, വെള്ളുള്ളി, മുളകു, പഞ്ചസാര എന്നിതൃാദി ചേൎത്തു ബെങ്കാളികൾ ചട്ടിണിയുണ്ടാക്കുന്നു. മാങ്ങയുടെ തോലുകളഞ്ഞു ഉണക്കി പൊടിയാക്കി, മരുന്നിനും, കറിയിലിടാനും ഉപയോഗിക്കുന്നു. പച്ചമാങ്ങതന്നെ അടിച്ചു നെയ്യു പാകമാക്കി പഞ്ചസാരചേൎത്തു വേവിച്ചും ബഹുരസമുള്ള ഒരു ഭക്ഷണപദാൎത്ഥമുണ്ടാക്കാം. ഇതിനെല്ലാററിലും രസമുള്ളതാണു് ''മാങ്ങാവിഡ്ഡി'' എന്നുള്ള പാനീയം—''Mango Fool'' പച്ചമാങ്ങ കഷണങ്ങളാക്കി പുഴുങ്ങുക. പുഴുങ്ങിഉടച്ചു തുണിയിൽ അരിച്ചെടുത്തു പാലും പഞ്ചസാരയുംചേൎത്തു നല്ല തണുത്തവെള്ളത്തിൽ വേണ്ടുന്നത്ര പകൎന്നു അതിഥിക്കു കൊടുക്കുക. പിറേറദിവസം വൈകുന്നേരവും, അതേ സമയത്തു അയാളെ നമ്മുടെ വീട്ടിൽ കാണാം. അന്നും മാങ്ങാവിഡ്ഡി കൊടുത്തുപോയെങ്കിൽ തീൎന്നു കാൎയ്യം; അദ്ദേഹം അവിടത്തന്നെ പാൎപ്പുതുടങ്ങും. അത്ര രസമുള്ള സാധനമാണു് ''മാങ്ങാവിഡ്ഡി'' പേരാണു് എല്ലാററിലും കേമം. ''ആംസത്തു്'' കഴിച്ചിട്ടുണ്ടോ? അസത്തിന്റെ ചേട്ടനല്ല, ആംസത്തു്. മാങ്ങകൊണ്ടുണ്ടാക്കുന്ന ഒരുതരം ഹലുവയാണു്.

ഇപ്പോൾ ബങ്കാളിൽ മാങ്ങാക്കാലമാണു്. പോരാഞ്ഞിട്ടു് ഞാനിപ്പോളുള്ള നാട്ടിൻപുറത്തുള്ള മാങ്ങയ്ക്കു കണക്കും കൈയ്യും ഇല്ല, ഗൃഹസ്ഥകൾ കണ്ണിമാങ്ങയാവുമ്പോൾത്തന്നെ പറിച്ചുതുടങ്ങി, ഓരോന്നുണ്ടാക്കാൻ. എവിടെയെങ്കിലും വിരുന്നുചെന്നാൽ കുടിക്കാൻ മാങ്ങാവിഡ്ഢി, കടിക്കാൻ ആംസത്തു, റൊട്ടിക്കു പുരട്ടാൻ മാങ്ങാജാം; കഞ്ഞിക്കു കൂട്ടാൻ മാങ്ങ ഉപ്പിലിട്ടതോ, അച്ചാറാക്കിയതോ, ചട്ടിണിയോ. ചോറുണ്ണുമ്പോൾ കൂട്ടാനിൽ മാങ്ങയും മാങ്ങാക്കൂട്ടാനും, ഇങ്ങിനെയാണു് ഇവിടെയുള്ള സ്ഥിതി. അച്ഛൻ ഒരു കഥ പറയാറുണ്ടു്. ഒരാളൊരു സദ്യക്കുചെന്നു. അവിടെ ഉപ്പേരിയും ചക്ക, വറുത്തതും ചക്ക, കറിയും ചക്ക, അച്ചാറും ചക്ക, പ്രഥമനും ചക്ക – ഇങ്ങനെയായിരുന്നുവത്രെ സദ്യവട്ടം. ഒടുവിൽ ''മോരുവേണമോ'' എന്നു ഗൃഹസ്ഥ ചോദിച്ചപ്പോൾ:

''മോരും ചക്കകൊണ്ടാണെങ്കിൽ വേണ്ട''

എന്നു പറഞ്ഞിരുന്നുവത്രെ. അതുപോലെ പറയാൻ തോന്നുന്ന ഒരു സമയമാണു് ഇതു്.

ബംഗാളിൽനിന്നെഴുതിയ ലേഖനവും മാങ്ങയെക്കൊണ്ടായതിന്റെ കാരണം ഇപ്പോൾ മനസ്സിലായില്ലേ?

—o—

# *ഒരു ജാതി

തൈയ്ക്കാട്ടു ചന്ദ്രശേഖരൻനായർ

തീകോരിയിട്ടു വളരുംകൊടുവേനൽ വാനി-
ലാകെപ്പടൎന്ന വരുതിയ്ക്കു വിമാനസേന;
ആക്രമമാം ഹരിതവിസ്തൃതിവെന്തടിഞ്ഞു
പോകാതെയെങ്ങനെയെതിൎപ്പതു താഴ്മയാലെ! 1

തമ്മിൽ പലേചെറുവരമ്പുകൾവെട്ടി, രക്ത-
മിമ്മണ്ണിൽ നേത്രജലസേചനമാക്കിഞങ്ങൾ-
സമ്മോഹിതം കൃഷക,രെങ്കിലുമെന്തിനയ്യോ
സമ്മാനമിങ്ങനെയതിക്രമമൎദ്ദനത്താൽ! 2

ഗംഭീരനായ കടലോടുകയൎത്തു,കൊള്ള
യംഭസ്സിൽനിന്നുമിയലുന്നതുപോരയെന്നോ!
സംഭാവനയ്ക്കു പുതുപുഞ്ചിരിയാൎന്നസൂന-
സംഭാരമേഴകൾ വളൎത്തു ചുട്ടെരിച്ചാൽ? 3

തെങ്ങുംകമുങ്ങുമടിയോടുമയങ്ങിനിൽക്കു-
ന്നെങ്ങും ഭവാന്റെ കരതീവ്രതയേററജസ്രം,
വിങ്ങിജ്ജയസ്തുതിനടത്തിയഭേകവുംപോ-
യെങ്ങോ വിമൂകമമരുന്നു നിദാഘവീഥ്യേ! 4

എന്നാലിവക്കൊരു സമാശ്വസിത സമസ്തം
മൂന്നാലുചാലുകൾ വഴിയ്ക്കൊഴമാത്തടാകം-
അന്നെൽപ്പരപ്പിനു വടക്കുകുറച്ചുമാത്ര
മിന്നുംനാരുത്ത,ത്തുലസിപ്പുസുഖദ്രവത്താൽ! 5

ചുററുംവളൎന്ന മമിണങ്ങി,യിടിഞ്ഞകൂലം,
കററദ്രുകൂലിതവലിപ്രതതൈശവരമ്യം;
ചെററങ്ങുമിങ്ങുമിടതിങ്ങിമടന്ത, കോര-
പ്പുററങ്ങളാം നെടിയപുല്ലിനസങ്കരങ്ങൾ! 6

പങ്കേരുഹം കുമുദം—അല്ല, കൊറ്റപ്പു,നീർഗ്രാ-
മ്പംഗാരമീവകയുമത്ര പരത്തിപത്രം;
പങ്കംവെടിഞ്ഞ സലിലംമുഴുവൻമറച്ചു
കൈങ്കൎയ്യരാശികൾ തുടങ്ങിയമത്സരത്തിൽ! 7

നീൎക്കോലിതൊട്ടു കുളയട്ടവരെസ്വകീയം
വീൎകാട്ടി, വെയ്‌ലിൽവരളുന്നജലത്തിനുള്ളിൽ,
പാക്കാൻപ്രയാസമവിടം നിജപൂൎവ്വസമ്പ-
ത്തോക്കിൽപ്പരസ്വതയു,മെന്തിതു മത്സ്യബന്ധോ? 8

കൂനിൽപ്പെട്ടുന്നകുരുപോലെ കരേക്കരുംപോ-
ത്താനീതമായിദിനവും കുളമിട്ടിളക്കാൻ!
നാനാവിധം ചെളികലക്കി,യിടയ്ക്കുകാഷ്ഠി
ച്ചാനിൎമ്മലത്വമവൎനാററി വിവേകശൂന്യർ! 9

ഇല്ലാതെയില്ലയതിലും ചിലതല്ലരത്വ
സല്ലാപം എന്തുപരരക്തപിപാസദീക്ഷ!
വല്ലാത്തചേററി,ലയവെട്ടിയ ‘കാലമാട’-
നല്ലേ, ജളക,രുചിക്രൂട്ടിവളൎത്തിനിന്നെ! 10

ഏതാണ്ടുചിത്രമിതുതന്നെ നിരീക്ഷകൎക്കാ
യീതീൎത്ഥഭൂമിയിൽ വരച്ചുവിട്ടുന്നതിപ്പോൾ:—
സ്വാതന്ത്ര്യ,മാൎന്ന ശരി കൎമ്മധരിത്രി,യെത്ര-
മീതേ പറന്നെരികയാണുലകാധിപത്യം! 11

കോടിക്കണക്കിനുഴവ്വുണ്ടു നമുക്കുപക്ഷേ
കൂടുന്നജാതിമതവൈരമതീവദുഷ്ടം;
ധാടിയ്ക്കുനമ്മളൊരു ന്യൂലിലിണങ്ങിയെന്നാൽ
പേടിച്ചിടേണ്ട,യിവിടം ധനധാന്യഭൌമം! 12

വാരാശിയുണ്ടിരുവശത്തു,മിടസ്രവന്തി
നേരിട്ടൊഴുക്കമുദകം പരിശുദ്ധമായി;
പേരുററതേൻകനികൾ ചൂടിയപാദപങ്ങൾ,
പാരിയ്ക്കുമദ്രിനിവഹം ബഹുധാതുമൂല്യം! … … 13

എന്നാൽ പുരാതനമഹൎഷികൾ തീൎത്തുപോലു-
മന്നത്തെ മൎത്ത്യനിലനില്പിനു വൎണ്ണഭേദം;
ഇന്നോ നിരന്നലയടിച്ചു പുമൎത്ഥചിന്ത
യൊന്നിച്ചിടായ്കിലിവർ തങ്ങളിൽവെട്ടിവീഴും! 14

പണ്ടേ ‘സമത്വസഹസോദരസൌഹൃദാ’ദി-
ഘണ്ടാനിനാദമൊടു പശ്ചിമമേറിമുന്നിൽ;
വേണ്ടാത്ത ‘തൊട്ടുതൊടിലാ’മണകെട്ടിനിൎത്തി-
ക്കുണ്ടിൽ പതിച്ചിതു കിഴക്കെഴമസ്മദീയർ! 15

നമ്മൾക്കിടയ്ക്കു ചിലചണ്ടികൾ, പാഴ്‌തൃണങ്ങ-
ളിമ്മാതിരിക്കു സുകൃതത്തെ മറച്ചുവച്ചു,
ചെമ്മേകടന്നുമുതൽക്രൂട്ടിയ കൊററി,യെന്തോ
സമ്മാൎജ്ജിനീ ബിരുദമേകി, നമുക്കുപോരേ! 16

മാഹമ്മ ഹിന്ദു ശിഖ ബൌദ്ധ ജിനങ്ങൾതൊട്ടു
നാംഹേതുവേണ്ട മതവീറിലരിഞ്ഞുതള്ളാൻ;
ഹാ! ഹാ! വമിച്ചു നിണധാരയിൽ മാതൃഭൂമി
ക്കോഹാവശസ്ഥിതിയിലല്ലികിടപ്പതിന്നും 17

ഈക്കേരളീയരതിലും കടുകട്ടി, നീളം
മുക്കാൽമുഴത്തിനു സഹസ്രതരം വിഭാഗം;
പേക്കൂത്തുമെത്രയിവിടെ—പ്രിയസോദരന്മാർ
നിൽക്കേണമാപ്പടിയിൽ, നായുമകത്തുകേറാം! 18

ദൈവത്തിനെക്കുടിയിരുത്തി, സമസ്തസൃഷ്ടി-
യ്ക്കാവാസഗേഹമതിരാക്കി, യയിത്തമമ്പോ!
ആവാം ‘തൊടാത്ത’ യുവനാരിയിൽ വേഴ്ചയെന്ത്രാ-
നാവോ, കടക്കരുതടുക്കളശുദ്ധിയിങ്കൽ! 19

ഈമട്ടുപാററിട്ടുമധോഗതിയാം പഴഞ്ചൻ
ഭീമാപരാധവനിമാനുഷരേങ്ങിനിൽക്കേ,
ധീമാനൊരാൾ, വിനുതനാ,യവശതജന്യ-
സീമാവി,ലെന്തു പുരുപുണ്യ,മുദിച്ചുയൎന്നു! 20

നാരായണാഭിധമഹാഗുരു; പുത്തനായ്ശ്രീ
നാരായണൻ മഹിയിൽവന്നവതീൎണ്ണനായോ!
വേരായ നാന്മറകളിൻപൊരുൾ ഒറ്റജാതി
പാരാകെയൊററമത,മെന്നതു വാരിവീശി! 21

ഓജസ്സുചിയായൊരവിടുന്നു നയിച്ചമാൎഗ്ഗേ
ഭ്രാജിത് മഹാത്മജിപരത്തി തദാത്മമന്ത്രം,
ജാജ്വല്യമാനനൃപചിത്രജനം തുറന്നി-
താജന്മമേ, ഹരിജനങ്ങളിലമ്പലങ്ങൾ! 22

“പോരാ നമുക്കൊരുമ, ഹിന്ദുമുഴക്കെവന്നു
ചേരട്ടെ, സംഘടിത‘സേവനധൎമ്മ’യുക്ത”—
ആരാണു കാഹളവിളിക്കിദ,മാദ്ധ്വീമൂൎത്തീ-
വീരത്വമേ! സ്തുതികൾ, ശങ്കരമന്ന,മസ്തു! 23

എന്തൊക്കെയോ തടിവിലങ്ങുകളുണ്ടുമേലു-
മെന്താകിലെന്തു വിരിമാൎന്നിരച്ചുളമെന്നോ!
സന്ധിച്ചുനമ്മൾ കരവുംകരവും സഹൎഷ-
സന്തൃപ്തർ ഹൈന്ദവമഹാജയമണ്ഡലത്തിൽ! 24

കേൾക്കുന്നു മഞ്ജുമനമോഹനഗീത,യിമ്പം
തിക്കുന്ന ദേവകളനുഗ്രഹവൃഷ്ടിതൂകി!....
നിൽക്കാതെ മറവമനുജാവലിയും വരിൻ,നാം
പൊക്കിച്ചുമയ്ക്കുക സനാതനമേകലോകം!! 25

* ‘ആശാൻസ്മാരക’ കവിതാമത്സരത്തിനു സമൎപ്പിച്ചിരുന്നതാണ് ഈ ശ്ലോകങ്ങൾ.

# ഒരു ജാതി

കായംകുളം പി. എൻ. മുരളി

[2-10-125-ൽ കൊല്ലത്തുവച്ചുനടന്ന എസ്. എൻ. ഡി. പി. യോഗത്തിന്റെ വാൎഷികത്തോടനുബന്ധിച്ചു നടത്തിയ ആശാൻസ്മാരകകവിതാമത്സരത്തിൽ സമ്മാനാൎഹമായതു് ]

(നതോന്നത)

i

ഒരു നവയുഗത്തിന്റെ യുദയരശ്മികൾവീശി
കതിരവനെഴുന്നെള്ളിക്കിഴക്കുനിൽക്കെ
ഇരവിന്റെ മൂടിച്ചൂടിയുലകിനെ ഭരിച്ചതാം
ഇരുളിന്റെസിംഹാസനം തെറിച്ചുപോയി.
എവിടെയുമൊരു പുത്തനഴകിന്റെവിളയാട്ടം
അതുപാടിപ്പറവകൾ പറന്നുചുററി
ചെറുവള്ളിക്കുടിലുകൾ നറുമലർനിരതൂകി
ദിനനാഥവരവിനെ സ്വാഗതംചെയ്തു.
അവസരമിതു കാണാതുറങ്ങുമിപ്പാരിനെക്ക-
ണ്ടലിവാൎന്നു കുക്കുടങ്ങൾ വിളിച്ചുണൎത്തി!

ii

അഭിനവബുദ്ധനെന്നു പുകളാൎന്നഗുരുവിന്റെ
യധിവാസപവിത്രമാം ശിവഗിരിയിൽ
പതിവിലുമധികമായ് ശാരദാമഠത്തിനുടെ
പരിസരത്തിലേക്കെന്തീ ജനപ്രവാഹം?
സ്ത്രീപുരുഷഭേദമെന്യേ, ജാതിമതഭേദമെന്യേ.
ആഗമിക്കുമാമുഖങ്ങൾ സുപ്രസന്നങ്ങൾ!
അവരെന്തു കൗതുകത്തോടിമയ്ക്കാതെനോക്കിനില്പ-
തവിടെ,യാമണ്ഡപത്തിൻ നടുവിലായി.
ശരി! ശരി! യവിടതാ പരിണയവേഷമാൎന്നി-
ട്ടഭിമുഖമായിനിൽപ്പു രണ്ടുയുവാക്കൾ.
ലജ്ജയാൎന്നു മുഖം താഴ്ത്തിയവനതഗാത്രിയായി
നിൽക്കുമൊരാവധുവിന്റെ ദൃഷ്ടിപാതങ്ങൾ,
നിജരൂപമധുരിമ മിഴികളാൽനുകരുമ-
ക്കമനന്റെപൂമ്പദങ്ങൾ തഴുകിനിൽക്കെ.
ഗോപുരത്തിൻമുകളിലായ് തൂങ്ങിടുമാമണിയുടെ
നാദമെത്തിയുണൎത്തിച്ചു മുഹൂൎത്തവേള
നടയിലെപ്പുരുശുദ്ധപരിമളമേന്തിയെത്തി
കുളിർതെന്നലവൎക്കാത്മനിൎവൃതിയേകി!
ഏറെശതാബ്ദങ്ങളായി ജ്ജാതിമൂലം വേർപിരിഞ്ഞ
ജീവിതവാഹിനിയുടെ രണ്ടുശാഖകൾ
അഭിജാത്യസൈകതങ്ങൾ തകൎത്തുകൊണ്ടൊഞ്ഞൊഴുകി
യേകതയിൽ വിലയിക്കുമീനിമിഷത്തിൽ
അതിഗാഢമാകുമൊരു മൂകതയ്ക്കുശേഷമവി-
ട്ടയരുന്നു പൌരോഹിത്യമന്ത്രഘോഷങ്ങൾ.
ഗളനാളങ്ങളിലിതാ പരസ്പരമൎപ്പിച്ചവർ
വിശുദ്ധാനുരാഗത്തിന്റെ മലർമാല്യങ്ങൾ!
അവരുടെയാനമിത ശിരസ്സുകൾക്കുപരിയായ്
തുരുതുരെപ്പുഷ്പവൃഷ്ടിചെയ്തുയമികൾ
അതുകാൺകെയാത്മതുഷ്ടിയാൎന്ന ജനതതിയുടെ
യനുഗ്രഹവചനങ്ങൾ വിണ്ണിലുയൎന്നു.

iii

ദക്ഷിണകേരളത്തിലെക്കേളികേട്ടമനയൊന്നിൽ
വൃദ്ധനമ്പൂതിരിയൊരാൾ വസിച്ചിരുന്നു.
പഴയമാമൂലുകളെ വരവൎണ്ണംപിശകാതെ
പരിപാലിച്ചിടുന്നതിൽ ദൃഢനിഷ്ഠനായ്
വേദശാസ്ത്രപണ്ഡിതനായ്, വൈദികക്കുമുമ്പനായി
വാണിടുമാ പ്രഭുവിനുണ്ടേകതനയൻ
വിഷ്ണുനമ്പൂതിരിയെന്നു വീട്ടുകാർവിളിക്കുമവൻ
വിഷ്ണുവെന്നപേരിലിന്നു വിശ്രുതനത്രേ
വിദ്യകൊണ്ടുമഭിനവപരിഷ്കാരപ്രിയംകൊണ്ടു
മുത്തമനായുവാവൊരു ജനസേവകൻ!
അടിയാളരായിപ്പണ്ടേ മനവകപ്പുറമ്പൊന്നി-
ലയിത്തക്കാർ പുലയന്മാർ വസിച്ചിരുന്നു.
ജാതിയുടെവിലങ്ങുകളകററുവാൻ കഴിയാതെ
യേഴകളായ് പാടുപെടുമവൎക്കിടയിൽ
വിദ്യയുടെമഹിമകൾ കേട്ടുണൎന്നവിരിഞ്ചന്റെ
കൊച്ചുമകൾ നീലിപോയി പാഠശാലയിൽ
നീറിനീറിപ്പട്ടിണിയാൽ വാടുകിലുമവളൊരു
വീറുകാരി പഠിത്തത്തിൽ വിരുതുകാരി.
മനയ്ക്കലെയുണ്ണിയവൾക്കുടുത്തോരു കളിത്തോഴ-
നകളങ്കബാല്യമേ! നീയെത്രമോഹനം!
സമപ്രായരവരൊത്തു പഠിച്ചുവന്നൊടുവിലാ
പരിചയമനുരാഗകഥകളായി!......

iv

മനയ്ക്കലെക്കാരണവരിൽ പഴമക്കാരൊത്തുകൂടി
യടിയേററപാമ്പുകൾപോൽ ഫണമുയൎത്തി!
മകനുടെകുറികേടിൽ മനംനൊന്തുപണ്ഡിതനാം
തിരുമേനികലഹങ്ങളൊഴിച്ചുവിട്ടു
അവരുടെപൊരുളററ സമരങ്ങളൊക്കെയുമാ-
ദൃഢമതിനയപൂൎവ്വം തരണംചെയ്തു.
അവനുടെയുക്തിവാദവിരുതുകളവൎക്കുള്ളി-
ലൊരുപരിവൎത്തനത്തിൻ തിരികൊളുത്തി.
മനയുടെമതിൽക്കുള്ളിൽ മണിപീഠമിട്ടിരുന്നു
മനുജന്റെസംസ്കാരത്തിൽ കരികലൎത്തി,
വിജയിച്ചപഴമതൻ പണ്ഡിതന്മാർവെളിച്ചത്തി-
ലിറങ്ങുവാൻ കൊതികൊണ്ടുതിടുക്കമായി!
അവരെല്ലാമനുകൂലിച്ചൊരുക്കിയതാണുമുമ്പേ
യവിടെനാംകണ്ടുനിന്ന മംഗളരംഗം:

v

വിരിഞ്ചന്റെകുടിലിലെ വിഭവസമ്പൂൎണ്ണമായ
വിവാഹസദ്യയ്ക്കുശേഷം വിശ്രമിക്കുവാൻ,
പടൎന്നുപന്തലിച്ചേറെ ശാഖയാൎന്നുമുററമാകെ
നിഴൽവീശിനിൽക്കുമൊരു നീണ്ടമാവിന്റെ
അടിയിലാജനമെല്ലാമൊത്തുകൂടിയിരുന്നതാം
സഭയിലായുവധിരൻ പ്രസംഗിക്കയായ്:

“നമസ്കാരം! ബഹുമാന്യസോദരരേ! നമ്മളിന്നു
ചരിത്രത്തിന്നെഴുത്തൊന്നു പുതുക്കിയല്ലോ.
ജാതിമതഭേദമില്ലാതൊത്തിരുന്നുഭുജിച്ചുവാം
ചാളയിലുമിന്നുകണ്ടു മനുഷ്യത്വത്തെ.
എത്രയെത്രചിന്തകന്മാർ ഭാവനചെയ്തീവിഭാത,
മെത്രയെത്ര ഭാവുകന്മാർ കവിതപാടി:
നാമതിന്റെ മാധുരിയിൽ മനംകുളൎത്തറിഞ്ഞിന്നു
മാനവജീവിതത്തിന്റെ മഹിതസത്യം!
ഹൃദയംതുറന്നുനമ്മൾക്കൊരുമിക്കാം—മൊത്തുയരാ-
മിനി—നമ്മളൊരുജാതി മനുഷ്യജാതി!
ഏതുലോകഗുരുവിന്റെ നൂതനാദൎശങ്ങളൊരു
ഭാസുരയുഗോദയത്തെ നമുക്കുകാട്ടി,
ആമഹാന്റെചേവടികൾ പിൻതുടൎന്നുവൈകിടാതീ
മാനവസമുദായത്തെപ്പരിഷ്കരിക്കാം.”

അവിടെങ്ങുമലതല്ലി ഹൎഷനിദനങ്ങളൊരു
പരിവൎത്തനോത്സവത്തിൻ മാറെറാലിപോലെ
അതുകണ്ടാദമ്പതിമാർ കരത്തോടുകരംകോൎത്തു
ചരിതാൎത്ഥജന്മമോൎത്തു സുസ്മിതംതൂകി!

vi

നീലിയിന്നുനളിനിയാണവളുടെ കുടിലൊരു
മാളികയായുയൎന്നുപോയതിൻ “ടെറസ്സി”ൽ
ഒരുമഹാത്മാവിനുടെ ചിത്രമതിന്മീതേകാണാം
“ഒരുജാതി”യെന്നനാലുതങ്കലിപികൾ!!

—o—

(അഞ്ചാംപേജിൽനിന്നു തുടർച്ച)

പ്രപഞ്ചത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും അവയെസംബന്ധിച്ചു ബോധങ്ങളും കേവലം സങ്കല്പങ്ങളാണെന്നും മനസ്സിൽനിന്നു ഭിന്നമായ ഒരു സത്ത പ്രപഞ്ചത്തിനില്ലെന്നും ഹെഗൽ, ബർഗസൻ, നാഗാർജ്ജുനൻ തുടങ്ങിയ ആത്മീയവാദികളെല്ലാം വാദിക്കുമ്പോൾ പ്രപഞ്ചം തികച്ചും സത്യമാണെന്നും അതിന്റെ പരിണാമങ്ങൾ അവ്യക്തമെങ്കിലും സ്ഥിരനിയമങ്ങളനുസരിച്ചാണു നടന്നുകൊണ്ടിരിക്കുന്നതെന്നും ഭൗതികവാദികൾ ചൂണ്ടിക്കാണിക്കുന്നു. ആത്മീയവാദത്തിനു പരിണാമപരമ്പരയ്ക്കിടയിൽ ഐക്യം പരിപാലിക്കാൻ ഒരു അലൗകികശക്തിയെ കല്പിക്കേണ്ടിവരുന്നു. ഭൗതികവാദിക്കു പ്രകൃതിതന്നെ മതി. ആത്മീയവാദിയുടെ അലൗകികശക്തിയുടെ സ്ഥാനത്തു പ്രകൃതിശക്തിയെത്തന്നെ സ്വീകരിക്കുകയാണു മാർക്സിസം ചെയ്യുന്നത്.

മാർക്സിസം മിസ്റ്റിസിസത്തെ സത്യാന്വേഷണവിഷയത്തിലംഗീകരിക്കുന്നില്ല. പ്രപഞ്ചം ബുദ്ധിഗ്രാഹ്യമായ സത്യമായ വസ്തുവാണെന്നു സിദ്ധാന്തിക്കുമ്പോൾ അതിന്റെ പരിണാമങ്ങൾക്കു വിശദാന്വിത കൂടുന്നതാണ്. ശാസ്ത്രീയമായ ഈ ഭൗതികവാദമാണു മാർക്സിസം അവലംബിക്കുന്നത്. ദേഹം മനസ്സിനെ ഭരിക്കുന്നു എന്നു ഭൗതികവാദികളും മനസ്സ് ദേഹത്തെ ഭരിക്കുന്നു എന്ന് ആത്മീയവാദികളും സിദ്ധാന്തിക്കുന്നു. മനുഷ്യന്റെ മാനസികവ്യാപാരങ്ങൾ എങ്ങനെ ഭൗതികങ്ങളാകുന്നതെന്നു ചിലർ ചോദിച്ചേക്കാം. താത്വികമായി നോക്കുമ്പോൾ പ്രകൃതിയുടെതന്നെ ഒരംശമായ മനുഷ്യന്റെ ബുദ്ധിവികാരം പ്രകൃതവികാരത്തിൽനിന്നും വ്യത്യസ്തമല്ലെന്നും അതുകൊണ്ട് അവയിൽ യാതൊരു പരസ്പരവൈരുദ്ധ്യവുമില്ലെന്നും എംഗൽസ് പ്രസ്താവിച്ചിട്ടുണ്ട്. മാർക്സിസം ഇച്ഛാജ്ഞാനാദികളുള്ള ഒരീശ്വരനെ സമ്മതിക്കുന്നില്ലെന്നല്ലാതെ പ്രകൃതിശക്തിയെയൊന്നും അപലപിക്കുന്നില്ല. ലോകം പരിണാമാത്മകമാണ്. ഈ പരിണാമം പരിസരാനുബന്ധിയായി സ്വയം വന്നുചേരുന്നു. അതിനൊരു ദൈവേച്ഛയെ നടുക്കു പ്രതിഷ്ഠിക്കേണ്ട ആവശ്യമില്ല എന്നു മാർക്സ് വാദിച്ചു.

മനുഷ്യസമുദായമടക്കമുള്ള പ്രപഞ്ചത്തെക്കുറിച്ചുള്ള ഭൗതികവാദാത്മകമായ ഈ പരിശോധനംവഴി, തികച്ചും യഥാർത്ഥമായതും ഒരിക്കലും മനസ്സുകൊണ്ടു അടിച്ചേല്പിക്കപ്പെട്ടതല്ലാത്തതുമായ ഏതാനും പൊതുനിയമങ്ങളെ പുറത്തുകൊണ്ടുവരാൻ അതിനു കഴിയുന്നു. ഈ മാർക്സിയൻവീക്ഷണം പരിപൂർണ്ണമായും അനാപേക്ഷണീയമായും ശാസ്ത്രീയമാണ്. യഥാർത്ഥ്യങ്ങളിൽനിന്നു കടഞ്ഞെടുത്തതാണ്. അല്ലാതെ ഏതെങ്കിലുമൊരു വിദഗ്ദ്ധചിന്തകന്റെ കണ്ടുപിടിത്തത്തിൽനിന്നുണ്ടായ ഒരു സമ്പ്രദായമോ മറ്റോ അല്ല. എന്തുകൊണ്ടെന്നാൽ മാർക്സിസത്തിന്റെ പരിശോധനയിൽ പ്രപഞ്ചം ഭൗതികം മാത്രമല്ല, വൈരുദ്ധ്യാധിഷ്ഠിതമെന്ന പദംകൊണ്ടുദ്ദേശിക്കപ്പെടുന്ന തരത്തിലുള്ള ചില സ്വഭാവവിശേഷതകൾക്കു വിധേയമായതുകൂടിയാണ്. വസ്തുസ്വഭാവേന ഒരു വിപരീതവസ്തുവെക്കൂടി ഉൾക്കൊള്ളുന്നതാണ്. കൂട്ടലും കിഴിക്കലും, ഇരുട്ടും വെളിച്ചവും, സുഖവും ദുഃഖവും ആഘാതവും പ്രത്യാഘാതവും ഒന്നു മറ്റൊന്നിലെന്നവിധം ചേർന്നിരിക്കുന്നു. ഓരോ ഭാവവും വിപരീതഭാവങ്ങളുടെ കൂട്ടിച്ചേരുവയാണ്. വിത്ത് ഇലയും ഇല പൂവും പൂവ് കായും ആയിത്തീരുന്നത് നോക്കിയാൽ ഓരോ ദശയും മുൻപുമുൻപുള്ളതിന്റെ ഒരു നിഷേധമാണെന്നു കാണുവാൻ കഴിയും. ഓരോ ദശയ്ക്കിടയിലും വിപരീതദശയുടെ ധർമ്മങ്ങൾ അടങ്ങിയിരിക്കുന്നു. ഈ വൈരുദ്ധ്യാത്മികഭൗതികവാദം വളർച്ചയുടെ നിയാമകമായി ആദ്യം പ്രഖ്യാപിച്ച ചിന്തകൻ ഹെഗലാണ്. മനുഷ്യചരിത്രത്തിന്റെ താഴ്ചയുയർച്ചകളിൽ അന്തസ്യൂതമായ ഇത്തരം വിപരീതധർമ്മപ്രവർത്തനം ഹെഗൽ കണ്ടുപിടിച്ചത് മാർക്സ് സ്വീകരിച്ചു. ഹെഗലിന്റെ ആത്മീയവാദം തള്ളിക്കളകയും അതേസമയത്ത് ഈ വിപരീതധർമ്മവാദം സ്വീകരിക്കുകയുമാണ് മാർക്സ് ചെയ്തത്.

മനുഷ്യസമുദായമടക്കമുള്ള ഈ ലോകം തികച്ചും ഭിന്നവും, സ്വതന്ത്രവുമായ വസ്തുക്കളെക്കൊണ്ടല്ല ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. എല്ലാ ശാസ്ത്രകാരന്മാരും സമ്മതിക്കുന്ന ഒരു കാര്യമാണിത്. തങ്ങളുടെ പഠനവിഷയമായ പ്രത്യേകവസ്തുവിലെ മുഖ്യഘടകത്തെപ്പോലും ഒറ്റതിരിച്ചു നിർത്തുവാൻ അവർക്ക് വളരെയധികം വിഷമമുണ്ട്. ഉദാഹരണമായി വെള്ളത്തിന്റെ കാര്യമെടുക്കാം. വെള്ളം വെള്ളമായിത്തന്നെ ഇരിക്കുന്നു. എന്നാൽ വെള്ളത്തിന്റെ ചൂട് ഒരു നിശ്ചിത അതിർത്തിവരെ ഉയർന്നാൽ വെള്ളം നീരാവിയായി മാറുന്നു. എന്നതുപോലെതന്നെ വെള്ളം ഒരു നിശ്ചിതാതിർത്തിവരെ തണുത്തുവെന്നിരിക്കട്ടെ, ഉടനെ അത് മഞ്ഞുകട്ടിയായിമാറുന്നു. മറ്റെല്ലാഘടകങ്ങളും ഇതുപോലെതന്നെ അതിനെ ബാധിക്കുന്നതാണ്. വസ്തുക്കളുടെ പ്രവർത്തനത്തെ ഒട്ടും പരിശോധിക്കുന്നില്ലെങ്കിൽപോലും ഏതൊരു സാധാരണക്കാരനും ബോദ്ധ്യപ്പെടുന്ന സംഗതിയാണിത്. തികച്ചും സ്വതന്ത്രമായ നിലനില്പുള്ള യാതൊന്നുംതന്നെ ഈ പ്രപഞ്ചത്തിലില്ല. ഓരോ വസ്തുവും മറ്റുവസ്തുക്കളുമായി ബന്ധപ്പെട്ടും അവയെ ആശ്രയിച്ചുമാണ് കഴിഞ്ഞുകൂടുന്നത്. എന്നിരുന്നാലും വസ്തുക്കളുടെയീ പരസ്പരാശ്രയാവസ്ഥയെ എല്ലായ്പ്പോഴും നാം അംഗീകരിക്കാറില്ല. ഏതെങ്കിലുമൊരു പ്രത്യേകപരിതഃസ്ഥിതിയിൽ സത്യമായിത്തോന്നുന്ന ഒന്ന് മറ്റൊരുപരിതഃസ്ഥിതിയിൽ അസത്യമായിത്തോന്നിയേക്കാമെന്ന തത്വം അവരിൽ പലരും സമ്മതിക്കുന്നില്ല. ഒരുപ്രത്യേകപരിതഃസ്ഥിതിക്കുവേണ്ടി ആവിഷ്കരിക്കപ്പെട്ട ആശയങ്ങളെ മാറ്റംവധി വ്യത്യസ്തപരിതഃസ്ഥിതികളിലേയ്ക്കും ഉപയോഗപ്പെടുത്താമെന്നാണവർ തെറ്റിദ്ധരിക്കുന്നത്.

യഥാർത്ഥമായും നിശ്ചലമായ യാതൊന്നുംതന്നെ ഈലോകത്തിലില്ലെന്ന് വൈരുദ്ധ്യതത്വം സ്ഥാപിക്കുന്നു. എല്ലാംതന്നെ ചലിച്ചുകൊണ്ടിരിക്കുകയാണ്, മാറിക്കൊണ്ടിരിക്കുകയാണ്. ഒന്നുകിൽ ഉയരുകയും വികസിക്കുകയും ചെയ്യുകയാണ്—അല്ലെങ്കിൽ തളരുകയും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഭൂഗോളം തന്നേയും നിരന്തരമായ പരിവർത്തനത്തിന് വിധേയമാണ്. ജീവനുള്ളവസ്തുക്കളെ സംബന്ധിച്ചടത്തോളം ഇക്കാര്യം കൂടുതൽ വ്യക്തമായി കാണാവുന്നതാണ്. അതുകൊണ്ട് സത്യത്തെ സംബന്ധിച്ച് സത്യസന്ധമായൊരു ശാസ്ത്രീയഗവേഷണം നടത്താൻ ഭാവിക്കുന്ന ഏതൊരാളുംതന്നെ അനുപേക്ഷണീയമായ ഈ പരിവർത്തനതത്വം മനസ്സിലാക്കിയേ മതിയാവൂ! ശാശ്വതമായി നിശ്ചലമാണെന്നും എന്നെന്നും നിലനില്ക്കുന്നതാണെന്നുമുള്ളതിനെതിരായ ഒരു ധാരണയോടുമാത്രമേ വസ്തുക്കളെ സമീപിക്കാവൂ! പ്രപഞ്ചത്തിനും മനുഷ്യസമുദായത്തിനും പൊതുവേബാധകമായ ഈ നിയമങ്ങൾ ഓരോ പുരുഷനും സ്ത്രീക്കും ബാധകമാണെന്നകാര്യം പലപ്പോഴും ഓർമ്മിക്കാറില്ല. ആദായത്തിനുവേണ്ടിയുള്ള ഉല്പാദനമെന്നതു മനുഷ്യസമുദായത്തിന്റെ സ്ഥായിയായ ഒരു സ്വഭാവവിശേഷമല്ലെന്നും ചരിത്രത്തിന്റെ ഒരു പ്രത്യേകവികാസസന്ധിയിലാണ് അതു ഉയർന്നുവന്നതും വളർന്നതും, മന്നും ഇന്നതു നശിച്ചുകൊണ്ടിരിക്കയാണെന്നുമുള്ള ആശയം ഒരാൾ നിഷേധിക്കുകയാണെങ്കിൽ അതിന്റെ അർത്ഥം മേൽവിവരിച്ച പ്രപഞ്ചവ്യാഖ്യാനം സ്വീകരിക്കുന്നില്ലെന്നാണ്. എന്തും ആയിരുന്നപോലെതന്നെ ഇനിയും ആയിരിക്കുമെന്ന വിശ്വാസമാണ് ഫലത്തിൽ മിക്കസ്ഥലത്തും കാണുന്നത്. വ്യക്തികളുടേയും സമുദായങ്ങളുടേയും വളർച്ചയെ പ്രതിബന്ധപ്പെടുത്തുന്ന ഒരു വിലങ്ങുതടിയാണ് ഈ തെറ്റായ വിശ്വാസം.

വസ്തുക്കളുടെ പരസ്പരാശ്രയാവസ്ഥയും ഏതുവസ്തുവും തന്നെ പരിവർത്തനത്തിന് വിധേയമാണെന്നുള്ള പരമാർത്ഥവും പ്രപഞ്ചസത്യത്തിന്റെ വ്യക്തവും നഗ്നവുമായ സ്വഭാവവിശേഷമാണെന്ന വസ്തുത ഇതിനകം പ്രതിപാദിച്ചുകഴിഞ്ഞിട്ടുള്ളതാണ്. വസ്തുക്കളിലുണ്ടായിക്കൊണ്ടിരിക്കുന്ന ആ വികാസം ഒരു നിശ്ചിത അതിർത്തിയിൽവച്ചുണ്ടാകുന്ന ഏറ്റവുമധികം ഊക്കേറിയ ഒരെടുത്തുചാട്ടത്തോടുകൂടിയാണ് ആ പരിവർത്തനം നമുക്ക് ശരിക്കും വ്യക്തമാകുന്നത്. വീണ്ടും വെള്ളത്തിന്റെ ഉദാഹരണം തന്നെ എടുത്തുനോക്കാം. വെള്ളം ചൂടായിക്കൊണ്ടിരിക്കുന്ന സമയത്തെല്ലാം വെള്ളത്തിന്റെ എല്ലാവിധ പൊതുസ്വഭാവവിശേഷതകളോടുകൂടി വെള്ളം വെള്ളംതന്നെയായി നിലകൊള്ളുന്നു. പക്ഷേ വെള്ളത്തിലുള്ള ചൂട് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നതുപോലെതന്നെ വെള്ളത്തെ തണുപ്പിച്ചുകൊണ്ടിരിക്കുമ്പോഴും വെള്ളം വെള്ളംതന്നെയായി നിലകൊള്ളുന്നുണ്ടായിരിക്കും. പക്ഷേ വെള്ളത്തിന്റെ ചൂട് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു നിശ്ചിതകേന്ദ്രബിന്ദുവിൽവച്ച് ഈ മാറ്റത്തിന്റെ പ്രവർത്തനത്തിൽ വിപ്ലവാത്മകമായ ഒരു പൊട്ടിത്തെറിക്കൽ ഉണ്ടാകുന്നു. തണുത്തുകൊണ്ടിരിക്കുന്നതോ ചൂടായിക്കൊണ്ടിരിക്കുന്നതോ ആയ ആ വെള്ളത്തിൽ പെട്ടെന്നൊരു എടുത്തുചാട്ടമുണ്ടാകുന്നു. വെള്ളം പരിപൂർണ്ണമായും അതിന്റെ ഗുണം മാറുന്നു. ചൂടായിക്കൊണ്ടിരുന്ന ആ വെള്ളം നീരാവിയായും തണുത്തുകൊണ്ടിരുന്ന വെള്ളം മഞ്ഞുകട്ടിയായും രൂപാന്തരപ്പെടുന്നു. വസ്തുവിന്റെ ഈ പ്രത്യേകസ്വഭാവം രസശാസ്ത്രപരീക്ഷണങ്ങൾവഴി കൂടുതൽ വ്യക്തമായി തെളിഞ്ഞുകാണാവുന്നതാണ്. ഏതെങ്കിലുമൊരു പ്രത്യേകഘടകത്തിന്റെ ഏറ്റക്കുറച്ചിൽമൂലം ഫലത്തിൽ പരിപൂർണ്ണമായ ഒരു മാറ്റംതന്നെ പ്രത്യക്ഷപ്പെടുന്നതായിക്കാണാം.

വസ്തുക്കളൊന്നുംതന്നെ ഒട്ടും കലർപ്പില്ലാത്തതോ പരിപൂർണ്ണമായും ഒരേ തരം സ്വഭാവത്തോടുകൂടിയതോ അല്ലെന്നാണ് വൈരുദ്ധ്യാധിഷ്ഠിതമായ അടിസ്ഥാനത്തിൽ വസ്തുക്കളെ പരിശോധിച്ചാൽ മനസ്സിലാകുന്നത്. ഏതുവസ്തുവിലും വിക്രിയാത്മകവും നിഷേധാത്മകവുമായ രണ്ടംശമുണ്ട്. ഏതുവസ്തുവിനുമുണ്ട്, വളർന്നുകൊണ്ടിരിക്കുന്നതും അധികമധികം പ്രബലമായിവരുന്നതുമായ, നശിച്ചുകൊണ്ടിരിക്കുന്നതും അധികമധികം ദുർബലമായിത്തീരുന്നതുമായ രണ്ടുസ്വഭാവങ്ങൾ. ഇതിലൊന്നു അധികമധികം വിപുലമായിക്കൊണ്ടിരിക്കുന്നു. മറ്റേത് ആ വിപുലീകരണത്തെ ചെറുത്തുകൊണ്ടുമിരിക്കുന്നു. ഈ വിപരീതശക്തികൾ തമ്മിലുള്ള വൈരുദ്ധ്യമാണ്, ഉയർന്നുവരുന്ന ഘടകം മറ്റേഘടകത്തിന്റെ മേധാവിത്വം അവസാനിപ്പിക്കാനും നശിച്ചുകൊണ്ടിരിക്കുന്ന ഘടകം മറ്റേതിന്റെ വികാസത്തെ തടയാനും വേണ്ടി നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന സമരമാണ്, അവസാനം ഒരു വിപ്ലവകരമായ പൊട്ടിത്തെറിയിൽ ചെന്നവസാനിക്കുന്ന, അനുനിമിഷം തുടർന്നുകൊണ്ടിരിക്കുന്ന പരിവർത്തനപ്രവർത്തനത്തിന്റെ ഉള്ളടക്കം വികാസത്തിന്റെ സത്ത്.

മനുഷ്യസമുദായത്തിന്റെ ചരിത്രത്തിൽ ഇതു വളരെ വ്യക്തമായി കാണാൻകഴിയും. ഓരോ ചരിത്രഘട്ടത്തിലും വളർന്നുകൊണ്ടിരിക്കുന്നതായ രണ്ടു വർഗ്ഗങ്ങളുടെ വിഭജനം കാണാവുന്നതാണ്. നാടുവാഴിത്തത്തിന്റെ ഉള്ളിൽ തന്നെ മുതലാളിത്തം ബീജമെടുക്കുകയും അതു ക്രമേണക്രമേണ വളർന്നുവരികയുംചെയ്തു. മുതലാളിത്തം വളരുന്തോറും അതു നാടുവാഴിത്തവുമായി അധികമധികം ഏറ്റുമുട്ടുകയും ചെയ്തുകൊണ്ടിരുന്നു. മുതലാളിത്തഘട്ടത്തിലും ഇതുതന്നെയാണാവർത്തിക്കുന്നത്. ഭാവിയെ സ്വന്തമാക്കിയിട്ടുള്ള, ഉയർന്നുവരുന്ന വർഗ്ഗമായ തൊഴിലാളിവർഗ്ഗം മുതലാളിത്തവുമായി നിരന്തരം സമരംചെയ്തുകൊണ്ടിരിക്കുകയാണ്. മുതലാളിത്തം വളരുംതോറും തൊഴിലാളിവർഗ്ഗവും വളർന്നുകൊണ്ടിരിക്കുകയായിരുന്നു. കാലംകഴിയുംതോറും ഈ വിവിധവർഗ്ഗങ്ങൾതമ്മിലുള്ളവൈരുദ്ധ്യം വളർന്നുകൊണ്ടേയിരിക്കുന്നു. മുതലാളിത്തത്തിന്റെ ഉള്ളിൽതന്നെയുള്ള ഈ പരസ്പരവൈരുദ്ധ്യമാണു വർഗ്ഗസമരത്തേയും വിപ്ലവത്തേയും സൃഷ്ടിക്കുന്നത്.

സമുദായ പുരോഗതിയ്ക്കാവശ്യമായ ഒരു നൂതനതത്വശാസ്ത്രമെന്ന നിലയിലാണു മാർക്സിസം വളരെപ്പേരെ ആകർഷിച്ചിട്ടുള്ളത്.


# ഇനാം!

## നിങ്ങളുടെ യോഗനില



പ്രേമം, ആരോഗ്യം, പരീക്ഷ, ജോലിക്കാര്യം, സംരക്ഷണം, ഗ്രഹങ്ങൾ, കുട്ടികൾ, കച്ചേരിക്കാര്യം, കലഹം, ബാധ ഉപദ്രവം എന്നീ വിഷയങ്ങളടങ്ങിയ നിങ്ങളുടെ ൧൨-മാസത്തെ ജാതകഫലം വെറും സൗജന്യമായി പറയും. കൂടാതെ ദുഷ്യഫലങ്ങളെ അകററുന്ന ഭാഗ്യമോതിരവും കുറഞ്ഞ റേററിൽ അയയ്ക്കും. ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും എഴുതുന്ന സമയവും അറിയിക്കുക. (എഴുത്ത് ഇംഗ്ലീഷിൽ.)

Prof: Anand Royal Astrologer,
P. B 61, (M. R. Q.) AMRITSAR.





## സോമൻ ആൻറ് പാർട്ടി: ൧൩




# വിനോദപംക്തി

(സരോജം-രമേശ്)

രവിയും ഗിരിയും ഒരു കമ്പനിയിലെ പങ്കുകാരാണ്. ഗിരി മരണശയ്യയിൽ കിടക്കുന്നു. രവി സമീപം ഇരിക്കുന്നു.

"മരിക്കുന്നതിനു മുൻപ് എനിക്ക് നിങ്ങളോട് മാപ്പു ചോദിക്കേണ്ട കടമയുണ്ട്. ഞാൻ നിങ്ങളറിയാതെ ൫൦,൦൦൦ രൂപ എടുത്തിട്ടുണ്ട്. പിന്നെ ആ കള്ളഎഴുത്ത് എഴുതി നിങ്ങളെ ഭാര്യയുമായി കലഹിപ്പിച്ച് അവളെ എന്റെ സ്വന്തമാക്കാൻ—"

"ഏയ്, അതിനെക്കുറിച്ചൊന്നും ഇനി പശ്ചാത്തപിക്കാനില്ല. ഞാനാണ് നിങ്ങൾക്ക് ചായയിൽ വിഷം കലർത്തിത്തന്ന് ഈ സ്ഥിതിയിലാക്കിയത്."

* * *

"ഡാക്ടർ", അവൾ കയറിച്ചെന്ന് ചോദിച്ചു. "എന്നെ നല്ലപോലെ ഒന്നു പരിശോധിച്ച് എന്താണ് തരക്കേട് എന്നു പറയണം"

അയാൾ അവളെ ആപാദചൂഡം ഒന്നു വീക്ഷിച്ചു "ഞാൻ പറയാം. ഒന്നാമതായി നിങ്ങളുടെ വണ്ണം കുറേ കുറയ്ക്കണം. രണ്ടാമതായി, നിങ്ങൾ ഇത്ര വളരെ ആഭരണങ്ങൾ ധരിയ്ക്കാതിരുന്നാൽ കുറച്ചുകൂടി നന്നായിരിക്കും. മൂന്നാമതായി, ഡാക്ടർ ഇതിനടുത്ത വീട്ടിലാണ് താമസം. ഞാൻ ഒരു കലാകാരനാണ്."

* * *

പോലീസിൽ ചേരാൻ വന്നയാളിനോട് ഉദ്യോഗസ്ഥൻ—"ഒരു ജനക്കൂട്ടത്തെ പിരിച്ചുവിടാൻ നിങ്ങൾ എന്തുചെയ്യും?"

അയാൾ അല്പം ആലോചിച്ചശേഷം പറഞ്ഞു "ഇവിടെ അതിന് എന്താണ് ചെയ്യേണ്ടത് എന്ന് എനിയ്ക്കറിഞ്ഞുകൂടാ സാർ. എന്റെ നാട്ടിലാണെങ്കിൽ 'ഒരു ചക്രം തരണേ' എന്നു പറഞ്ഞ് കയ്യും മലർത്തി കാണിച്ചുകൊണ്ട് ആൾക്കൂട്ടത്തിനിടയിൽക്കൂടി ഒന്നു നടന്നാൽ മതി."

* * *

അമ്മ "അവന് ഇപ്പോൾ ഒരു വയസ്സായി. ൮ മാസമായപ്പോഴേ അവൻ നടന്നു തുടങ്ങി."

സ്നേഹിത "എന്നാൽ ഇപ്പോൾ അവൻ വളരെ ദൂരെ ചെന്നിരിക്കണമല്ലോ."

* * *

മാനേജർ (ജോലിക്ക് അപേക്ഷയുമായി വന്നയാളിന്റെ സർട്ടിഫിക്കറ്റുകൾ നോക്കിയിട്ട്) "നിങ്ങൾ കഴിഞ്ഞ മാസത്തിൽതന്നെ നാലു സ്ഥലത്ത് ജോലി നോക്കിയിരിക്കുന്നതായി കാണുന്നല്ലോ"

ഉദ്യോഗാർത്ഥി "അതുകൊണ്ടുതന്നെ അറിയാം. സാർ, എന്റെ സേവനം എത്രമാത്രം ആളുകൾ ആവശ്യപ്പെടുന്നുണ്ടെന്ന്."

* * *

പുരുഷന്മാരോട് എന്തെങ്കിലും രഹസ്യം പറഞ്ഞാൽ അത് ഒരു ചെവിയിൽക്കൂടെ കയറി മറ്റേ ചെവിയിൽക്കൂടെ പുറത്തുപോകുന്നു.

സ്ത്രീകളോട് എന്തെങ്കിലും രഹസ്യം പറഞ്ഞാൽ അത് രണ്ടു ചെവിയിലുംക്കൂടെ അകത്തു കയറി വായിൽക്കൂടെ പുറത്തേക്കുപോകുന്നു.

കാർഷികപംക്തി

# വിത്തുതെരഞ്ഞെടുപ്പ്

കെ. എസ്സ്. നീലകണ്ഠം

ഭക്ഷണദൌർല്ലഭ്യം നിമിത്തം ലോകമെമ്പാടും ഒരു പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഇക്കാലത്ത് നമുക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ ഉൽപാദിപ്പിച്ചു നാട്ടിനെ ഭക്ഷ്യസ്വയംപര്യാപ്തതയിൽ എത്തിച്ചേർക്കുവാൻ നാം ഏവരും ബദ്ധപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ. ശാസ്ത്രീയമാർഗ്ഗങ്ങളെ അവലംബിച്ചു പ്രവർത്തിക്കുന്നപക്ഷം നമ്മുടെ പരിശ്രമങ്ങൾ വിജയകരമായിത്തീരുന്നതും നമ്മുടെ ഇന്നത്തെ പരാധീനത നീങ്ങിക്കിട്ടുന്നതുമാണ്. അതായതു് നമ്മുടെ ഉദ്യമം ഫലവത്താകണമെങ്കിൽ ഭക്ഷ്യോൽപാദനത്തിന്റെ അധിഷ്ഠാനഉപാധികളായ ഏതാനും പ്രായോഗികകാര്യങ്ങളിൽ നാം വേണ്ടത്ര ശ്രദ്ധപതിപ്പിക്കാതെ നിവൃത്തിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ആ ഉപാധികളിൽ പ്രഥമഗണനീയമായ ഒന്നത്രേ വിത്തുതെരഞ്ഞെടുപ്പ്.

"വിത്തുഗുണംപത്തു്" എന്നതു് ഏതെങ്കിലും കാരണവശാൽ നാമെല്ലാം പലപ്പോഴും കേൾക്കാറുള്ള ഒരു സാധാരണ പഴഞ്ചൊല്ലാണല്ലോ. ആ ചൊല്ലിൽ അന്തർഭവിച്ചിരിക്കുന്ന ആശയവും അതിന്റെ ഗാംഭീര്യവും പണ്ഡിതപാമരഭേദമെന്യേ നമുക്ക് നല്ലപോലെ അറിവുള്ളതുമാണ്. ആ തത്വത്തിനു മനുഷ്യമൃഗാദികളെ സംബന്ധിച്ചുണ്ടായിരിക്കുന്നിടത്തോളംതന്നെ പ്രസക്തി സസ്യലോകത്തെസംബന്ധിച്ചും ഉണ്ടായിരിക്കുന്നതാണെന്ന വസ്തുതയും നമുക്കറിവില്ലാത്തതല്ല. കാര്യങ്ങൾ ഈവിധമെല്ലാമാണെന്നിരിക്കിലും അവയെല്ലാം വിസ്മരിച്ചുകൊണ്ടെന്നപോലെയാണ് പ്രായേണ നമ്മുടെപോക്ക്— വിശേഷിച്ചും നമ്മുടെ ജീവസ്സുറ്റിയായ കൃഷികാര്യങ്ങളിൽപോലുമുള്ള നമ്മുടെ പ്രവർത്തനരീതികൾ.

ഇന്നത്തെ വിത്താണ് നാളത്തെ വിളവ് അഥവാ എക്കാലത്തേയും വിളവിന്റെ മൂലകാരണം. ഇന്നു് നല്ലവിത്തുപയോഗിക്കുന്നതിന്റെ ഗുണഫലങ്ങൾ മേലാൽ വളരെക്കാലം നമുക്ക് അനുഭവയോഗ്യമായിത്തീരുന്നതുപോലെ തന്നെ ദോഷഭൂയിഷ്ഠമായ വിത്തുപയോഗിക്കുന്നതുമൂലം വന്നുചേരുന്ന ദൂഷ്യങ്ങളും ആ വിളവുപരമ്പരയെ ബാധിച്ചുകൊണ്ടുതന്നെ നിലനില്ക്കുവാനിടയാകുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ ഈ വസ്തുതയ്ക്കു കർഷകജനത നൽകിയിരിക്കുന്ന പ്രാധാന്യം കുറച്ചൊന്നുമല്ല. കേരളത്തിൽതന്നെ മുൻകാലങ്ങളിൽ പരിശ്രമശീലരായിരുന്ന നമ്മുടെ പൂർവികർ വിത്തുതേങ്ങായുടെ ആവശ്യത്തിനു പ്രത്യേകം പാകുതെങ്ങുകൾ, നെല്ലുവിത്തിനു പ്രത്യേകം പാടങ്ങൾ, വിത്തിനു വിശേഷശുശ്രൂഷകൾ എന്നീവക വിവിധനടപടികളും പ്രയോഗരീതികളും സ്വീകരിച്ചുപോന്നിരുന്നു. ഇന്നാകട്ടെ ആവക കാര്യങ്ങളെല്ലാംതന്നെ പ്രായേണ ത്യാജ്യകോടിയിൽതള്ളപ്പെട്ടിരിക്കുകയാണെന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. ഏതുതേങ്ങയും ഏതുതരം നെല്ലും വിത്താക്കിവിനിയോഗിക്കുന്ന ഒരു പരിതഃസ്ഥിതിയാണ് പൊതുവെ നാട്ടിലെവിടേയും.

ലോകത്തിലെ ഏററവും പുരാതീനകർഷകരാജ്യം ഭാരതവും, ഭാരതത്തിലാകട്ടെ കാർഷികദേവതയുടെ കേളീരംഗം കേരളവുമാണെന്നാണ് പലരും പുകഴ്ത്തിക്കേട്ടിട്ടുള്ളതു്. എന്നാൽ ഇന്നു ഭക്ഷ്യക്ഷാമത്തിലകപ്പെട്ടു കൂടുതൽ ഉഴലുന്നതു് ഭാരതവും അതിൽ ഏററവും കഠിനമായ ക്ലേശം അനുഭവിക്കുന്നതു് കേരളവും അല്ലാതെ ഇതരപ്രദേശങ്ങളല്ലതാനും. നോക്കണേ! എന്തൊരു വിധിവൈപരീത്യമാണിതെന്ന്.

ക്രിസ്തുദേവന്റെപോലും ജനനത്തിനു എത്രയോമുമ്പു്, ലോകത്തിന്റെ ഇതരഭാഗങ്ങളിൽ ഫലമൂലാദികളും ഭക്ഷിച്ചുകൊണ്ടു് മനുഷ്യൻ നഗ്നനായി, മൃഗപ്രായനായി നടന്നിരുന്നകാലത്തു് ഗംഭീരമായ ഒരു സംസ്കാരം ഭാരതത്തിൽ നിലവിലിരുന്നതായി പറയപ്പെടുന്നു. അതു് ഏതുവിധം ഈ ശോചനീയനിലയിലെത്തിച്ചേർന്നുവെന്നൊരു ചോദ്യം ന്യായമായി നാം അഭിമുഖീകരിക്കേണ്ട ഒന്നാണ്. ഒരു രാഷ്ട്രത്തിന്റെ ശ്രേഷ്ഠത അവിടുത്തെ ജനങ്ങളുടെ മാനസികനിലയേയും ശാരീരികസുഖസ്ഥിതിയേയും ആശ്രയിച്ചുമാത്രമാണ് പ്രകടിതമാകുന്നതു്. മാനസികനില ശാരീരികസുഖാവസ്ഥകളുമായിട്ടു് വളരെ ബന്ധപ്പെട്ട ഒന്നാണ്. ശരീരസൌഷ്ഠവാദികൾ നിർണ്ണയിക്കുന്ന പ്രാധാന്യമേറിയ ഉപാധി ഭക്ഷണപദാർത്ഥങ്ങളാകുന്നു. ഭക്ഷ്യസാധനങ്ങളുടെ യോഗ്യത അതു് ഉൽപാദിപ്പിക്കുന്ന ഭൂമിയുടേയും വളർത്തിയെടുക്കുന്ന സമ്പ്രദായങ്ങളുടേയും സ്വഭാവത്തെ അതിവ ആശ്രയിച്ചാണ് ഇരിക്കുന്നതെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. "ലോകത്തിലെ പരിഷ്കാരകേന്ദ്രമായി പതിനൊന്നു ശതാബ്ദകാലത്തോളം നിലനിന്നിരുന്ന റോമാസാമ്രാജ്യത്തിന്റെ ചരിത്രം പരിശോധിക്കുന്നപക്ഷം ഒരുസംഗതി തെളിഞ്ഞുകാണാം. കാർഷികവിജയത്തിനു അടിസ്ഥാനമായ വിത്തുസംഭരണം. വളപ്രയോഗം എന്നീ അതിപ്രധാനകാര്യങ്ങളിൽ അവിടുത്തെ കർഷകജനതയുടെ ശ്രദ്ധ വേണ്ടുവോളം പതിയാതെ വന്നപ്പോൾമുതൽ ആ സാമ്രാജ്യത്തിന്റെ അധഃപതനം ദൃശ്യമായിത്തുടങ്ങി. സംസ്കാരത്തിന്റേയും അഭിവൃദ്ധിയുടെയും വിഹാരരംഗം ശാസ്ത്രീയമാർഗ്ഗങ്ങളിൽക്കൂടി കർഷകവൃത്തി ഇടതൂർന്നുപോരുന്ന പ്രദേശം മാത്രമായിരിക്കുമെന്നുവേണം ഇതിൽനിന്നും അനുമാനിക്കേണ്ടതു്." എന്നിപ്രകാരമാണ് ഭാരതത്തിൽ പ്രായോഗികസസ്യഗവേഷണങ്ങൾ ഏറിയകാലം നടത്തി അമൂല്യങ്ങളായ അനേകം കണ്ടുപിടിത്തങ്ങൾമുഖേന കർഷകലോകത്തിനു കാര്യമായ സഹായം നൽകിയിട്ടുള്ള വിഖ്യാതശാസ്ത്രജ്ഞനായ സർ ആൽബർട്ട് ഹവേർഡ് മേലുദ്ധരിച്ച ചോദ്യത്തിനു വ്യംഗ്യമായി നൽകിയിരിക്കുന്ന അർത്ഥഗർഭമായ സമാധാനം.

പൂർവ്വപ്രദേശത്തു ജപ്പാൻ, പാശ്ചാത്യരാജ്യങ്ങളിൽ ഡെൻമാർക്ക്, അമേരിക്കയിലെ ഐക്യസംസ്ഥാനങ്ങൾ എന്നി ഐശ്വര്യസമൃദ്ധമായ രാജ്യങ്ങളിൽ ഇന്നു കാണുന്ന കാർഷികാഭിവൃദ്ധി അത്ഭുതകരമെന്നു സമ്മതിക്കുകതന്നെ വേണം. ഈ നില അവർ പ്രാപിച്ചതു് കഴിഞ്ഞ ഒരു മുക്കാൽ ശതാബ്ദകാലത്തനുള്ളിൽ മാത്രമാണ്. അവരുടെ ഈ കാർഷികവിജയത്തിന്റെ പരമരഹസ്യം അക്ലിഷ്ടവും പരിശുദ്ധവുമായ വിത്ത് എന്ന പദപ്രയോഗംകൊണ്ടു് സംഗ്രഹിക്കാം. വിത്തിന്റെ ശ്രേഷ്ഠതയിന്മേൽ കെട്ടിപ്പടുത്തിട്ടുള്ളവ മാത്രമാണ് മററു സകല പരിഷ്കൃതസമ്പ്രദായങ്ങളും അവയുടെ ഫലവുമെല്ലാം.

കാർഷികോൽപാദനത്തെ സംബന്ധിച്ചു പറയുന്നതായാൽ വിത്തിനോളം പ്രാധാന്യമേറിയ ഉപാധി വേറില്ല. അതിനാൽ ആ വിഷയത്തിൽ നമുക്കു നൽകുവാൻ കഴിയുന്ന ഏതു ശ്രദ്ധയും എത്രത്തോളമായാലും അതു് ഒട്ടുംതന്നെ അധികമായിപ്പോകുന്നതല്ലെന്നു് നമ്മുടെ കർഷകർ ആദ്യമായി വഴിയാംവണ്ണം ധരിക്കണം; തദനുസരണമായി അവർ ശ്രദ്ധയോടെ പ്രവർത്തനമാരംഭിക്കുകയും വേണം.

അന്നമയമായ ശരീരത്തിൽക്കുടികൊള്ളുന്ന ജീവചൈതന്യത്തിനു് 'അന്നവിചാരം മുന്നെ വിചാരം' ആയിത്തീരുന്നതു് സ്വാഭാവികവും യുക്തിയുക്തവും മാത്രമാണല്ലോ. അതിനാൽ നമ്മുടെ പ്രധാനഭക്ഷ്യധാന്യമായ നെല്ലു വിളവിനെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എത്ര എളിയ ചെറുകർഷകനുപോലും സുകരമായ ഒരു പ്രായോഗികപദ്ധതിയും അതിന്റെ പ്രവർത്തനസമ്പ്രദായവും ഇവിടെ നിർദ്ദേശിക്കാം.

അത്യധികമായ വളപുഷ്ടിയോ ഏറെയധികം വിശേഷാനുകൂല്യങ്ങളോ ഉള്ള നിലങ്ങളിലും പാമ്പുകളിലു നിന്നു ലഭിക്കുന്ന വിളവു് വിത്തുശേഖരണത്തിനു അത്ര നന്നല്ല. അതുപോലെതന്നെ അതിശയകരമായ വളപ്രയോഗംമുഖേന ലഭിക്കുന്ന വിളവിനും വിത്തുഗുണം വേണ്ടിടത്തോളം ഉണ്ടായിരിക്കാനിടയില്ല. എന്തെന്നാൽ ആവക വിശേഷാനുകൂല്യങ്ങൾ കായുമ്പോൾ അവ ക്ഷയോന്മുഖമായിത്തീരുന്നതായി കാണാം. സാമാന്യ സാഹചര്യങ്ങളിൽ നല്ലവണ്ണം വളരുന്ന സസ്യങ്ങളിലും വിളവുകളിലുംനിന്നു ശരിയായി സംഭരിക്കുന്ന വിത്തുകൾക്കുമാത്രമെ ഏററവും കൂടുതൽ ഗുണം ഉണ്ടായിരിക്കുവാനിടയുള്ളു. ഈ വസ്തുത കർഷകർ വിസ്മരിക്കരുതു്.

വിളവു പൂർണ്ണമായി വിളഞ്ഞതിനുശേഷം കൊയ്ത്തിന്റെ തലേനാൾ കർഷകൻ വിളവിനകത്തിറങ്ങി പരക്കെ നടന്നു പരിശോധിക്കണം. അതിശയകരമായ പുഷ്ടിയോടും, സമൃദ്ധിയായ കതിരുകളോടുംകൂടി കാണുന്ന ചെടികളേയോ കതിരുകളേയോ വെട്ടിയെടുത്തു പ്രത്യേകം ശേഖരിച്ചു അതു ശ്രദ്ധയോടെ ഉണക്കി വിത്തായി സൂക്ഷിക്കണം.

ഇപ്രകാരം തയ്യാറാക്കുന്നതു് നെല്ലായിരുന്നാൽ അതിനെ 'ലവണപരീക്ഷണം' എന്നൊരു പരിശോധനയ്ക്കുശേഷം മാത്രമെ വിതയ്ക്കുവാൻ പാടുള്ളു. ആ പരീക്ഷണം ഇപ്രകാരമാണ്.—

എട്ടു റാത്തൽ (മൂന്നിടങ്ങഴ) സാധാരണ കറിയുപ്പു് ഒരു പാട്ടയിലിട്ടു് അതു നിറയെ പച്ചവെള്ളമൊഴിച്ചു ഉപ്പുമുഴുവൻ കലക്കിവയ്ക്കണം. ഈ ക്രമത്തിനു വലിയ കുട്ടകത്തിൽ കലക്കിത്തയാറാക്കുകയുമാകാം. നെല്ലുവിത്തു് പാത്രത്തിന്റെ വലുപ്പമനുസരിച്ചു കുറേശ്ശേ എടുത്തു് ഈ ഉപ്പുവെള്ളത്തിലിട്ടു് ഒരു കമ്പുകൊണ്ടു നല്ലവണ്ണം ഇളക്കണം. മീതേ പൊന്തിവരുന്ന നെല്ലുമണികളെ കുട്ടകൊണ്ടു കോരിമാററി ഒരിടത്തു വയ്ക്കണം. അടിയിലേയ്ക്കു താഴുന്ന മണികളാണ് കരുത്തേറിയവ. അവമാത്രമാണ് നല്ല വിത്തുകൾ. മുമ്പു മാററിവച്ചിട്ടുള്ള നെല്ല് വിത്തിനു നന്നല്ലെങ്കിലും ഭക്ഷണാവശ്യത്തിനു വിനിയോഗിക്കത്തക്ക നല്ല നെല്ലായിരിക്കും.

ആ ഉപ്പുജലം പിന്നീടു് അടപ്പത്തുവച്ചു വററിച്ചെടുത്താൽ ഒട്ടുംതന്നെ നഷ്ടപ്പെടാതെ ഉപ്പു മുഴുവൻ നല്ല കല്ലുപ്പു് എന്നരൂപത്തിൽ വീണ്ടെടുക്കാവുന്നതുമാണ്.

ഉപ്പുവെള്ളത്തിൽ താണുപോയിട്ടുള്ള വിത്ത് കോരിയെടുത്തു ശുദ്ധജലത്തിൽ ഒന്നു കഴുകിത്തോർത്തി ഉടനെയോ, മുളപ്പിച്ചോ, അഥവാ ഉണക്കി ചാരവുംചേർത്തോ, അതുമല്ലാത്തപക്ഷം മുളച്ചുപോയിരുന്നാൽത്തന്നെയും ഉണക്കിവച്ചിരുന്നു കുറേദിവസങ്ങൾക്കുശേഷമോ വിതയ്ക്കാവുന്നതാണ്.

ഓരോതവണത്തെ കൃഷിയിലും ഈവിധം തുടർച്ചയായി പ്രവർത്തിച്ചുകൊണ്ടുവരുകയും, ഇപ്രകാരം ഒരു നിലത്തിൽ വിതച്ചുവർദ്ധിപ്പിക്കുന്ന നെല്ല് പൊതുകൃഷിക്കു വിനിയോഗിക്കുന്നവിഷയത്തിൽ നിഷ്കർഷിക്കുകയുംചെയ്യുന്നപക്ഷം ആദ്യഘട്ടത്തിൽതന്നെ ഇരുപതുശതമാനത്തോളം ലഭിക്കാവുന്ന വിളവുവർദ്ധന ക്രമേണ ൫൦ ശതമാനത്തിലും കവിഞ്ഞുവരാവുന്നതാണെന്നു നമുക്കു ബോദ്ധ്യപ്പെടുന്നതായിരിക്കും. ജീവരാശികൾക്കെല്ലാം അഭിവൃദ്ധിക്കു നിദാനമായ പ്രചോദനം നൽകുന്ന ഏക ഉപാധി ബീജഗുണം എന്നതാണ്. അതിന്റെ പ്രാധാന്യം കർഷകർ ഒരിക്കലും വിസ്മരിക്കരുതു്.

ഏതു ചെറുകർഷകനും, പ്രവൃത്തിക്ഷമമായ ഈ ലഘുപദ്ധതി ഭൂസ്വത്തുടമസ്ഥന്മാർക്കു മാത്രമല്ല, ഏതൊരു സ്ഥലത്തെ സഹകരണസംഘത്തിനും പഞ്ചായത്തുകൾക്കും, വില്ലേജു യൂണിയനുംകൂടി ഏറ്റവും യോജിച്ചതാണ്. ഇപ്രകാരം പരിശോധനകഴിഞ്ഞ വിത്ത് സാധാരണ വിതയ്ക്കുന്ന വിത്തിന്റെ അളവിൽ മൂന്നിൽ രണ്ടുഭാഗംമാത്രം മതിയാകുന്നതുമാണ്. നമ്മുടെ കൃഷിവകുപ്പ് ഇപ്പോൾ വിവിധപ്രദേശങ്ങൾക്കു യോജിച്ച പലജാതി നെല്ലുവിത്തുകൾ ഉല്പാദിപ്പിച്ചു വർദ്ധിപ്പിച്ചു് കർഷകർക്കു സുലഭമാക്കിയിട്ടുണ്ട്. ആ വിത്തുവാങ്ങി ഉപയോഗിക്കുന്ന കർഷകർ മുൻവിവരിച്ച പരിശോധനകൂടി നടത്തുന്നതു് കൂടുതൽ ഗുണകരമായിരിക്കും.

ഈ വിത്തുപദ്ധതിയോടു ചേർന്നു് ശാസ്ത്രീയവളപ്രയോഗംകൂടി നമ്മുടെ കർഷകർ സ്വീകരിക്കുന്നപക്ഷം ചുരുങ്ങിയ ഒരു കാലയളവായ മൂന്നുസംവത്സരത്തിനകം നമ്മുടെ നെൽവിളവു ഇന്നത്തെ എട്ടും പത്തും മേനിയിൽനിന്നും ഇരുപത്തിഅഞ്ചു (അതായതു് ഒരുപറ നിലത്തിൽനിന്നും ൨൫ പറനെല്ല്) മേനി എന്ന ക്രമത്തിനു വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

നെല്ലിനെ സംബന്ധിച്ചുമാത്രമല്ല എല്ലാ വിളവുകൾക്കും ഈവിധമൊരു വിത്തു തിരഞ്ഞെടുപ്പുപദ്ധതി പ്രവർത്തനത്തിൽ കൊണ്ടുവരാൻ നാം ശ്രമിക്കണം. മരച്ചീനി, കാച്ചിൽ, ചേന, ചേമ്പു് ആദിയായവയെ സംബന്ധിച്ചു ഒന്നും ചെയ്യേണ്ടതില്ലെന്നാണു പൊതുവെ കർഷകരുടെ ധാരണ. അതു ശരിയല്ല, നല്ലജാതിയോടുകൂടിയതും ആരോഗ്യത്തോടുകൂടി പുഷ്ടിയായി വളരുന്നതുമായ ചുവടുകളെ പ്രത്യേകശ്രദ്ധയോടെ ശേഖരിച്ചു അതിന്റെ കിഴങ്ങോ കമ്പോ വേണം വീണ്ടും നടുന്നതിനുപയോഗിക്കുവാൻ. വല്ലിടത്തും വല്ലവരും കണ്ടമാനം കൃഷിചെയ്തു അനിഷ്ടയിൽ വളർത്തി പൂർണ്ണമായ വിളവു വന്നിട്ടില്ലാത്ത ഒരു വിളവിനേയോ കമ്പിനേയോ കിഴങ്ങിനേയോ അവയുടെ ഗുണദോഷങ്ങളെപ്പററി യാതൊരറിവുംകൂടാതെ വിലയ്ക്കുവാങ്ങി നടുന്നതുമുഖേന പല ദുരിതങ്ങളും നമ്മുടെ കൃഷികളിൽ കടന്നുകൂടുന്നുണ്ടെന്നുള്ള വസ്തുതയും കർഷകർ ധരിക്കേണ്ടതാണ്. വളപ്രയോഗംകൊണ്ടുമാത്രം ഈവക ദൂഷ്യങ്ങൾ പരിഹരിക്കാവുന്നതല്ലെന്നും പ്രത്യേകം പറഞ്ഞുകൊള്ളട്ടെ.

ഒരു സംഗതികൂടി ഈ അവസരത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സൃഷ്ടിപരമായ ഏതു ലഘുനിർദ്ദേശങ്ങളേയും അപ്രായോഗികമെന്നോ കടലാസുപദ്ധതികളെന്നോ പുച്ഛിച്ചു് തിരസ്കരിക്കുന്ന അലസമനോഭാവത്തോടുകൂടിയവർ എവിടെയുമില്ലാതില്ല. "പ്രയത്നഫലം മാത്രമാണു വിജയം." എന്നും, "വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും" എന്നും മററുമുള്ള സദുപദേശവാഹികളായ മാസ്മരമന്ത്രങ്ങൾ ഇക്കൂട്ടർക്കു പ്രവൃത്തിമാർഗ്ഗത്തിൽ പ്രവേശിക്കുന്നതിനു വേണ്ട പ്രചോദനം നൽകട്ടെ. എന്നു മാത്രമേ ആവക അഭിപ്രായങ്ങളെപ്പററി പറയേണ്ടതുള്ളു.

ഇത്രത്തോളം പ്രാധാന്യമേറിയ "വിത്തുതെരഞ്ഞെടുപ്പ്" എന്ന പ്രസ്ഥാനത്തെ കാര്യമായി കരുതി പൊതുജനങ്ങൾ അവരവരുടെ സ്ഥലത്തോ സ്വന്തം മേൽനോട്ടത്തിലൊതന്നെ ചെറിയ തോതിലെങ്കിലും നല്ല ഗുണപൂർണ്ണമായ വിത്തുകൾ തെരഞ്ഞെടുത്തു കൃഷിചെയ്തു്, അതിന്റെ ഫലം എന്തായിരിക്കുമെന്നു ഒന്നു പരീക്ഷിച്ചുനോക്കണം. അതു അവർക്കും പൊതുവെ നാട്ടിനും ഗുണകരമായിത്തീരുമെന്നതിനു സംശയമില്ല. ഈ വിഷയത്തിൽ നിങ്ങളുടെ സമീപമുള്ള കൃഷി ആഫീസിൽനിന്നും വേണ്ടുന്ന സഹായസഹകരണങ്ങൾ നിങ്ങൾക്കു എപ്പോഴും ലഭിക്കുന്നതാണ്. സുലഭമായ ഈ സൗജന്യസഹായങ്ങൾ പരിപൂർണ്ണമായി വിനിയോഗിച്ചു ഭക്ഷ്യവിഭവങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുവിൻ. ഭക്ഷ്യക്ഷാമപിശാചിനെ ഉച്ചാടനംചെയ്യുവിൻ. രാജ്യത്തു ക്ഷേമൈശ്വര്യങ്ങൾ പുലർത്തുവിൻ.

എ. ഐ. ആർ. തിരുവനന്തപുരം ശാഖയുടെ അനുവാദത്തോടുകൂടി.

—o—



ഡെൽഹിയിൽവച്ചു നടന്ന ആൻസാക്ക് ദിനാഘോഷം. ഡെൽഹിയിലെ ആസ്ത്രേലിയൻ ഹൈക്കമ്മിഷണരും ക്യാനേഡിയൻ ഹൈക്കമ്മിഷണരും ഫ്റഞ്ചു് സ്ഥാനപതിയും മററും സ്മാരകത്തിൽ മാല്യങ്ങൾ അർപ്പിക്കുകയുണ്ടായി.

# റാവുബഹദ്ദൂർ ഒ. ചന്തുമേനോൻ

## * അദ്ദേഹത്തെപ്പററിയുള്ള ചരിത്രങ്ങൾ

ടി. എസ്സ്. അനന്തസുബ്രഹ്മണ്യം

ഒററപ്പാലം കോടതിയിൽ ഒരുകേസ്സ്. ദേശപ്പെട്ട ഒരു തറവാട്ടിൽ രണ്ടാളുകൾ തമ്മിൽ തക്കം. ഞാൻ ഞാൻ തറവാട്ടിൽ കാരണവരെന്ന്. ആ തറവാട്ടിൽ രണ്ടു താവഴികൾ ഉള്ളതിൽ വയസ്സുമൂപ്പനാണ് തറവാട്ടിലെ കാരണവസ്ഥാനത്തിന് അർഹത. രണ്ടാളുടേയും വയസ്സ് അധികമായിട്ടൊന്നുമില്ല. എൺപതിൽ കുറയില്ല, അത്രയെ ഉള്ളൂ. ഏറിയാൽ അഞ്ചാറുമാസത്തെ വ്യത്യാസമെ ഉള്ളു ഇരുവക്കും വയഃക്രമത്തിൽ.

ഇരുകക്ഷികളിൽ ഒരു കാരണവൻ ദൃഢഗാത്രൻ, കവിളൊന്നും ഒട്ടിയിട്ടില്ല പല്ലൊന്നും കൊഴിഞ്ഞിട്ടില്ല. രാത്രി ഭാര്യവീട്ടിലേക്കു നടന്നുപോകുവാൻ കുസലില്ല. മുറുക്കുവാൻ ഇരുമ്പുകൊണ്ടുള്ള ചെറിയ ഉരലൊ ഉലക്കയൊ ഒന്നും ആവശ്യമില്ല, ഇപ്പോഴത്തെ പരിഷ്കാരികളെപ്പോലെ കൃത്രിമപ്പല്ലൊന്നും വെച്ചിട്ടില്ല എന്നു എടുത്തു പറഞ്ഞേക്കാം. മറേറ കാരണവർ നന്നേ ക്ഷീണിച്ചു അവശനായിരിക്കുന്നു. സൌഗന്ധികം കഥയിൽ മാർഗ്ഗമദ്ധ്യേ വഴ മുടക്കിക്കിടക്കുന്ന വാനരവീരന്റെ വൃദ്ധനായ മനസ്സു കൊണ്ടു നിരീച്ചാൽ മതിയാവും ഇദ്ദേഹത്തിന്റെ ദേഹപ്രകൃതിക്ക്.

രണ്ടുഭാഗത്തും പ്രായപൂർത്തിസംബന്ധമായ അപ്പീൽ ഇല്ലാത്ത രേഖകൾ - പാഴൂർ കണിയാന്മാരും പരുത്തപ്പള്ളിപണിക്കരും നിർമ്മിച്ച ജാതകങ്ങൾ ഹാജരാക്കിയിരിക്കുന്നു. ഒരു മുൻസിഫ് ഇവരെ ഡാക്ടരുടെ പരിശോധനയ്ക്കായി കോഴിക്കോട്ടുള്ള ഡിസ്ത്രിക് മെഡിക്കൽ ആഫീസരുടെ അടുക്കലേക്ക് അയച്ചു. അദ്ദേഹത്തിന്റെ സർട്ടിഫിക്കറ്റ് കവിളൊട്ടിയ കാരണവക്ക് അനുകൂലമായിരുന്നു.

അങ്ങിനെ കേസ്സ് നിലവിൽ ഇരിക്കുന്ന കാലത്താണ് നമ്മുടെ ചന്തുമേനോൻ അവർകളെ ഒററപ്പാലത്തേക്കു സ്ഥലംമാററംചെയ്തതു്. മേനോൻ ഒരു പുതിയ അടവെടുത്തു കേസ്സ തീർപ്പുചെയ്യുവാൻ. കേസ്സുദിവസം ഉച്ചയ്ക്കു ചായയ്ക്കായി ആലോചനമുറിയ്ക്കു പോയപ്പോൾ ഈ ചുക്കിച്ചുളിഞ്ഞ കാരണവരെ അകത്തേക്കു ക്ഷണിച്ചുകൊണ്ടുവരുവാൻ പറഞ്ഞു, അദ്ദേഹംവന്നു ആസനസ്ഥനായി. രണ്ടാളും ചായകുടിച്ചു. ഓരോ നാട്ടുവർത്തമാനവും പറഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യേ മുൻകൂട്ടി ഏർപ്പാടുചെയ്തിരുന്നപ്രകാരം ശിപായി മറെറ കാരണവരെ അകത്തേക്കു കൂട്ടിക്കൊണ്ടുവന്നു, ഇതു ആദ്യംവന്നകാരണവർ സ്വപ്നത്തിൽകൂടി വിചാരിക്കാത്തതായിരുന്നു. ഇദ്ദേഹം അകത്തുകടന്നു ജഡ്ജിയെ വന്ദിച്ചു കല്പനപ്രകാരം ഒരു കസേരയിൽ ഉപവിഷ്ടനായി. ഇദ്ദേഹത്തെക്കണ്ടതും കവിളൊട്ടിയ കാരണവർ താനറിയാതെ ആസനം പൊന്തിച്ചുതുടങ്ങി. മെല്ലെമെല്ലെ എണീററും തുടങ്ങി. "ഹെ, ഇരിക്കു. ഇരിക്കു. ഇരുന്നോളു എന്നായി മുൻസിഫ് അവർകൾ. എങ്ങിനെ ഇരിക്കും. ഞാൻ പിന്നെവരാം; 'എനിക്കെന്തു നീക്കൽ ഇരിക്കണം' എന്നുപറഞ്ഞുകൊണ്ടു വടിയുംകുത്തി യാത്രപറഞ്ഞുപോകയും ചെയ്തു

കാരണം സ്പഷ്ടമാണല്ലൊ. കാരണവന്മാരുടെ മുമ്പിൽ അനന്തരവന്മാർ ഇരിക്ക എന്നുള്ളതു് മലയാളത്തറവാടുകളിൽ പണ്ടേതും പതിവില്ലാത്തതാണ്. എന്തിനു? അനന്തരവന്മാർ നിന്നുകൊണ്ടു സംസാരിക്കുന്നതുതന്നെ വളരെ ഭയഭക്തിയോടുകൂടി കീഴ്പ്പോട്ടു ദൃഷ്ടിവെച്ചുംകൊണ്ടായിരിക്കും. അങ്ങനെ അന്നവരെ ശീലിച്ചുപോയ കവിളൊട്ടിയ കാരണവർ യഥാർത്ഥ കാരണവരുടെ ആഗമനത്തിൽ എണീററുപോയതിൽ അത്ഭുതപ്പെടുവാനെന്തുള്ളൂ. കാരണവസ്ഥാനം കല്പിച്ചു കൊടുക്കാൻ കാലതാമസവും വേണ്ടിവന്നില്ല.

ഇപ്പോൾ ഈ വിധമുള്ള പൊടിക്കൈകൾ ഫലിച്ചുകാണ്മാൻ വിഷമിക്കും. കാരണവർ കാലുനില്ക്കെ അനന്തരവൻ ചാരുകസേരയിൽ കാൽനീട്ടി കിടന്നുകൊണ്ടു കാരണവരോടു കടന്നു പറയുന്ന കാലമാണല്ലോ ഇക്കാലം. അതാണല്ലോ ഇപ്പോഴത്തെ പരിഷ്കാരവും.

പാലക്കാട്ട് സംഗതിവശാൽ അവധിയിൽ താമസിച്ചിരുന്നസമയം പാലക്കാട്ട് സ്റ്റേഷന്നു സമീപം എടത്തറ നായരെന്നു പേരായി ഒരു മാന്യനായർ തറവാടുണ്ട്. ആ തറവാട്ടിലെ നായർക്കു മൂപ്പു കിട്ടുന്ന ദിവസം നമ്പൂരാർക്കു തിരിഞ്ഞിരുന്നു ഒരു പന്തിഭോജനം പതിവുണ്ടായിരുന്നു. ഇപ്പോഴത്തെ കഥ ഞാൻ അറികയില്ല. വിശേഷാൽ ഓരോ ഉറുപ്പിക പ്രതിഗ്രഹവും. അന്നത്തെ ഒരു ഉറുപ്പിക ഇന്നത്തെ ഒരു പവന്നു് സമമാണെന്നു നമ്പൂരാർ തഴിച്ചുകൂടും. എന്നാൽ അന്നുമാത്രമെ ഉള്ളൂ പന്തിഭോജനം. പിന്നീടു എപ്പോഴെങ്കിലും നമ്പൂരി ഉണ്ണുന്നതു ഈ മൂപ്പിന്നു കണ്ടുപോയാൽ അന്നു് പ്രായശ്ചിത്തംചെയ്തു പഞ്ചഗവ്യംസേവിക്കണം ദേഹശുദ്ധിവരുവാൻ.

എടത്തറനായരൊന്നിച്ചു അങ്ങിനെ ഊൺ കഴിച്ച ഒരു നമ്പൂതിരി ഒരുദിവസം വന്നിരുന്നു മേനോന്റെ ബങ്കളാവിലേക്ക്. പകൽ പത്തുമണിസമയത്ത്. നമ്പൂതിരി ഒരു പഴയ മനുഷ്യനാണ്. ശുദ്ധഹൃദയനാണ്. "മഹാനേഭാവോ വിഡ്ഢിശേഷാൽ ശുദ്ധഋത്യഭിധീയതെ" എന്ന പ്രമാണം വെടിപ്പായി ചേരുന്നകൂട്ടത്തിലാണ്. കുശലപ്രശ്നാദികൾ കഴിഞ്ഞശേഷം നമ്പൂരിയെ ഉണ്ണാനായി ക്ഷണിച്ചു നമ്മുടെ മേനോൻ. ബങ്കളാവിന്റെ വളപ്പിൽതന്നെ ഉണ്ടു കുളവും കുളിപ്പുരയും. ഭക്ഷണം പാകംചെയ്തിരുന്നതു പട്ടന്മാരാണ്, അത്യാവശ്യം വഴിപോക്കർവന്നാൽ ഊണിനു മുട്ടുവരില്ലവിടെ. ബ്രാഹ്മണർക്കുള്ള ഊണ് കുളപ്പുരയിൽവെച്ചായിരിക്കും എന്നുമാത്രം.

നമ്പൂതിരിയെ ഉണ്ണാൻക്ഷണിച്ചു മേനോൻ കുളപ്പുരയിൽനിന്നു പോയി. കുളിയും തേവാരവുംകഴിഞ്ഞു നമ്പൂതിരി കുളപ്പുരയിൽ ചെന്നപ്പോളുണ്ടു രണ്ടിലയും പലകയും ഒരുക്കിവെച്ചിരിക്കുന്നു. വേറെ വല്ലവരെയും ക്ഷണിച്ചിരിക്കാം, അല്ലെങ്കിൽ വെപ്പുകാരൻ ബ്രാഹ്മണനായിരിക്കാം മറെറ ഇല എന്നുവിചാരിച്ചു നമ്പൂതിരി ഉണ്ണാൻ ഒരുങ്ങി ഒരു പലകയിൽ ചെന്നിരുന്നു. നമ്പൂതിരിക്ക് വെപ്പുകാരൻ നീർകൊടുത്തു പ്രാണാഹുതികഴിഞ്ഞു. നമ്പൂതിരി ഉണ്ണാൻഭാവിക്കുമ്പോളുണ്ടു ചന്തുമേനോൻ അകത്തുകടന്നു മറെറ പലകയിൽ ഇരിപ്പാൻ വട്ടംകൂട്ടുന്നു. അപ്പോഴാണു നമ്പൂതിരിക്കു തന്റെ പോഴത്തം മനസ്സിലായതു്. ഉണ്ണാനെടുത്ത ചോറു വേഗം ഇലയിൽതന്നെ ഇട്ടു് കുളത്തിൽ ഇറങ്ങി കാലും കയ്യും കഴുകുവാൻ വട്ടംകൂട്ടി.'' എവിടെപ്പോകുന്നു ഇരിയ്ക്കു അവിടെ എന്നായി മേനോൻ സ്വതവെയുള്ള ഗാംഭീര്യത്തോടെ. 'ശൂദ്രരൊന്നിച്ചു ബ്രാഹ്മണർ ഉണ്ണാൻതക്കനിലയിൽ കലി മൂത്തിട്ടില്ല' എന്നായി നമ്പൂതിരി - 'എടത്തറ നായരൊന്നിച്ചു ഇന്നാൾ ഊൺകഴിച്ചതു ഈ നമ്പൂതിരി അല്ലയായിരിക്കും' എന്നായി മേനോൻ. 'ഞാൻ സ്ഥാനിയല്ലെങ്കിലും മാനിയാണ്. മുൻസിഫാണ്. ഒന്നാന്തരം നായരുമാണ്. ദക്ഷിണയും ഒന്നിനു രണ്ടായി തന്നേക്കാം' എന്നുംപറഞ്ഞു ശഠിച്ചുകൂടി.

നമ്പൂതിരി വട്ടത്തിലായി, മെല്ലെ കുളപ്പുരയിൽനിന്നു് പുറത്തേക്കു ചാടുവാൻഭാവിച്ചപ്പോൾ 'പിടിയ്ക്കൂടാനമ്പൂരിയെ' എന്നു വെപ്പുകാരനോടു ഉത്തരവായി, നമ്പൂതിരി കൈകഴുകാതെ ഓടാനുംതുടങ്ങി. പാററുവശിപായി പിന്നാലെയും. മേനോൻ ഇതുകണ്ടു രസിച്ചുവെന്നുപറയേണ്ടതില്ലല്ലോ? ഗൃഹപ്പിഴക്കെന്നു പറയേണ്ടു ഗേററ അടച്ചുപൂട്ടിയിരിക്കുന്നു നമ്പൂതിരി ഇതികർത്തവ്യാമൂഢനായി മേനോനോടു ക്ഷമായാചനംചെയ്തു. 'ഹെ, നമ്പൂതിരിക്കു ഇഷ്ടമില്ലെങ്കിൽ ഞാൻ നിർബന്ധിക്കുന്നില്ല. ഞാൻ അകത്തുപോയി ഉണ്ടോളാം. കുളപ്പുരയിൽ ചെന്നു ഊണുകഴിച്ചേക്കുള്ളൂ. ഊണുകഴിഞ്ഞു കാണാതെപോവരുതു്'. എന്നുംപറഞ്ഞു മേനോൻ അകത്തേക്കുപോയി.

നമ്പൂതിരി വിയർത്തു അവശനായിരിക്കുന്നു. ശങ്ക കഴിച്ചു കാലും മുഖവും കഴുകി വളരെ ശങ്കയോടുകൂടി നമ്പൂതിരി ഊണുകഴിച്ചു. മറെറ ഇലയിൽ വെപ്പുകാരനും കൂടി.

ഊൺ കഴിയുമ്പോഴേക്ക് മുറുക്കാനുള്ളതൊക്കെയും ഒരുക്കിവെച്ചിരിക്കുന്നു ഒരു വെള്ളിത്തട്ടിൽ. സുഖമായി ഇലത്തുമേറത്ത് കഴിക്കുന്ന സമയം ചന്തുമേനോനും ഊൺകഴിഞ്ഞുവന്നു അടുത്തുകൂടി എന്നിട്ടു കുറെ പഴങ്കഥകൾ പറഞ്ഞു. ഇനിയും വല്ലവിധത്തിലും ചന്തുമേനോൻതന്നെ ചെണ്ടകൊട്ടിച്ചേക്കുമോ എന്നുള്ള ഭീതി നമ്പൂതിരിയെ അലട്ടിക്കൊണ്ടിരുന്നു.

കുറെ കഴിഞ്ഞപ്പോൾ നമ്പൂതിരി മെല്ലെ യാത്രപറഞ്ഞു പുറപ്പെട്ടു. ബ്രാഹ്മണർ ഭൂദേവന്മാരാണെന്നും തനിക്കു നല്ല ബോദ്ധ്യമുണ്ടെന്നും അവരുടെ അനുഗ്രഹം അനവരതം ആഗ്രഹിക്കുന്ന ആളാണ് താനെന്നും തരുമനസ്സിൽ തന്നെപ്പററി യാതൊരുവിധ തെററിദ്ധാരണയും ഉണ്ടാവരുതെന്നും പറഞ്ഞു നമ്പൂരിക്കു ആറുകൊത്തുപാവിൽ രണ്ടും മൂന്നുകാൽ ഉറുപ്പികയും വെററിലപാക്ക സഹിതം ദക്ഷിണചെയ്തു.

നമ്പൂതിരി അരുളവാററ സന്തോഷംകൊണ്ടു കരഞ്ഞുപോയി എന്നുവേണം പറവാൻ. ദീർഘായുസ്സായിരിക്കണം എന്നു ഹൃദയപൂർവ്വം പ്രാർത്ഥിച്ചു രണ്ടുകയ്യും നീട്ടി മേനോനെ അനുഗ്രഹിച്ചു. പിന്നെ, ഇപ്പോ ചന്തു എത്രാംക്ലാസ്സ് മുൻസിഫാ എന്നു ചോദിച്ചപ്പോൾ, ഒന്നാംക്ലാസ്സാണെന്നു ഉത്തരം പറഞ്ഞു. എന്നാ നാം ഇനി ചന്തുവെക്കാണുമ്പോ നൂറാം ക്ലാസ്സ് മുൻസീഫായി കാണണം-ട്ടോ. എന്നുപറഞ്ഞു ആശീർവ്വദിച്ചു. ഒന്നിനെക്കാൾ വളരെ വലുതാണല്ലോ നൂറ്.

നമ്പൂതിരിയുടെ അനുഗ്രഹം ഫലിച്ചു. ഹൃദയപൂർവ്വം ചെയ്യുന്ന അനുഗ്രഹവും ഹൃദയഭേദകമായി ചെയ്യുന്ന ശാപവും അനുഭവിക്കാതെ വരികയില്ലെന്നു നമ്മുടെ പുരാണങ്ങൾ വിളിച്ചു പറയുന്നുണ്ടല്ലോ. മേനോന്നു സീനിയർമാരായി മൂന്നുനാലു മുൻസിഫ്മാർ ഉണ്ടായിരുന്നു. അവരുടെ അവകാശങ്ങളെ അവഗണിച്ചു ചന്തുമേനോനെ തിരുനൽവേലി സബ്ജഡ്ജിയായി കല്പിച്ചു ഉത്തരവുവന്നു. താമസിക്കാതെ കോഴിക്കോട്ടു സബ്ജഡ്ജിയായി സ്ഥിരപ്പെടുത്തി മാററംകൊടുക്കയുംചെയ്തു.

* ഇപ്പോൾ അച്ചടിപ്പാൻ കൊടുത്തിട്ടുള്ള ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ

—o—

ബാലപംക്തി

## കണ്ടുപിടിത്തങ്ങൾ

പി. ആർ. കെ. നായർ

### അമേരിക്ക

കയ്യിത്ത പാൽ-മോഴ്സ്-1835
ടെലഫോൺ-ബെൽ-1876
സിനിമ-എഡിസൺ-1893
ഗ്രാമഫോൺ-എഡിസൺ-1877
ഏറോപ്ലെയിൻ-റൈററ സഹോദരന്മാർ-1903
ഫൌണ്ടൻപെൻ-വാട്ടർമെൻ-1864
ടൈപ്പ്റൈറ്റർ-ഷോൾസ്-1873
സേഫ്ററി റേസർ-ജില്ലററ്-1904

### ഇംഗ്ലീഷ്

ആവിയന്ത്രം-ജയിംസ്‌വാട്ട്-1565
ടെലിവിഷൻ-ജെ. എൽ. ബേയർഡ്-1925
തീവണ്ടി-സ്റ്റീഫൻസൺ 1835
ഉരുക്ക-ബെസ്സിമർ-1815
ഡയിനാമോ-ഫാരഡെ 1831
ട്ടാങ്ക-സ്വിൻടൺ-1914
പെനിസിലിൻ-പ്രഫസർ ആംസ്ട്രോങ്ങ്

### ഫ്രാൻസ്

തയ്യൽയന്ത്രം-തിർമോനിയർ-1830
ഫോട്ടോഗ്രാഫി-ഡഗ്ഗുറെ-1839
റേഡിയം-മാഡംക്യൂറി-1803
ബലൂൺ-മോണ്ട്ഗോൾഫിയർ-1783
തർമ്മാമീററർ-ഫാറൻഹീററ്-1781
അന്ധന്മാർക്കുള്ള പുസ്തകം-ബ്രെയിൻ
തീപ്പെട്ടി-സോറിയ-1831

—o—


## ഹിന്ദീ സ്വയം ശിക്ഷക്

—o—

പരസഹായംകൂടാതെ ഹിന്ദിപഠിക്കാവുന്ന ഒരു ഉത്തമഗ്രന്ഥം

വില രൂ. 1. ണ. 8.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.




മദ്രാസ്ഗവർണ്ണരും പത്നിയും അതിഥികളായി താമസിച്ചിരുന്ന വെങ്ങനാട്ടുകൊട്ടാരത്തിൽവെച്ച് കുചേലചരിതം എന്ന കഥകളി നടത്തുകയുണ്ടായി. മദ്രാസ്ഗവർണ്ണരും പത്നിയും ഈ കഥകളി വീക്ഷിക്കുകയുണ്ടായി.

സിനിമാപംക്തി

# സുരയ്യാ

—o—

"ഡാക്ബംഗ്ലാവ്'' "ആജ് കീ രാത്'' എന്നീ ചലച്ചിത്രങ്ങളിലെ തന്മയത്വപരമായ അഭിനയം സുരയ്യായെ ഭാരതത്തിലെ ഒന്നാംകിടനടിയും ഗായികയുമാക്കിത്തീർത്തിട്ടുണ്ട്. പ്രഥമചിത്രത്തിലെ അഭിനയത്തിന് കേവലം മുന്നൂറു രൂപയാണ് അവർക്ക് പ്രതിഫലം ലഭിച്ചതെങ്കിലും ഇന്നു് ആ അഭിനേത്രി ൧൫൦൦൦ രൂപായിൽ കുറഞ്ഞു് ഒരു ചിത്രത്തിലും അഭിനയിക്കാറില്ല. സുരയ്യായുടെ വിജയകരമായ കലാജീവിതത്തിന്റെ പഴയഏടുകളിലേക്ക് ഒന്നു തിരിഞ്ഞുനോക്കുന്നതു് രസാവഹമാണ്.

൧൯൨൯—ജൂൺ പതിനഞ്ചാംതീയതി ലാഹോറിലെ ഒരു പുരാതന മുസ്ലീംകുടുംബത്തിൽ സുരയ്യാ ജനിച്ചു. ലാഹോറിലെ ഗവൺമെൻറുസർവീസിലെ ഒരു ഉയർന്നഉദ്യോഗസ്ഥനായിരുന്ന പിതാവ് നിർഭാഗ്യത്താൽ അവരുടെ ചെറുപ്പത്തിൽത്തന്നെ മരണമടയുകയുണ്ടായി. അദ്ദേഹത്തിന്റെ മരണത്തോടുകൂടി സുരയ്യായുടെ കുടുംബം ലാഹോറിൽനിന്നു് ബോംബെയിലേക്കു താമസംമാറുകയും മാതുലന്റെ സംരക്ഷണത്തിൽ ആ ബാലിക വളർന്നുവരികയുംചെയ്തു. സുരയ്യായുടെ മാതുലനായിരുന്ന സഹൂർ ഒരു കഥാകൃത്തും അഭിനേതാവുമായി ബോംബെയിലെ പ്രകാശ്സ്റ്റുഡിയോവിൽ ജോലിനോക്കുകയായിരുന്നു. വീട്ടിലിരുത്തി ഖുർആൻ മുഴുവൻ നല്ലവണ്ണം അഭ്യസിപ്പിച്ചതിനു ശേഷമാണു് സുരയ്യായെ സ്കൂളിൽ അയച്ചു് ഇംഗ്ലീഷ്‌വിദ്യാഭ്യാസം ചെയ്യിപ്പിച്ചതു്. കഷ്ടിച്ചു് തേഡ്ഫാറംവരെ പഠിക്കുന്നതിനേ അവർക്കു സാധിച്ചുള്ളു. വിദ്യാർത്ഥിനിയായിരുന്നപ്പോൾതന്നെ ഒരു ചലച്ചിത്രനടിയായിത്തീരണമെന്നായിരുന്നു അവരുടെ ആഗ്രഹം. അങ്ങിനെയിരിക്കെ ഒരു ദിവസം അവരുടെ മാതുലൻ ജോലിചെയ്തിരുന്ന മോഡേൺസ്റ്റുഡിയോവിൽ ചിത്രങ്ങൾ ഷൂട്ടുചെയ്യുന്നതു് കാണുന്നതിനു സുരയ്യാ പോകുകയുണ്ടായിരുന്നു. ആ ബാലികയിൽ കലാപരമായ കഴിവുകൾ അന്തർലീനമായിക്കിടപ്പുണ്ടെന്നു് "പ്രൊഡ്യൂസർ'' കണ്ടെത്തുകയുണ്ടായി. മോഡേൺസ്റ്റുഡിയോക്കാർ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്ന "താജ്മഹാൾ'' എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിന് സുരയ്യായോടു് ആവശ്യപ്പെടുകയും അവർ ആ ക്ഷണം സ്വീകരിക്കുകയുംചെയ്തു. ൧൯൪൧-ൽ കേവലം പതിന്നാലു വയസ്സ് മാത്രം പ്രായമുണ്ടായിരുന്നപ്പോഴാണ് സുരയ്യാ മുംതാസ്മഹാളിന്റെ ഭാഗം സ്തുത്യർഹമായി അഭിനയിച്ചു് കലാലോകത്തിന്റെ കണ്ണിലുണ്ണിയായിത്തീർന്നതു്. അതിനെത്തുടർന്നു് "സ്റ്റേഷൻമാസ്റ്റർ'' എന്ന ചിത്രത്തിൽ ഒരു അപ്രധാനഭാഗം അഭിനയിച്ചു. തുടർന്നു് ഡി. വാഡിയായുടെ "ഇഷാരാ'' എന്ന ചിത്രത്തിൽ നായികയുടെഭാഗം അഭിനയിക്കുന്നതിനു് സുരയ്യാ ക്ഷണിക്കപ്പെട്ടു. പ്രസ്തുതചിത്രത്തിലെ അഭിനയമാണ് സുരയ്യായ്ക്ക് അനശ്വരകീർത്തി നേടിക്കൊടുത്തതു്.

സുരയ്യാ ഇതിനകം നിരവധി ചലച്ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. "താമന്നാ'' "തദ്ബീർ'' "ഉർവ്വശി'' "ശാരദ'' "ഹമാരിബാത്'' "അൻമോൽഘഡി'' "ഡാക്ബംഗ്ലാ'' "ദോദിൽ'' "ജഗ്ബീതി'' "പർവ്വാനാ'' "കാജൽ'' "ശക്തി'' "വിദ്യ'' "ആജ് കി രാത്'' "ആയിരത്തിഎണ്ണൂറ്റിഅൻപത്തിഏഴ്'' "പ്യാർകി-ജീത്'' "ജീത്'' "ഷൈർ'' തുടങ്ങിയവയാണ് സുരയ്യായുടെ പ്രഖ്യാതചിത്രങ്ങൾ. പരേതനായ സൈഗാൾ, പൃഥ്വീരാജ്, കരൺദിവാൻ, സുരേന്ദ്രൻ, മോട്ടിലാൽ, മുംതാസ്അലി തുടങ്ങിയ ഒന്നാംകിടയിലുള്ള നടന്മാരോടുകൂടിയാണ് സുരയ്യാ അധികവും അഭിനയിച്ചിട്ടുള്ളതു്.

സുരയ്യായുടെ അഭിനയം അത്യന്തം ഹൃദയാവർജ്ജകമാണ്. കഥാപാത്രങ്ങളുടെ രീതിയും സ്വഭാവവും ശരിക്കു ഗ്രഹിച്ചു് തദനുസരണം തന്മയത്വമായി അഭിനയിക്കുന്നതിൽ അവർ പ്രത്യേകം വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നുണ്ട്. ശോകരംഗങ്ങളിലെ വികാരഭരിതമായ അഭിനയം അത്യന്തം ഹൃദയസ്പർശകങ്ങളുമാണ്. വദനത്തിൽ അടിക്കടി ഭാവരസങ്ങൾ സ്ഫുരിപ്പിക്കുന്നതിലുള്ള വൈദഗ്ദ്ധ്യവും അത്ഭുതാവഹമാണ്. അവരുടെ ശ്രുതിമധുരമായ ഗാനങ്ങളും നയനമോഹനങ്ങളായ നടനങ്ങളും ഏതൊരു കലാഹൃദയത്തെയും പുളകംകൊള്ളിക്കും. ആറേഴുചിത്രങ്ങളിൽ ഒരേസമയത്തു് അഭിനയിക്കുന്നതിന് സുരയ്യായ്ക്കു കഴിവും കരുത്തുമുണ്ട്. താൻ പ്രത്യക്ഷപ്പെടുന്ന ചിത്രങ്ങളെല്ലാം പരിപൂർണ്ണവിജയമാക്കിത്തീർപ്പാൻ അവർ ആത്മാർത്ഥമായി ശ്രമിക്കാറുമുണ്ട്. സാഹചര്യങ്ങൾ ലഭിക്കുന്നപക്ഷം തമിഴ്ഭാഷ അഭ്യസിച്ചിട്ടു് തമിഴ്ചിത്രങ്ങളിൽ അഭിനയിക്കുന്നതിനും സുരയ്യായ്ക്കു ഉദ്ദേശമുണ്ട്.

ഇരുപത്തിഒന്നുവയസ്സു പ്രായമുണ്ടെങ്കിലും സുരയ്യാ അവിവാഹിതയാണ്. പ്രതിദിനം അവർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന പ്രേമാഭ്യർത്ഥനകൾക്കു കയ്യുംകണക്കുമില്ല. അടുത്തകാലത്തു് സുരയ്യായെ ഭാര്യയായി ലഭിക്കുവാൻവേണ്ടി ഒരു കാമുകനായ ഷാസാദാ ഇഫ്തിക്കർ അവരുടെ പടിക്കൽ സത്യഗ്രഹം അനുഷ്ഠിക്കുകയും പരാജയപ്പെട്ടു് പിൻതിരിയുകയുംചെയ്തു. ഇപ്പോൾ ദേവ് ആനന്ദ് എന്ന നടനും സുരയ്യായുംതമ്മിലുള്ള പ്രേമബന്ധത്തെപ്പറ്റി പല കഥകളും പ്രചരിച്ചുകൊണ്ടിരിക്കുന്നു. "സനാം'' എന്ന പുതിയചിത്രത്തിൽ അവർ ഇരുവരുംകൂടി അഭിനയിച്ചുകൊണ്ടിരിക്കുന്നു. ജാതീയമായ പ്രതിബന്ധമാണ് സുരയ്യായുടേയും ദേവാനന്ദിന്റേയും വിവാഹത്തെ വിളംബപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്. ഏതായാലും വിവാഹംനടന്നാൽ സുരയ്യാ ചലച്ചിത്രാഭിനയത്തിൽനിന്നു് വിരമിക്കുമെന്നു ഒരു അഭിമുഖസംഭാഷണമദ്ധ്യേ അവർ പ്രസ്താവിച്ചിട്ടുണ്ട്. വിവാഹംനിമിത്തം അവരുടെ കലാസേവനങ്ങൾക്കു ഭംഗം സംഭവിക്കുമെങ്കിൽ അവർ അവിവാഹിതയായി കഴിഞ്ഞുകൂടിയാൽ മതിയായിരുന്നു. കലയുടെ ആപ്തമിത്രമായ സുരയ്യാ കലയെ ഉപേക്ഷിക്കാതിരുന്നെങ്കിൽ അതു് ഒരു അനുഗ്രഹമായിരിക്കും.

—:o:—

## വാർത്തകൾ

ആലപ്പുഴ ഉദയാസ്റ്റുഡിയോവിലുള്ള ശബ്ദഗ്രഹണയന്ത്രം മാറ്റി പുതിയ ആർ. സി. ഏ. സാമഗ്രികൾ സ്ഥാപിക്കുവാൻ സ്റ്റുഡിയോഭാരവാഹികൾ തീരുമാനിച്ചിരിക്കുന്നു. ഭാവിയിൽ ഉദയാസ്റ്റുഡിയോവിൽ നിർമ്മിക്കപ്പെടുന്ന ചിത്രങ്ങൾക്കെങ്കിലും സ്വനപതിപ്പിന്റെ വൈകല്യങ്ങൾ സംഭവിക്കുകയില്ലെന്നു പ്രതീക്ഷിക്കാം.

* * *

പക്ഷിരാജാസ്റ്റുഡിയോവിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന "പ്രസന്ന'' എന്ന മലയാളചലച്ചിത്രത്തിന്റെ നിർമ്മാണം മിക്കവാറും പൂർത്തിയായിട്ടുണ്ട്. പ്രസന്നയ്ക്കുശേഷം മറ്റൊരു മലയാളചിത്രംകൂടി പ്രസ്തുത സ്റ്റുഡിയോവിൽ നിർമ്മിക്കുന്നതിനു് ആലോചിക്കുന്നുണ്ട്.

* * *

വാഹിനി സ്റ്റുഡിയോവിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണപ്രൊഡക്ഷൻസിന്റെ "ചന്ദ്രിക'' എന്നചിത്രത്തിന്റെ പ്രദർശനം ഓണക്കാലത്തു ആരംഭിക്കുന്നതാണ്.

* * *

ജെമിനി സ്റ്റുഡിയോവിൽ നിർമ്മിച്ചുകൊണ്ടിരുന്ന "ഔവ്വയാർ'' എന്ന തമിഴ്ചിത്രം പൂർത്തിയായിരിക്കുന്നു.

* * *

വിജയാപ്രൊഡക്ഷൻസ് "പാതാളഭൈരവി'' എന്നൊരു തമിഴ്ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. കെ. വി. റെഡ്ഡിയാണ് ഈ ചിത്രം ഡയറക്ടുചെയ്യുന്നതു്.

* * *

"ശിപാഹിയാ'' എന്ന ചിത്രം പൂർത്തിയായശേഷം സൂപ്പർപിക്ചേഴ്സ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ചിത്രങ്ങൾ "അല്ലാക്ക് നിരഞ്ജൻ'' "ബഡീബഹൻ'' എന്നിവയാണ്. "അല്ലാക്ക് നിരഞ്ജനിൽ'' ദുർഗ്ഗാഖോട്ടെ, തിരുവായ് സപ്രൂ, അരുൺ, ഉൽഹാസ്, എന്നിവർ അഭിനയിക്കും. "ബഡീബഹനി''ൽ യാക്കൂബ്, ആഗാ എന്നിവർ പ്രധാനഭാഗങ്ങളിൽ അഭിനയിക്കുന്നതാണ്.

* * *

വാഹിനി സ്റ്റുഡിയോക്കാരുടെ "മല്ലേശ്വരി'' എന്ന തെലുങ്കുചിത്രത്തിന്റെ പ്രദർശനം താമസംവിനാ ആരംഭിക്കുന്നതാണ്.

* * *

കൃഷ്ണവേണി, നാരായണറാവു തുടങ്ങിയവർ അഭിനയിച്ചിട്ടുള്ള "ലക്ഷ്മമ്മ'' എന്ന തെലുങ്കുചിത്രത്തിന്റെ തമിഴ്പതിപ്പിന്റെ പ്രദർശനം ഉടനെ ആരംഭിക്കുന്നതാണ്.

* * *

"വാഴ്കൈ'' എന്ന തമിഴ്ചിത്രത്തിന്റെ തെലുങ്കിലുള്ള നിർമ്മാണം അടുത്തുതന്നെ പൂർത്തിയാകും. തെലുങ്ക് വാഴ്കൈയിൽ ടി. ആർ. രാമചന്ദ്രൻ, കുമാരി വൈജയന്തിമാല, വരലക്ഷ്മി, നാരായണറാവു, സി. എസ്സ്. ആർ. എന്നിവർ അഭിനയിക്കുന്നു.

* * *

രാംനാഥ് ഡയറക്ടുചെയ്ത "ഏഴൈപെടുംപാടിന്റെ'' നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കുമാരി രാജം, നാഗയ്യാ, ബാലയ്യാ തുടങ്ങിയവരാണ് പ്രധാനനടീനടന്മാർ.

* * *

ഗോപാലകൃഷ്ണാ ഫിലിംസിന്റെ "വീരഘടോൽകച്'' എന്ന ഹിന്ദിചിത്രത്തിന്റെ തമിഴ്പതിപ്പായ വത്സലാകല്യാണം താമസംവിനാ പ്രദർശനത്തിനു തയാറാവുന്നതാണ്.

* * *

മി. രമൺലാൽദേശായ് ഡയറക്ടുചെയ്യുന്ന "സംഗീതാ'' എന്ന ചിത്രത്തിൽ നിഗർസുൽത്താനാ, ശ്യാം, രാംസിംഗ്, മുംതാസ്അലി പ്രാൻ മുതലായവർ പ്രത്യക്ഷപ്പെടുന്നു. സുധാപിക്ചേഴ്സിന്റെ ഈ ചിത്രത്തിന്റെ കഥയും ഗാനങ്ങളും സന്തോഷിയാണ് രചിച്ചിട്ടുള്ളതു്.

* * *

അമ്പിഷിയസ് പിക്ചേഴ്സ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന "ബാവരേനിയൻ'' ഒരു ഉന്നതചിത്രമായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. രാജ്കപൂർ, ഗീതാബാലി, വിജയലക്ഷ്മി, ജസ്വന്ത് എന്നിവർ അഭിനയിക്കുന്ന ഈ ചിത്രം മി. കിദാർശർമ്മാ ഡയറക്ടുചെയ്യുന്നു.

* * *

സിനിമാപ്രദർശനശാലകളിൽ കാണിക്കുന്ന സ്ലൈഡുകളിൽ പത്തുശതമാനം നികുതിപിരിക്കുവാൻ ബോംബെ മുൻസിപ്പൽകാർപ്പറേഷൻ തീരുമാനിച്ചിരിക്കുന്നു. ഈ ഇനത്തിൽനിന്നു ഒന്നരലക്ഷംരൂപാ വരുമാനംലഭിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

* * *

"ജാൻപഹച്ചാൻ'' എന്ന ഉത്കൃഷ്ടചിത്രത്തെ തുടർന്നു സുരയ്യായും ദേവ് ആനന്ദും അഭിനയിക്കുന്ന "സനാം'' എന്ന ചിത്രത്തിന്റെ നിർമ്മാണം യുണൈറ്റഡ് ടെക്നീഷ്യൻസ് ആരംഭിച്ചുകഴിഞ്ഞു. ഈ ചിത്രം ഡയറക്ടുചെയ്തുകൊണ്ടിരിക്കുന്നതു് നന്ദലാൽജസ്വന്തലാലാണ്.

—o—

# * സഹിപ്പതെങ്ങനെ?

—o—

**ജഗതി വേലായുധൻനായർ**

(അന്നനട)

വിലാപപൂർണ്ണമീയവസ്ഥ—കൈരളീ-
കലാവിലാസിനി, സഹിപ്പതെങ്ങനെ?!
പ്രഭാഷണങ്ങളാലിവളെ നല്ലൊരു-
'സുഭാഷിണി'യാക്കിച്ചമച്ച പൂരുഷൻ,
വിമർശനങ്ങളാലിവളെയെപ്പൊഴും-
സമർത്ഥയാക്കിയ വചോവിചക്ഷണൻ,
പ്രകൃഷ്ടചിന്തയാൽ, വിശാലവീക്ഷണ-
പ്രബുദ്ധയാക്കിയ പ്രബോധദേശികൻ,
വിദ്ഗ്ദ്ധഗീതിയാലിവൾക്കു,നവ്യമാം-
കലാംശുവീശിയ വിമതഭാസ്കരൻ,
മരന്ദസുന്ദരമധുരഗാനങ്ങ-
ളൊരോന്നുപാടിയ വിലാസകോകിലം;
പറന്നകന്നു —ഹാ! മറഞ്ഞുകാലമാം-
മാവി-ലയ്യയ്യോ! വിമുക്തിസീമയിൽ!
വിലാപപൂർണ്ണമീയവസ്ഥ—കൈരളീ-
കലാവിലാസിനി, സഹിപ്പതെങ്ങനെ?!
പറന്നുപോരുകില്ലിനിയുമൊട്ടുമാ-
പരഭൃതം—മയ്യോ! പിരിഞ്ഞുപോയെന്നോ?
വരികയില്ലെന്നോ-,വിരവിലിന്നിയാ-
വരിഷ്ഠവൈഭവകലാവിഭൂതികൾ!
വിരിയുകില്ലൊരു സ്വരവുമിന്നിയാ-
വിപഞ്ചികയുടെ വിദഗ്ദ്ധതന്ത്രിയിൽ!
ഉയരുകില്ലൊരു മധുരഗീതവു-
മുയർന്നസംരംഭമതിങ്കലിന്നിമേൽ!
മുരളുകില്ലയാം, സമർത്ഥസാഹിതീ-
സുരസുമരസമധുപനല്ലവും!
സരിക്കുകില്ലയാം, പ്രഗത്ഭയായിനി;
സമസ്തവുമമരിഞ്ഞടങ്ങി;-ശാന്തമായ്!!
വിലാപപൂർണ്ണമീയവസ്ഥ—കൈരളീ-
കലാവിലാസിനി, സഹിപ്പതെങ്ങനെ?!
സമർത്ഥനായൊരു കലാവിചക്ഷണൻ,
പുമർത്ഥസാധകപ്രഗത്ഭസത്തമൻ,
പ്രമാഥിയായൊരു സ്'പത്ര'നായകൻ,
ക്രമത്തിലെന്തിലും വിമർശകേക്ഷണൻ,
നിജാഭിമാനസംഭരണകോവിദൻ,
പ്രജാവകാശഭീകരരണയോധൻ,
സ്വരാജ്യസേവനചതുരനീവിധം-
പരാത്മമായ്പ്പുലേ മഹാതലങ്ങളിൽ
വിരാജമാനനിന്നപഹൃതനിതാ,
കഠോരകാലത്തിൻകരങ്ങളാലയ്യോ!
വിലാപപൂർണ്ണമീയവസ്ഥ—കൈരളീ-
കലാവിലാസിനി, സഹിപ്പതെങ്ങനെ?!
നിയതിതൻകൊടുനിയമമുദ്രിത-
പ്രിയമിഴിയിനിത്തുറക്കുകില്ലതാൻ!
ഉയർന്നുയർന്നുപോയലോകശോഭയിൽ-
ലയിക്കുമാത്മാവിന്നനശ്വരമാവുകം!...!!!

* 'സുഭാഷിണി' പത്രാധിപരായിരുന്ന ശ്രീ: പി. കെ. ഗോവിന്ദപ്പിള്ള അവർകളുടെ മരണത്തിൽ അനുശോചിച്ചു് എഴുതിയതു്.

# പുതിയ പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 1. | തോട്ടിയുടെ മകൻ (രണ്ടാംപതിപ്പ്)<br>ഗ്രന്ഥകർത്താ—തകഴി. | 2 | 0 | 0 |
| 2. | ദശാപഹാരാലോചനം<br>ഗ്രന്ഥകർത്താ—കെ. കെ. കുഞ്ഞുണ്ണിമേനോൻ ബി. ഏ.<br>(പരാശ്രയംകൂടാതെ, ഫലഭാഗം പഠിക്കുവാനുള്ള ഒരു പുതിയ ജ്യോതിഷപുസ്തകം) | 1 | 0 | 0 |
| 3. | വെറും പ്രേമം<br>ഗ്രന്ഥകർത്രി—വാൻഡാ വാസിലേവ്സ്കാ. വിവർത്തക:—കെ പി പത്മം. (മർദ്ദനവും കഷ്ടപ്പാടുമില്ലാത്ത പുതിയൊരു സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടി പടവെട്ടുന്ന ഇന്നാട്ടിലെ സഹോദരികൾ ഈ നോവൽ ഒന്നു വായിക്കട്ടെ!!) | 2 | 0 | 0 |
| 4. | പ്രേമവേദി<br>(പ്രേമ്ചന്ദിന്റെ ഒരു ചെറിയ പ്രഹസനം) വിവർത്തകൻ:—ഇ. കെ. ദിവാകരൻപോററി. | 0 | 12 | 0 |
| 5. | മാലതി—നോവൽ (പുതിയ പതിപ്പ്)<br>ഗ്രന്ഥകർത്താ: ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ. | 0 | 12 | 0 |
| 6. | മഹാത്മാഗാന്ധി (പുതിയ പതിപ്പ്)<br>ഗ്രന്ഥകർത്താ: കെ. പി. കേശവമേനോൻ. | 1 | 8 | 0 |
| 7. | ഗോപാലകൃഷ്ണഗോഖലെ (പുതിയ പതിപ്പ്)<br>ഗ്രന്ഥകർത്താ:—കെ. പി. കേശവമേനോൻ. | 0 | 8 | 0 |
| 8. | കളമ്പടി (കവിതകൾ)<br>ഗ്രന്ഥകർത്താ:—ഒളപ്പമണ്ണ. | 0 | 12 | 0 |
| 9. | പ്രൊഫസർ<br>ഗ്രന്ഥകർത്താ:—ജോസഫ് മുണ്ടശ്ശേരി. (ലോകകക്ഷിയിൽ ഉന്നതപദവിക്കാരനായ ഒരു പ്രഫസറുടെ ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്കിറങ്ങിനോക്കി, അദ്ദേഹമനുഭവിക്കുന്ന യാതനകളേയും സാമ്പത്തികപരിണാമങ്ങളിൽ അടിയുറച്ചുനിൽക്കുന്ന ജനതയുടെ നീതിസംഹിതയേയും സമർത്ഥമായി ചിത്രീകരിക്കുന്ന ഒരു കൊച്ചുനോവൽ.) | 1 | 0 | 0 |

മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.


## ശ്രീരാമവിലാസം
### ടൈപ്പ് ഫൌണ്ടറി

—o—

28-പായിൻറ്, 18-പായിൻറ്, 14-പായിൻറ്, 12-പായിൻറ്, 10-പായിൻറ് ഈ അഞ്ചിനം മലയാളം ടൈപ്പുകളും ഇംഗ്ലീഷിലും, തമിഴിലും ഉള്ള അനവധി ഇനം ഹെഡിംഗു ടൈപ്പുകളും ടി പായിൻറുകളിലുള്ള പലയിനം റോമൻടൈപ്പുകളും അനേകംജാതി ബാർഡറുകളും ഇവിടെ എപ്പോഴും കിട്ടുന്നതാണ്.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.


Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.